# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



ഒക്ടോബർ 16 – വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ


Vol. LXXIV October 2024 No. 10



മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികാഘോഷങ്ങളുടെ ഭാഗമായി
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പരിശുദ്ധ കുർബ്ബാന അർപ്പിക്കുന്നു.



മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം സീറോ മലങ്കരസഭാ മേജർ ആർച്ച് ബിഷപ്
കർദ്ദിനാൾ ബസേലിയോസ് മാർ ക്ലീമീസ് കതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.




ലോക ഹൃദയാരോഗ്യദിനത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റിയിൽ കാർഡിയോളജി വിഭാഗത്തെയും കാർഡിയാക് സർജറി വിഭാഗത്തെയും യോജിപ്പിച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് കാർഡിയാക് സയൻസസിന്റെ പ്രഖ്യാപനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവ്വഹിക്കുന്നു.







പാലാ രൂപതയുടെ പ്ലാറ്റിനംജൂബിലിയോടനുബന്ധിച്ച് പാലാ ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽവച്ചു നടത്തിയ പള്ളി ശുശ്രൂഷകരുടെയും ജീവനക്കാരുടെയും സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സന്ദേശം നൽകുന്നു.



പാലാ അൽഫോൻസിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചുനടന്ന പ്രിസ്ബിറ്ററൽ കൗൺസിലംഗങ്ങളുടെ
സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സംസാരിക്കുന്നു.



പാലാ അൽഫോൻസിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചുനടന്ന പാസ്റ്ററൽ കൗൺസിലംഗങ്ങളുടെ
സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സംസാരിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**OCTOBER 2024**
**Vol. LXXIV No. 10**

# CONTENTS


സർക്കുലർ 327 ........................................ 731

സർക്കുലർ 328 ........................................ 737

സർക്കുലർ 329 ........................................ 743

സർക്കുലർ ........................................ 746

ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക് ........................................ 758

അറിയിപ്പ് ........................................ 759

Collection List ........................................ 760

വാർത്തകൾ ........................................ 767

ആദരാഞ്ജലികൾ ........................................ 802

അഭിവന്ദ്യപിതാവിന്റെ ഡയറി ........................................ 809

സർക്കുലർ- 327

# ഉഹ്ദാന
# പാലാ രൂപത പ്ലാറ്റിനം ജൂബിലി ലിറ്റർജിക്കൽ ക്വിസ്

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

തിരുസ്സഭയുടെ ഏറ്റവും ശ്രേഷ്ഠമായ പ്രവൃത്തി ദൈവാരാധനയാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നതുപോലെ സഭയുടെ പ്രവർത്തനംതന്നെ ആരാധനക്രമമാകുന്ന അത്യുച്ചസ്ഥാനത്തേക്കാണു തിരിഞ്ഞിരിക്കുന്നത്. അവളുടെ ശക്തി മുഴുവൻ നിർഗളിക്കുന്നതും അവയിൽ നിന്നാണ് (SC #10). അതിനാൽ, ക്രൈസ്തവജീവിതത്തിൽ കേന്ദ്രസ്ഥാനം ദൈവാരാധനയ്ക്കുണ്ട്. ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും മകുടവും (totius vitae christianae fontes et culmen) ദൈവാരാധനയാണ്.

ദൈവാരാധനയുടെ വിഷയം സഭയുടെ വിശ്വാസമാണ്. 'പ്രാർത്ഥനയുടെ നിയമം, വിശ്വാസത്തിന്റെ നിയമം' (Lex orandi, lex credendi) എന്ന പുരാതനമായ ചൊല്ല് ഈ സത്യത്തെ വിളിച്ചോതുന്നതാണ്. സഭയുടെ വിശ്വാസത്തിന്റെയും ദൈവാരാധനയുടെയും ഉറവിടം പെസഹാരഹസ്യത്തിലുള്ള മിശിഹായുടെ സ്വയംദാനം എന്ന ഏകസംഭവമാണ്. സഭയുടെ മൊത്തത്തിലുള്ള വിശ്വാസപ്രഖ്യാപനംതന്നെയാണ് ദൈവാരാധന, പ്രത്യേകിച്ച് വി. കുർബാനയുടെ ആഘോഷം. വി. കുർബാനയെ ദൈവാരാധനയുടെ രത്നച്ചുരുക്കം എന്ന് വിശേഷിപ്പിക്കുന്നതും അതുകൊണ്ടാണ്. ദൈവത്തിന്റെ രക്ഷാകരപദ്ധതിയെ അനുസ്മരിച്ചുകൊണ്ട് സൃഷ്ടികർമ്മം, ഈശോയുടെ മനുഷ്യാവതാരം, രഹസ്യജീവിതം, പരസ്യജീവിതം, പീഡാസഹനം, മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം,

പുനരാഗമനം എന്നിവയുടെയെല്ലാം ഓർമ്മയാഘോഷിക്കുക എന്നതാണ് ദൈവാരാധനയിൽ ചെയ്യുന്നത്. ദൈവാരാധന മിശിഹാസംഭവത്തിന്റെ ആഘോഷമാണ്. നമ്മുടെ രക്ഷയുടെ ഓർമ്മയാചരണമാണ്.

നവസുവിശേഷവത്കരണത്തിനു ദൈവാരാധനയിലുള്ള പരിശീലനവും ദൈവാരാധനയെക്കുറിച്ചുള്ള പ്രബോധനവും ഏറെ ആവശ്യമാണ്. ദൈവാരാധനയാണ്, ലിറ്റർജിയാണ്, സഭയുടെ ആത്മീയശക്തിയെ വിപുലീകരിക്കുന്നത്. അതിനാൽത്തന്നെ ആരാധനക്രമവിശ്വാസപരിശീലനം നിരന്തരം ആവശ്യമായ കാര്യമാണ്. സഭയുടെ ആരാധനക്രമത്തിന്റെ ശ്രേഷ്ഠതയും അനന്യതയും അർത്ഥവും മനസ്സിലാക്കാനും ആരാധനയുടെ ആഴങ്ങളിലേക്കു ചൂഴ്ന്നിറങ്ങാനും അതുവഴി ആത്മീയ ഉണർവ് കൈവരിക്കാനും ദൈവാരാധനയെ ആഴത്തിൽ പഠിച്ചറിയുന്നതു സഹായിക്കും. അതിനാൽ, നമ്മുടെ രൂപതയുടെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളുടെ ഭാഗമായി 'ഉഹ്ദാന' എന്നപേരിൽ ഒരു ലിറ്റർജിക്കൽ ക്വിസ് രൂപതയിലെ മുഴുവൻ ദൈവജനത്തിനുമായി നടത്തുകയാണ്. ദൈവാരാധനയെക്കുറിച്ച്, പ്രത്യേകിച്ച് വി. കുർബാനയെക്കുറിച്ച് ശരിയായ പ്രബോധനം നൽകുകയും അതുവഴിയായി നമ്മുടെ രൂപതയിലെ ദൈവാരാധന കൂടുതൽ ജീവാത്മകമാക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ ക്വിസിന്റെ ലക്ഷ്യം. നമ്മുടെ രൂപതയുടെ മീഡിയ കമ്മീഷൻ വഴിയായി നൽകുന്ന ദൈവാരാധനയെക്കുറിച്ചുള്ള പഠനപരമ്പരയെ അടിസ്ഥാനമാക്കി ആയിരിക്കും ഈ ക്വിസ് നടത്തപ്പെടുന്നത്. ഇടവക, ഫൊറോന, രൂപതാതലങ്ങളിലായി ഏപ്രിൽ, മെയ് മാസങ്ങളിലായിരിക്കും ഈ ക്വിസ് നടത്തുന്നത്. 5 ലക്ഷത്തോളം രൂപ ഈ ക്വിസിന്റെ സമ്മാനമായി നൽകുന്നുണ്ട്. പ്രായഭേദമന്യെ എല്ലാവരും ഈ ക്വിസിൽ നന്നായി ഒരുങ്ങി പങ്കെടുക്കണം. ഈ വരുന്ന മാസങ്ങളിൽ നൽകപ്പെടുന്ന ദൈവാരാധനയെക്കുറിച്ചുള്ള പഠനപരമ്പര കുടുംബക്കൂട്ടായ്മകളിലും ഭക്തസംഘടനായോഗ

ങ്ങളിലും വിചിന്തനത്തിനു വിഷയമാക്കണം. ബഹുമാനപ്പെട്ട വൈദികരും സിസ്റ്റേഴ്സും ഭക്തസംഘടനകളുടെ ഭാരവാഹികളും വലിയ ശ്രദ്ധ ഈ കാര്യത്തിൽ കാണിക്കണമെന്ന് താത്പര്യപ്പെടുന്നു. 'നിന്റെ പെസഹാരഹസ്യത്തിൽ സജീവമായി പങ്കെടുക്കുന്ന ഞങ്ങളെ സ്വർഗ്ഗരാജ്യത്തിന് അവകാശികൾ ആക്കുകയും ചെയ്യേണമേ' എന്ന് ഏലിയ സ്ലീവാ മൂശാക്കാലങ്ങളിൽ വിശുദ്ധ കുർബാനയിൽ നാം പ്രാർത്ഥിക്കുന്നുണ്ടല്ലോ. നമ്മുടെ കർത്താവും ദൈവവുമായ ഈശോമിശിഹായുടെ പെസഹാരഹസ്യത്തിന്റെ അനുസ്മരണാഘോഷത്തിൽ, ഉഹ്ദാനയിൽ, സജീവമായി പങ്കെടുക്കാൻ ഈ ക്വിസിലെ പങ്കാളിത്തത്തിനുവേണ്ടിയുള്ള ഒരുക്കം സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,



മെത്രാസനമന്ദിരം
പാലാ, 27.09.2024

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

---

NB: ഈ സർക്കുലർ സെപ്റ്റംബർ 29-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കാൻ നല്കപ്പെട്ടത്.

# നിബന്ധനകൾ

1. പാലാ രൂപതാംഗങ്ങൾക്കാണ് ഈ ക്വിസിൽ പങ്കെടുക്കാവുന്നത്.
2. ഈ ക്വിസിൽ പങ്കെടുക്കുന്നവരെ രണ്ടു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു

   ■ A വിഭാഗം : 2007 ജനുവരി 1 നോ അതിനു ശേഷമോ ജനിച്ചവർ.

   ■ B വിഭാഗം : 2007 ജനുവരി 1 നു മുമ്പ് ജനിച്ചവർ.
3. ഇടവക, ഫൊറോന, രൂപതാതലങ്ങളിലായി മൂന്നു ഘട്ടമായാണ് ക്വിസ് നടത്തപ്പെടുന്നത്.
4. ഒന്നാമത്തെ ഘട്ടം ഇടവകതലത്തിൽ ഓൺലൈനായി നടത്തപ്പെടുന്ന വ്യക്തിഗതമത്സരമാണ്.
5. 2025 ഏപ്രിൽ 6 ഞായറാഴ്ച രാത്രി 7.30 മുതൽ 8.30 (IST) വരെയുള്ള സമയത്താണ് ഇടവകതലത്തിലുള്ള ഓൺലൈൻ ക്വിസ്. ഈ മത്സരത്തിൽനിന്ന് ഫൊറോനാതലമത്സരത്തിലേക്കു തിരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുവിവരങ്ങൾ 2025 ഏപ്രിൽ 13നു പ്രസിദ്ധീകരിക്കുന്നതാണ്.
6. ഇടവകതലമത്സരത്തിൽ ഓരോ വിഭാഗത്തിലും ആദ്യസ്ഥാനങ്ങളിൽ എത്തുന്ന നാലുപേർക്ക് ഫൊറോനാതല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
7. ഇടവകതലമത്സരത്തിൽ ഓരോ വിഭാഗത്തിലും ആദ്യസ്ഥാനങ്ങളിൽ എത്തുന്ന നാലുപേരിൽ ആദ്യത്തെ രണ്ടുപേർ ചേർന്ന് ഒരു ടീമായും അടുത്ത രണ്ടുപേർ ചേർന്ന് രണ്ടാമത്തെ ടീമായുമാണ് ഫൊറോനതല മത്സരത്തിൽ പങ്കെടുക്കേണ്ടത്.
8. ഇടവകതലമത്സരത്തിൽ ഒന്നിലധികം പേർക്ക് ഒരേ മാർക്ക് വന്നാൽ ഉത്തരം പൂർണ്ണമാക്കി സമർപ്പിച്ച സമയം പരിഗണിച്ച് സ്ഥാനങ്ങൾ നിശ്ചയിക്കുന്നതാണ്.

9. ഫൊറോനതലമത്സരം 2025 മെയ് 4 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2.30 ന് ഫൊറോനാകേന്ദ്രങ്ങളിൽ വച്ചു നടത്ത പ്പെടുന്നതാണ്.
10. ഫൊറോനതലമത്സരത്തിൽ പങ്കെടുക്കുവാൻ വരുന്നവർ തങ്ങളുടെ ഇടവകാംഗത്വം തെളിയിക്കുന്ന, ബഹു. വികാരി യച്ചന്മാരുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
11. ക്വിസ് മാസ്റ്റർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ടീം ഉത്തര മെഴുതുന്ന രീതിയായിരിക്കും ഫൊറോനതലമത്സരത്തിൽ പിന്തുടരുന്നത്.
12. രൂപതയിൽനിന്നു നിശ്ചയിക്കുന്ന ക്വിസ് മാസ്റ്ററാണ് ഫൊറോനതലമത്സരം നടത്തുന്നത്.
13. ഫൊറോനതലമത്സരത്തിൽ ഓരോ വിഭാഗത്തിലും ആദ്യ സ്ഥാനങ്ങളിലെത്തുന്ന മൂന്ന് ടീമുകൾക്ക് രൂപതാതല മത്സരത്തിൽ (Grand Finale) പങ്കെടുക്കാവുന്നതാണ്.
14. രൂപതാതലമത്സരം 2025 മെയ് 24 ശനിയാഴ്ച, 10.00 am ന് ചൂണ്ടച്ചേരി സെന്റ് ജോസഫ് എൻജി നീയറിങ് കോളേജിൽ വച്ചാണ് നടത്തുന്നത്.
15. രൂപതാതലമത്സരം രണ്ടു ഘട്ടങ്ങളിലായാണു നടത്തു ന്നത്. ഒന്നാമത്തെ ഘട്ടത്തിൽ ക്വിസ് മാസ്റ്റർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ടീം ഉത്തരമെഴുതുന്ന രീതിയായിരിക്കും പിന്തുടരുന്നത്. ഈ മത്സരത്തിന്റെ ആദ്യഘട്ടത്തിൽ ഓരോ വിഭാഗത്തിലും ആദ്യ 5 സ്ഥാനങ്ങളിൽ എത്തുന്ന ടീമുകളെ ഉൾപ്പെടുത്തി ഉഹ്ദാന - ലിറ്റർജിക്കൽ ക്വിസിന്റെ അവസാനഘട്ടം (Grand Finale) ഓഡിയോ വിഷ്വൽ രീതികൾ ഉൾപ്പെടുത്തി നടത്തുന്നതായിരിക്കും.
16. പാലാ രൂപതയുടെ Media Commission വഴി നൽകുന്ന ദൈവാരാധനയെക്കുറിച്ചുള്ള പഠനപരമ്പരയെ അടി സ്ഥാനമാക്കിയായിരിക്കും എല്ലാ തലങ്ങളിലുമുള്ള ക്വിസ് നടത്തപ്പെടുന്നത്.

17. ഉഹ്ദാന - ലിറ്റർജിക്കൽ ക്വിസിന്റെ Grand Finale ൽ വിജയിക്കുന്ന ടീമുകൾക്കുള്ള സമ്മാനങ്ങൾ ഓരോ വിഭാഗത്തിനും താഴെപ്പറയുന്ന വിധം നൽകുന്നതാണ്.

| | |
|---|---|
| ഒന്നാം സമ്മാനം | 1,00,000 രൂപ |
| രണ്ടാം സമ്മാനം | 50,000 രൂപ |
| മൂന്നാം സമ്മാനം | 25,000 രൂപ |
| നാലാം സമ്മാനം | 10,000 രൂപ |
| അഞ്ചാം സമ്മാനം | 5000 രൂപ |

18. ഉഹ്ദാന - ലിറ്റർജിക്കൽ ക്വിസിന്റെ രൂപതാതലമത്സരത്തിൽ പങ്കെടുക്കുന്ന മറ്റെല്ലാ ടീമുകൾക്കും 1000 രൂപ വീതം പ്രോത്സാഹനസമ്മാനം നൽകുന്നതായിരിക്കും.

19. പെരിയ ബഹു. ജോസഫ് മലേപ്പറമ്പിലച്ചന്റെ മേൽനോട്ടത്തിൽ ഫാ. ജോസഫ് അരിമറ്റത്തിൽ (കൺവീനർ), ഫാ. ജോസഫ് കുറ്റിയാങ്കൽ, ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ, ഫാ. ഡോൺ ബോസ്കോ കണ്ടത്തിൽക്കുടിലിൽ, ഫാ. ജെയിംസ് പനച്ചിക്കൽകരോട്ട്, ഫാ. ജോസഫ് മണർകാട്ട് എന്നിവരടങ്ങുന്ന കമ്മറ്റിയാണ് മത്സരത്തിന് മേൽനോട്ടം വഹിക്കുന്നത്. ലിറ്റർജിക്കൽ ക്വിസുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും ഈ കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

20. ക്വിസുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് 8089464537 (ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ) എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

സർക്കുലർ 328

# മാർ സ്ലീവാ മെഡിസിറ്റി ആറാം വർഷത്തിലേക്ക്

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

ആധുനികകാലം നേരിടുന്ന പ്രധാന വെല്ലുവിളികളാണ് രോഗാതുരമായ വ്യക്തിയും സമൂഹവും. രോഗം വരാതിരിക്കുവാനുള്ള കരുതലെടുക്കുന്നതുവഴി രോഗത്തെ ഇല്ലാതാക്കുകയാണ് നാം ചെയ്യുന്നത്. കടലോരങ്ങളിലും സമതലങ്ങളിലും വചനം പ്രസംഗിച്ചതിനോടൊപ്പം അനേകരെ സുഖപ്പെടുത്തുവാനും ഈശോയ്ക്കു സാധിച്ചു. ജീവനുണ്ടാകുവാനും അത് സമൃദ്ധമായുണ്ടാകുവാനുമാണ് (യോഹ 10 :10) അവിടുന്ന് മനുഷ്യനായി അവതരിച്ചത്.

മനുഷ്യരുടെ വേദനകൾക്ക് അറുതി വരുത്തുന്നതോടൊപ്പം ഏറ്റവും പുതിയതും മികച്ചതുമായ ചികിത്സകൾ കുറഞ്ഞ നിരക്കിൽ നമ്മുടെ പ്രദേശത്തുള്ളവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി മൂല്യാധിഷ്ഠിതനിലപാടുകളിൽ അടിത്തറയുറപ്പിച്ച് പാലാ രൂപത ആരംഭിച്ച മാർ സ്ലീവാ മെഡിസിറ്റിക്ക് അഞ്ചു വർഷം മികച്ച നിലവാരത്തോടെ പ്രവർത്തിക്കുവാൻ സാധിച്ചതിൽ നമുക്കൊരുമിച്ചു ദൈവത്തിനു നന്ദി പറയാം.

മധ്യതിരുവിതാംകൂറിലെ മികച്ച ആതുരാലയങ്ങളിലൊന്നായി സ്ഥാനം നേടിയ മാർ സ്ലീവാ മെഡിസിറ്റി ഇന്ന് രണ്ടായിരത്തിലധികം രോഗികളെ ഒ.പി. വിഭാഗത്തിൽ ഒരു ദിവസം ശുശ്രൂഷിക്കുന്നുണ്ട്. ഐ.പി. വിഭാഗത്തിൽ 400 ൽ പരം രോഗികളെയും ദൈനംദിനമെന്നോണം ചികിത്സിക്കുന്നു. 23 സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളും 19 സ്പെഷ്യാലിറ്റി വിഭാഗങ്ങളും സദാജാഗ്രതയോടെ കാവലായി നിൽക്കുന്നു. 200 ഡോക്ടർമാരും 650 നഴ്സിംഗ് സ്റ്റാഫും ഉൾപ്പെടെ രണ്ടായിര

ത്തോളം പേരാണ് രോഗീപരിചരണത്തിൽ ശ്രദ്ധാലുക്കളായി പ്രവർത്തിക്കുന്നത്.

തൃശൂർമുതൽ പത്തനംതിട്ടവരെയും ഇടുക്കിമുതൽ ആലപ്പുഴവരെയും കോട്ടയം ജില്ല മുഴുവനായുമുള്ള രോഗികൾ മാർ സ്ലീവാ മെഡിസിറ്റിയിൽ ചികിത്സ തേടി എത്തുന്നുണ്ട്. ചികിത്സയ്ക്കായി എത്തുന്നവരുടെ പരിപൂർണ്ണസൗഖ്യമാണ് നാം ലക്ഷ്യമിടുന്നത്.

ചുരുങ്ങിയ കാലംകൊണ്ട് ലക്ഷക്കണക്കിന് ആളുകൾ ചികിത്സാർഥം നമ്മുടെ ആശുപത്രിയെ സമീപിച്ചിട്ടുണ്ട്. സാമ്പ ത്തികബുദ്ധിമുട്ടുള്ളവർക്ക് സമാശ്വാസമാകാൻ പേട്രൺസ് കെയർ ചാരിറ്റി ഫണ്ടിൽനിന്ന് സഹായവും ചെയ്തു കൊടുക്കു ന്നുണ്ട്.

ക്രൈസ്തവസ്നേഹത്തിന്റെയും ശുശ്രൂഷയുടെയും പരിചരണത്തിന്റെയും സൗമ്യഭാവങ്ങളെ പകർന്നുനൽകുവാൻ നമ്മുടെ ഡോക്ടർമാരും നഴ്സുമാരും സദാ ശ്രദ്ധാലുക്കളായി നിൽക്കുന്നു.

നിരവധി വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും കൂട്ടായ പരിശ്രമങ്ങളുടെ വിജയമാണ് മാർ സ്ലീവാ മെഡിസിറ്റി. ആശുപത്രിയുടെ മാനേജിംഗ് ഡയറക്ടറായി പ്രവർത്തിക്കുന്ന മോൺ. ഡോ. ജോസഫ് കണിയോടിക്കലിന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട വൈദികർ നൽകുന്ന സേവനങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്.

മാർ സ്ലീവാ മെഡിസിറ്റി എന്ന ആശയത്തെ സഫല മാക്കിത്തീർക്കുവാൻ പ്രയത്നിച്ച ആദരണീയരായ റവ.ഫാ. അബ്രഹാം കണിയാംപടിക്കൽ, റവ.ഫാ. ഫിലിപ്പ് ഞരളക്കാട്ട്, റവ.ഫാ.ജോസഫ് കുഴിഞ്ഞാലിൽ, റവ. ഫാ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ എന്നിവരെയും അവരോടൊപ്പം പ്രവർത്തിച്ച വൈദികരെയും നന്ദിയോടെ മാത്രമേ ഓർമ്മി ക്കാനാകൂ.

ആശുപത്രിയുടെ സ്ഥാപനത്തോടനുബന്ധിച്ച് സ്പോൺസർമാരാകാൻ മുമ്പോട്ട് വന്ന എല്ലാ അഭ്യുദയകാംക്ഷികളായ സുമനസ്സുകളെയും പ്രത്യേകം നന്ദിയോടെ ഓർമ്മിക്കുന്നു. പാലാ രൂപതക്കാരായ എല്ലാവരും തങ്ങളുടെ സാമ്പത്തികസ്ഥിതിയനുസരിച്ച് ഉചിതമായ സംഭാവനകൾ നൽകിയതിന്റെ പൂർണ്ണതയാണ് മാർ സ്ലീവാ മെഡിസിറ്റി. 8 നിലകളിൽ 648 കിടക്കകളോടുകൂടിയ മെഡിസിറ്റി മറ്റൊരു വലിയ ഉത്തരവാദിത്വത്തിലേക്കു കടക്കുകയാണ്. ക്യാൻസർ ചികിത്സയ്ക്കായുള്ള മാർ സ്ലീവാ ക്യാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് അഞ്ച് വർഷം പൂർത്തിയാക്കിയ മാർ സ്ലീവാ മെഡിസിറ്റി രൂപതയോടും ഇടവകകളിലെ വികാരിയച്ചന്മാരോടും അല്മായ സഹോദരങ്ങളോടും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് 12 ഇന കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, സാമൂഹികനീതി എന്നിവയിലൂടെ ഏവരുടെയും ആരോഗ്യം ഉറപ്പാക്കുന്ന വിധത്തിലുള്ള 7 കമ്മ്യൂണിറ്റി സ്കീമുകളും 5 സോഷ്യൽ സ്കീമുകളുമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

**കമ്മ്യൂണിറ്റി സ്കീമുകൾ**

1. മാർ സ്ലീവാ മെഡിസിറ്റിയുടെ ഹോം കെയർ സേവനത്തിന്റെ ഭാഗമായി സാമ്പത്തികബുദ്ധിമുട്ട് നേരിടുന്ന 75 കിടപ്പുരോഗികളെ വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ കണ്ടെത്തി ഭവനത്തിലെത്തി ഗുണനിലവാരമുള്ളതും സൗജന്യമായി പ്രദാനം ചെയ്യുന്നതുമായ ആരോഗ്യസംരക്ഷണ പദ്ധതി നടപ്പാക്കും.

2. ദക്ഷിണേന്ത്യയിൽ കാൽമുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുടെ ആധികാരികകേന്ദ്രമെന്നു പ്രശസ്തമായ

മാർ സ്ലീവാ മെഡിസിറ്റിയിൽ ഈ വർഷം ഇടവകകൾ കണ്ടെത്തുന്ന കുറഞ്ഞ വരുമാനമാർഗമുള്ള 75 പേർക്ക് മിതമായ നിരക്കിൽ ചുവട് 2.0 പദ്ധതിയിലൂടെ കാൽമുട്ട് മാറ്റി വയ്ക്കൽശസ്ത്രക്രിയ നടത്തും.

3. കാഴ്ചപരിമിതരായ 75 പാവപ്പെട്ട രോഗികൾക്ക് ഇടവകകളുടെ നിർദ്ദേശാനുസരണം സൗജന്യതിമിര ശസ്ത്ര ക്രിയ ചെയ്തു കൊടുക്കും.

4. വൃക്കരോഗം ബാധിച്ച് ഗുരുതരാവസ്ഥയിലെത്തി യതും സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ 75 രോഗികൾക്ക് സൗജന്യ ഡയാലിസിസ് ചികിത്സ നൽകുന്ന താണ്.

5. മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ് ആൻഡ് റിസർച്ചിൽ അലൈഡ് ഹെൽത്ത് സയൻസ് കോഴ്സുകളിൽ 2024 അധ്യയനവർഷം പഠനത്തിനു ചേർന്ന വിദ്യാർഥികളിൽ ഓരോ കോഴ്സിൽനിന്ന് അർഹരായ 2 പേരെ വീതം കണ്ടെത്തി ഫീസിന്റെ 40 ശതമാനം സ്കോ ളർഷിപ്പു തുകയായി നൽകും. 2 പി.ജി. കോഴ്സുകളും 6 ഡിഗ്രി കോഴ്സുകളും, വിവിധ ഡിപ്ലോമ ആൻഡ് സർട്ടിഫിക്കറ്റ് കോഴ്സുകളുമാണ് സ്കോളർഷിപ്പ് സ്കീമിൽ ഉൾപ്പെടുന്നത്.

6. ഗ്രാമീണമലയോരമേഖലയിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് പ്രാമുഖ്യം നൽകുവാനായി സ്ഥാപിച്ചിരിക്കുന്ന മേലുകാവുമറ്റത്തെ റൂറൽ മെഡിക്കൽ മിഷൻ മാർ സ്ലീവാ മെഡിസിറ്റി പാലാ അസംപ്ഷൻ മെഡി ക്കൽ സെന്ററിന്റെ നേതൃത്വത്തിൽ മേലുകാവ് പ്രദേശത്ത് കമ്യൂണിറ്റി സ്ക്രീനിംഗ് ക്യാമ്പുകൾ, ബോധവൽക്കരണ ചർച്ചകൾ, കൗൺസലിംഗ്, ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം എന്നിവ നടപ്പിലാക്കും.

7. മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മുട്ടുചിറ ഹോളിഗോസ്റ്റ് ആശുപത്രിയുടെ അത്യാഹിതവിഭാഗം വിപുലീകരിച്ച് പ്രവർത്തനം ആരംഭിക്കും.

**സാമൂഹികപദ്ധതികൾ**

നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളായ എസ്.എം.വൈ.എം, പിതൃവേദി, മാതൃവേദി, പ്രവാസി അപ്പോസ്തലേറ്റ് എന്നിവയുടെ സഹകരണത്തോടെയും ബഹു. വികാരിയച്ചന്മാരുടെ നിർദ്ദേശാനുസരണവും പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

1. 75 ഇടവകകളിൽ മാർ സ്ലീവാ മെഡിസിറ്റിയിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ശ്വാസകോശസംബന്ധമായ രോഗങ്ങൾ, സ്തനാർബുദം, കരൾരോഗങ്ങൾ എന്നിവ കണ്ടെത്തുന്നതിനായി സൗജന്യ മെഡിക്കൽക്യാമ്പും രക്തദാന ക്യാമ്പുകളും നടത്തും. എസ്.എം.വൈ.എം., മാതൃവേദി, പിതൃവേദി തുടങ്ങിയ സംഘടനകളുമായി ചേർന്നാണ് ക്യാമ്പുകൾ നടത്താൻ ഉദ്ദേശിക്കുന്നത്.

2. പാലാ രൂപത കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിൽ കോർപ്പറേറ്റ് എജ്യൂക്കേഷൻ ഏജൻസിയുടെ പിന്തുണയോടെ വിദ്യാർഥികൾക്കായി ക്ഷേമപരിപാടികൾ നടപ്പിലാക്കും.

3. പ്രവാസി അപ്പോസ്തലേറ്റിനു കീഴിൽ അവരുടെ ആരോഗ്യം, വിദ്യാഭ്യാസം, കമ്മ്യൂണിറ്റി ഇടപെടൽ എന്നിവ ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ആഗോളതലത്തിൽ നടപ്പിലാക്കും.

4. ജീവൻരക്ഷപ്രവർത്തനത്തിന് യുവജനങ്ങളെ സജ്ജരാക്കുന്ന സമഗ്ര ബേസിക് ലൈഫ് സപ്പോർട്ട് പരിശീലന പരിപാടി കോളജ് വിദ്യാർഥികൾക്കായി ആരംഭിക്കും.

5. പിതൃവേദി, മാതൃവേദി എന്നിവയുമായി ചേർന്ന് സൗജന്യ സ്ട്രോക്ക് മാനേജ്മെന്റ് ബോധവൽക്കരണപരിപാടി തുടങ്ങും.

രോഗചികിത്സയോടൊപ്പം രോഗപ്രതിരോധം ലക്ഷ്യം വച്ചുള്ള ഇത്തരം നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതു വഴി ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാനുള്ള അതിതീവ്രമായ നമ്മുടെ പരിശ്രമങ്ങൾക്കാണ് തുടക്കംകുറിക്കുന്നത്.

രോഗം വരുന്നതുവരെ കാത്തുനിൽക്കാതെ മാർ സ്ലീവാ മെഡിസിറ്റിയുടെ രോഗപ്രതിരോധപ്രവർത്തനങ്ങൾക്കൊപ്പം നമുക്കും കൈകോർക്കാം. ജൂബിലി സ്കീമുകളുടെ വിജത്തി നായി ബഹുമാനപ്പെട്ട വൈദികരുടെയും സിസ്റ്റേഴ്സിന്റെയും സംഘടനാഭാരവാഹികളുടെയും ഇടവകാംഗങ്ങളുടെയും സഹ കരണമുണ്ടാകണമെന്ന് താത്പര്യപ്പെടുന്നു. ആരോഗ്യമുള്ള ജനതതിയാകട്ടെ നമ്മുടെ ലക്ഷ്യം.

മിശിഹായിൽ സ്നേഹപൂർവ്വം,

മെത്രാസനമന്ദിരം
പാലാ, 01.10.2024

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

NB: ഈ സർക്കുലർ 2024 ഒക്ടോബർ 6-ാം തീയതി ഞായറാഴ്ച രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനയർപ്പണമുള്ള സന്യാസഭവന ങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

**സർക്കുലർ 329**

# SMYM യൂത്ത് സർവേ

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സഹോദരി സഹോദരന്മാരേ, യുവജന സുഹൃത്തുക്കളേ,

പാലാ രൂപതയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനമായ സീറോ മലബാർ യൂത്ത് മൂവ്മെന്റ്/എസ്.എം.വൈ.എം. ന്റെയും, പാലാ രൂപത കുടുംബക്കൂട്ടായ്മയുടെയും സംയുക്ത ആഭിമുഖ്യത്തിൽ പാലാ രൂപതയിലെ 171 ഇടവകകളിലെ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്ന വിധത്തിൽ ഒരു ബിസിനസ് മാഗസിൻ തയ്യാറാക്കാൻ ആഗ്രഹിക്കുന്നു. പ്രസ്തുത മാഗസിൻ മൂന്നു വിഭാഗങ്ങളായാണ് തയ്യാറാക്കുന്നത്. ഒന്ന്, രൂപതയുടെ കോളേജുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ളത്. രണ്ട്, നമ്മുടെ ഇടവകകളിൽ ആളുകൾക്ക് ആവശ്യമായുള്ള എല്ലാ സംരംഭകരുടെയും വിവരങ്ങൾ ഫൊറോനാതലത്തിൽ വേർതിരിച്ചു രേഖപ്പെടുത്തിയത്. മൂന്ന്, നമ്മുടെ രൂപതയിലെ പ്രധാനപ്പെട്ട തീർത്ഥാടനകേന്ദ്രങ്ങളിലെ പരിശുദ്ധ കുർബാന, കുമ്പസാരം എന്നിവയുടെ സമയക്രമം രേഖപ്പെടുത്തിയത്. വളരെ ഉപകാരപ്രദമായ ഈ മാഗസിൻ യുവജനങ്ങൾ തയ്യാറാക്കുന്നു എന്നത് പ്രസക്തമേറിയ കാര്യമാണ്. രൂപതയുടെ ഒരു സ്റ്റാറ്റിസ്റ്റിക്സ് ഡാറ്റ കളക്ഷൻകൂടിയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

ഈ യുവജനവർഷത്തിൽ നമ്മുടെ രൂപതയിലെ കരുത്തരായ യുവജനങ്ങളുടെ ഈ ഉദ്യമത്തിന് നമ്മളാൽ കഴിയുംവിധം സഹായസഹകരണങ്ങൾ നൽകണമെന്ന് താത്പര്യപ്പെടുന്നു.

കരുത്തായി, കരുതലായി ഈ യുവജനവർഷത്തിൽ മാറാം. ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവം

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 25.09.2024

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

NB: ഈ സർക്കുലർ 2024 ഒക്ടോബർ 6-ാം തീയതി ഞായറാഴ്ച രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനയർപ്പണമുള്ള സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

മിശിഹായിൽ പ്രിയമുള്ള ബഹു. അച്ചന്മാരേ, സിസ്റ്റേഴ്സ്, യുവജനങ്ങളേ,

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ
സ്നേഹാന്വേഷണങ്ങൾ.

ഈ യുവജനവർഷത്തിൽ പാലാ രൂപതയുടെ യുവജന പ്രസ്ഥാനം കുടുംബക്കൂട്ടായ്മയുടെ സഹകരണത്തോടെ രണ്ട് സുപ്രധാന ഉദ്യമങ്ങളുമായി മുന്നിട്ട് ഇറങ്ങുന്നു.

1. രൂപതയിലെ യുവജനങ്ങളുടെ വിവരശേഖരണം

ലക്ഷ്യം:

- രൂപതയിലെ 15 നും 35 നും ഇടയിൽ പ്രായമുള്ളവരെ ഒരുമിച്ചുചേർക്കുക.
- രൂപതയാൽ കഴിയും വിധത്തിലുള്ള സഹായങ്ങൾ അവരിലേക്കെത്തിക്കുക.
- അവരെ കൂട്ടിച്ചേർത്തു സഭയ്ക്കും നാടിനും ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുക.

2. രൂപതയിലെ സംരംഭകരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ബിസിനസ് മാഗസിൻ.

ലക്ഷ്യം:

സംരംഭകരുടെയും ബിസിനസ് പ്രവർത്തകരുടെയും വിശദവിവരങ്ങൾ ശേഖരിച്ച് അവ ക്രോഡീകരിച്ച് മാസിക രൂപത്തിൽ കുടുംബങ്ങളിലേയ്ക്ക് എത്തിക്കുക.

രൂപതയിലെ 171 ഇടവകയിലെയും കുടുംബക്കൂട്ടായ്മകൾവഴി രണ്ടു ഉദ്യമങ്ങളും പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കുടുംബക്കൂട്ടായ്മകളാണ് നേതൃത്വം നൽകുന്നത് എങ്കിലും ഓരോ ഇടവകയിലെയും കരുത്തുറ്റ യുവജനങ്ങളുടെ നിസ്വാർത്ഥമായ സേവനവും പിന്തുണയും നമുക്കിതിന് ആവശ്യമാണ്.

മേൽപ്പറഞ്ഞ രണ്ട് ഉദ്യമങ്ങളും വെവ്വേറെ ലക്ഷ്യങ്ങളിൽ അധിഷ്ഠിതമാണ്.

ഒരു ഇടവകയെ ഏറ്റവുമധികം സ്വാധീനിക്കുകയും ഇടവകയുടെ വളർച്ചയ്ക്കായി അക്ഷീണം പരിശ്രമിക്കുകയും ചെയ്യുന്ന ഒരു ഘടകമാണ് കുടുംബക്കൂട്ടായ്മകൾ രൂപതയിൽ നിന്ന് യുവജന - ബിസിനസ് സർവ്വേയുടെ നിർദ്ദേശങ്ങളും, മേലധികാരികളുടെ കത്തുകളും, ഒപ്പം സർവ്വേ ഫോം കൂടി നിങ്ങൾക്ക് ലഭ്യമാക്കി നൽകുന്നു. രൂപതയിലെ മുഴുവൻ ഇട വകകൾക്കും നിശ്ചിത എണ്ണം ഫോം നൽകുന്നത് പ്രായോഗിക മല്ലാത്തതിനാൽ ലഭിക്കുന്ന ഫോമിന്റെ കോപ്പികൾ എടുത്ത് അവ ഉപയോഗിച്ച് ഓരോ ഇടവകയും നിർദ്ദേശിക്കുന്ന സമ യത്തുതന്നെ അവ ഇടവകയിലെ ഓരോ കുടുംബത്തിലും എത്തിച്ച് വിവരശേഖരണം നടത്തേണ്ടതാണ്. ഒക്ടോബർ പതി മൂന്നോടെ ഫോം കുടുംബങ്ങളിൽ എത്തിക്കുവാനും, ഒക്ടോബർ 20 ന് ഫോം തിരികെ ശേഖരിക്കുവാനും ശ്രദ്ധിക്കുക. ശേഷം കുടുംബങ്ങളിൽ ശേഖരിച്ച ഫോമുകൾ ഒക്ടോബർ 28 മുതൽ നവംബർ 1-ാം തിയതിക്കുള്ളിലായി രൂപത യുവജന പ്രസ്ഥാനം SMYM - KCYM ന്റെ ഓഫീസിൽ എത്തിക്കേണ്ട തുമാണ്. സർവ്വേയുടെ പരിപൂർണ ഉത്തരവാദിത്വം ഇടവക യിലെ ഓരോ ബഹുമാനപ്പെട്ട വൈദികർക്കും കുടുംബക്കൂ ട്ടായ്മാഭാരവാഹികൾക്കുമാണ് എന്ന് സ്നേഹപൂർവ്വം ഓർമി പ്പിക്കട്ടെ.

സുപ്രധാനമായ ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന യുവജന - ബിസിനസ് സർവ്വേയിൽ ഏവരുടെയും അകമഴിഞ്ഞ സഹ കരണം പ്രതീക്ഷിക്കുന്നു.

പ്രിയമുള്ളവരെ രണ്ട് വിവരശേഖരണവും ഇടവക യിലെ എല്ലാ കുടുംബങ്ങളിലും എത്തിയെന്നും അവർ അത് പൂരിപ്പിച്ചു നൽകിയെന്നും ഉറപ്പാക്കേണ്ടത് നമ്മുടെ ഉത്തരവാദി ത്വമാണ്. ആയതിനാൽ, ഒരിക്കൽക്കൂടി ഏവരുടെയും നിസ്വാർ ത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

No.: 4045/K-5/KCBC/OL/DS 10.09.2024

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ

## 2024-ലെ ലോകപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം

**(ഒക്ടോബർ 20, 2024)**

പോയി, എല്ലാവരെയും വിരുന്നിനു ക്ഷണിക്കുവിൻ
(മത്താ 22:9 കാണുക)

പ്രിയ സഹോദരീസഹോദരന്മാരേ,

ഈ വർഷത്തെ ആഗോളപ്രേഷിതദിനത്തിന്റെ വിഷയമായി ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത് സുവിശേഷ ത്തിലെ വിവാഹവിരുന്നിന്റെ ഉപമയാണ് (മത്താ 22:1-14 കാണുക). അതിഥികൾ തന്റെ ക്ഷണം നിരസിച്ചതിനുശേഷം, കഥയിലെ മുഖ്യകഥാപാത്രമായ രാജാവ്, തന്റെ സേവകരോടു പറഞ്ഞു, “അതിനാൽ, നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം വിവാഹവിരുന്നിനു ക്ഷണി ക്കുവിൻ” (22.9). ഉപമയുടെയും യേശുവിന്റെതന്നെ ജീവിത ത്തിന്റെയും പശ്ചാത്തലത്തിൽ ഈ നിർദേശം വിചിന്തന വിഷയമാക്കുന്നതുവഴി സുവിശേഷവത്കരണത്തെ സംബ ന്ധിച്ച പല പ്രധാനപ്പെട്ട ചിന്തകൾ നമുക്കു വിവേചിച്ചറിയാ നാവും. അവ നമ്മെ എല്ലാവരെയും സംബന്ധിച്ച് കാലികപ്ര സക്തി ഉള്ളതായിരിക്കുകയും ചെയ്യും; എന്തെന്നാൽ, ക്രിസ്തു വിന്റെ പ്രേഷിതശിഷ്യർ എന്ന നിലയ്ക്ക് എല്ലാവരും സിനഡാ ത്മകസഞ്ചാരത്തിന്റെ ഏതാണ്ട് അവസാനഘട്ടത്തിൽ എത്തി ച്ചേർന്നിരിക്കുന്ന വേളയാണല്ലോ ഇത്! അതിന്റെ മുഖ്യചിന്താ വിഷയം, “കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം” എന്നതുമാ ണല്ലോ! അതുവഴിയായി സഭ തന്റെ പ്രഥമദൗത്യത്തിനു പുനരൂന്നൽകൊടുക്കാനാണു ശ്രമിക്കുന്നത്; അതായത്, ഇന്നത്തെ ലോകത്ത് സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യത്തിന്.

### 1. *"പോയി ക്ഷണിക്കുവിൻ": കർത്താവിന്റെ വിരുന്നിലേക്ക് മറ്റുള്ളവരെ ക്ഷണിക്കാനായി അക്ഷീണം പുറത്തേക്കു പോകുന്നതാണ് പ്രേഷിതദൗത്യം.*

രാജാവ് തന്റെ സേവകരോടു കല്പിച്ച രണ്ടു വാക്കുകൾ പ്രേഷിതദൗത്യത്തിന്റെ മുഖ്യചിന്ത പ്രതിഫലിപ്പിക്കുന്നു: 'പുറത്തേക്കു പോകുക,' 'ക്ഷണിക്കുക"എന്നീ രണ്ടു ക്രിയകൾ.

ആദ്യത്തേതിനെക്കുറിച്ചു പറഞ്ഞാൽ, അതിഥികൾക്കു ക്ഷണം നൽകാനായി സേവകർ മുമ്പ് അയയ്ക്കപ്പെട്ടിരുന്നതായി നാം ഓർക്കണം (3-4). പ്രേഷിതദൗത്യം എന്നു പറയുന്നത്, എല്ലാ സ്ത്രീപുരുഷന്മാരുടെയും മുമ്പിലേക്ക് ഇറങ്ങിച്ചെല്ലുന്നതാണ് എന്നു നാം മനസ്സിലാക്കുന്നു; അവർ ദൈവവുമായി കണ്ടുമുട്ടി അവിടന്നുമായി സംസർഗത്തിൽ ആയിരിക്കുന്നതിനുവേണ്ടിയാണത്. അത് അക്ഷീണമായ പ്രയത്നമാണ്. സ്നേഹസമ്പന്നനും കരുണാർദ്രനുമായ ദൈവം എല്ലാ സ്ത്രീപുരുഷന്മാരെയും കണ്ടുമുട്ടാനായി നിരന്തരം ഇറങ്ങിപ്പുറപ്പെടുന്നു; അവർ നിസ്സംഗത പുലർത്തിയാലും നിരാകരിച്ചാലും, ദൈവം തന്റെ രാജ്യത്തിന്റെ സന്തോഷത്തിലേക്ക് അവരെ സ്ഥിരമായി ക്ഷണിച്ചുകൊണ്ടിരിക്കുന്നു. നല്ല ഇടയനും പിതാവിന്റെ സന്ദേശവാഹകനുമായ യേശുക്രിസ്തു ഇസ്രായേൽജനത്തിലെ നഷ്ടപ്പെട്ട ആടിനെ അന്വേഷിച്ചു പുറപ്പെട്ടു; അവിടന്ന് അതിൽക്കൂടുതൽ പോകാൻ ആഗ്രഹിച്ചു; അതായത്, വളരെ ദൂരെയുള്ള ആടിനെപ്പോലും അന്വേഷിച്ചു കണ്ടെത്താൻ (യോഹ 10:16). തന്റെ ഉത്ഥാനത്തിനു മുമ്പും പിമ്പും അവിടന്ന് തന്റെ ശിഷ്യരോടു പറഞ്ഞു, "പോകുവിൻ"; അങ്ങനെ അവിടന്ന് അവരെ തന്റെ ദൗത്യത്തിൽ പങ്കാളികളാക്കി (ലൂക്കാ 10:3; മർക്കോ 16:15). സഭയാകട്ടെ, തന്റെ നാഥനിൽനിന്നു ലഭിച്ച ദൗത്യത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ട്, ഭൂമിയുടെ അതിർത്തികൾവരെ പോകുന്നത് തുടർന്നുകൊണ്ടിരിക്കും; അത് അവൾ ആവർത്തിച്ചാവർത്തിച്ചു ചെയ്യുന്ന പ്രവൃത്തിയായിരിക്കും; പ്രതിസന്ധികളുടെയും

തടസ്സങ്ങളുടെയും മുമ്പിൽ ക്ഷീണിതയാകാതെയും അടിപതറാതെയും അവൾ മുന്നേറും.

ക്രിസ്തുവിന്റെ വിളിക്കു പ്രത്യുത്തരം നൽകിക്കൊണ്ട് മാതൃരാജ്യങ്ങൾവിട്ട് വിദൂരദേശങ്ങളിലേക്കുപോയി സദ്വാർത്ത ഇതുവരെ കേട്ടിട്ടില്ലാത്തവരോ ഈ അടുത്തകാലത്തുമാത്രം കേട്ടവരോ ആയവരെ അത് അറിയിക്കാനായി ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ള എല്ലാ പ്രേഷിതരെയും നന്ദിയോടെ ഓർക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. പ്രിയസ്നേഹിതരേ, "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 18:19) എന്ന് യേശു തന്റെ ശിഷ്യരെ ഭരമേല്പിച്ച ജനതകളോടുള്ള (*Ad Gentes*) പ്രേഷിതദൗത്യത്തോടുള്ള പ്രതിജ്ഞാബദ്ധതയുടെ പ്രകടമായ പ്രകാശനമാണ് നിങ്ങളുടെ ഉദാരമായ സമർപ്പണം. ഭൂമിയുടെ അതിർത്തികൾവരെ സുവിശേഷവത്കരണത്തിന്റെ പ്രവൃത്തി നടപ്പാക്കാനായി പുതിയതും ധാരാളവുമായ പ്രേഷിതദൈവവിളികൾ ഉണ്ടാകാനായി നാം തുടർന്നു പ്രാർഥിക്കുകയും അതോടൊപ്പം ദൈവവിളികൾക്കു ദൈവത്തിനു നന്ദിപറയുകയും ചെയ്യുന്നു.

ഓരോ സാഹചര്യത്തിലും സുവിശേഷത്തിനു സാക്ഷ്യം നൽകിക്കൊണ്ട് ഓരോ ക്രിസ്ത്യാനിയും, അവനും അവളും, ഈ സാർവത്രികപ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം വിസ്മരിക്കാൻ പാടില്ല; അതുവഴിയായി സഭയ്ക്കുമുഴുവനും നിരന്തരം തന്റെ നാഥനും ഗുരുവും ആയുള്ളവനോടൊപ്പം ഇന്നത്തെ ലോകത്തിന്റെ 'നാൽക്കവലകളി'ലേക്ക് കടന്നുചെല്ലാനാവും. "സഭയിൽ ഇന്നു നടക്കുന്ന യഥാർഥ്യം യേശു ഉള്ളിൽനിന്ന് നമ്മുടെ വാതിലിൽ മുട്ടിവിളിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്; അതായത്, തന്നെ പുറത്തേക്കു നമ്മൾ വിടാൻ. നമ്മൾ പലപ്പോഴും ഒരു 'തടവറ സൃഷ്ടിക്കുന്ന' സഭയായി മാറുന്നു; അത് നാഥനെ പുറത്തേക്കിറങ്ങാൻ സമ്മതിക്കുന്നില്ല; അവിടത്തെ നാം 'നമ്മുടേതാക്കിമാത്രം' സൂക്ഷിക്കുന്നു; യഥാർഥത്തിൽ അവിടന്ന് ഒരു

ദൗത്യവുമായാണു വന്നത്; "നാമെല്ലാവരും പ്രേഷിതദൗത്യം പേറുന്നവർ ആകണമെന്ന് അവിടന്ന് ആഗ്രഹിക്കുന്നു" (*അല്മായർക്കും കുടുംബങ്ങൾക്കും ജീവനുംവേണ്ടിയുള്ള മന്ത്രാലയം സംഘടിപ്പിച്ച സമ്മേളനത്തിൽ പങ്കെടുത്തവർക്ക് നൽകിയ പ്രഭാഷണം*, ഫെബ്രുവരി 18, 2023). ക്രൈസ്തവികത ഉദയംചെയ്ത കാലത്തെന്നപോലെ, ഒരു പുതിയ പ്രേഷിത മുന്നേറ്റം ഉദ്ഘാടനം ചെയ്യപ്പെടുംവിധം, ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും, ഓരോരുത്തരും അവരവരുടെ ജീവിതാന്തസ്സ് അനുസരിച്ച്, നവമായി ഇറങ്ങിപ്പുറപ്പെടാൻ തയ്യാറാകട്ടെ!

ഉപമയിലെ രാജാവിന്റെ ആജ്ഞയിലേക്ക് തിരികെ വന്നാൽ, സേവകരോട് ആജ്ഞാപിച്ചത് 'പോകാൻ' മാത്ര മായിരുന്നില്ല; മറിച്ച്, 'ക്ഷണിക്കാനും' ആയിരുന്നു. 'വിവാഹ വിരുന്നിനു വരുക' (മത്താ 22:4). ഇവിടെ നമുക്ക് ദൈവം ഭരമേല്പിച്ച പ്രേഷിതദൗത്യത്തിൽ പ്രാധാന്യം ഒട്ടും കുറവി ല്ലാത്ത മറ്റൊരുവശം കാണാനാകും. അതായത്, നമുക്ക് സങ്കല്പിക്കാവുന്നതുപോലെ, അടിയന്തരപ്രാധാന്യത്തോടെ യാണ് സേവകർ രാജാവിന്റെ ക്ഷണം കൈമാറിയത്; അതോ ടൊപ്പം, വലിയ ആദരവോടും ദയയോടുംകൂടിയും. അതേരീതി യിൽത്തന്നെ, സുവിശേഷം ഓരോ സൃഷ്ടിക്കും നൽകുക എന്ന ദൗത്യംപേറുന്നവർ തങ്ങൾ പ്രഘോഷിക്കുന്ന ആളിന്റെ 'ശൈലി' നിശ്ചയമായും അനുകരിക്കേണ്ടതാണ്. "മരിക്കു കയും മൃതരിൽനിന്ന് ഉയിർക്കുകയും ചെയ്ത യേശുക്രിസ്തു വിൽ പ്രകാശിതമായ രക്ഷാകരമായ ദൈവസ്നേഹത്തിന്റെ സൗന്ദര്യം" (*സുവിശേഷത്തിന്റെ സന്തോഷം*, 36) ലോക ത്തോടു പ്രഖ്യാപിക്കുന്ന പ്രേഷിതശിഷ്യർ, തങ്ങളുടെ ഉള്ളിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സന്തോ ഷത്തോടും മഹാമനസ്കതയോടും ഉദാരതയോടും (ഗലാ 5:22) അത് ചെയ്യാൻ തയ്യാറാകണം. അത് സമ്മർദം ചെലുത്തിയോ നിർബന്ധിച്ചോ മതംമാറ്റപ്രക്രിയകളിലൂടെയോ ആകാൻ പാടില്ല; അത് അടുപ്പംകൊണ്ടും അനുകമ്പകൊണ്ടും

ആർദ്രതകൊണ്ടും ആവണം; അപ്പോൾ അത് ദൈവം ആയിരിക്കുന്നതിന്റെയും പ്രവർത്തിക്കുന്നതിന്റെയും പ്രതിഫലനമായി മാറും.

**2. *'വിവാഹാഘോഷത്തിലേക്ക്': ക്രിസ്തുവിന്റെയും സഭയുടെയും ദൗത്യത്തിലുള്ള യുഗാന്ത്യപരവും ദിവ്യകാരുണ്യപരവുമായ വശം.***

തന്റെ പുത്രന്റെ വിവാഹവിരുന്നിലേക്കുള്ള ക്ഷണമാണ് ഈ ഉപമയിൽ രാജാവ് സേവകർവഴി നൽകുന്നത്. ഈ വിരുന്ന് യുഗാന്ത്യത്തിലെ വിരുന്നിന്റെ ഒരു പ്രതിഫലനമാണ്. ദൈവരാജ്യത്തിലുള്ള ആത്യന്തികമായ രക്ഷയുടെ ചിത്രമാണ് അത് അവതരിപ്പിക്കുന്നത്. മിശിഹായും ദൈവപുത്രനുമായ യേശുവിന്റെ വരവോടെ അതിപ്പോൾത്തന്നെ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു; അവിടന്ന് നമുക്ക് ജീവന്റെ സമൃദ്ധി നൽകുകയുണ്ടായി (യോഹ 10:10); ദൈവം മരണത്തെ എന്നേക്കും ഇല്ലാതാക്കുകയും മനുഷ്യരുടെ മുമ്പിൽ മൃഷ്ടാന്നഭോജനത്തിന്റെയും മട്ടൂറിയ വീഞ്ഞിന്റെയും മേശ ഒരുക്കുകും ചെയ്യും എന്ന പ്രവചനത്തിൽ അത് അന്തർലീനമാണ് (ഏശ 25:6-8).

ക്രിസ്തുവിന്റെ ദൗത്യം കാലസമ്പൂർണതയുമായി ബന്ധപ്പെട്ടതാണ്; തന്റെ പ്രഘോഷണത്തിന്റെ ആരംഭത്തിൽ യേശു പറഞ്ഞു: "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു" (മർക്കോ 1:15). തങ്ങളുടെ കർത്താവും ഗുരുവുമായ ക്രിസ്തുവിന്റെ ഈ ദൗത്യം പിന്തുടരാൻ അവിടത്തെ ശിഷ്യർ വിളിക്കപ്പെട്ടിരിക്കുന്നു. സഭയുടെ പ്രേഷിതപരിപാടിയുടെ യുഗാന്ത്യപരമായ സ്വഭാവത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം നാം ഇവിടെ അനുസ്മരിക്കുന്നു: ''ദിവ്യനാഥന്റെ പ്രഥമ ആഗമനത്തിന്റെയും ദ്വിതീയാഗമനത്തിന്റെയും മധ്യേയാണ് പ്രേഷിതവൃത്തിയുടെ കാലം സ്ഥിതി ചെയ്യുന്നത്. അതിനാൽ, ദിവ്യനാഥന്റെ വരവിനുമുമ്പായി സുവിശേഷം എല്ലാ ജനപദങ്ങളോടും പ്രസംഗി

ക്കപ്പെടണം" (മർക്കോ13:10) (*പ്രേഷിതപ്രവർത്തനം [Ad Gentes*], 9).

ആദിമക്രിസ്ത്യാനികളുടെ ഇടയിൽ പ്രേഷിത തീക്ഷ്ണതയ്ക്ക് യുഗാന്ത്യപരതയുടെ ശക്തമായ ഒരു മാനം ഉണ്ടായിരുന്നെന്നു നമുക്കറിയാം. സുവിശേഷം പ്രസംഗി ക്കുന്നതിന്റെ അടിയന്തരഭാവം അവർ തിരിച്ചറിഞ്ഞിരുന്നു. ഇന്നും ഈ കാഴ്ചപ്പാട് നിലനിർത്തുകയെന്നത് വളരെ പ്രധാ നപ്പെട്ടതാണ്. കാരണം, "കർത്താവ് അടുത്തെത്തിയിരിക്കുന്നു" എന്ന് അറിയുന്നവരുടെ സന്തോഷത്തോടുകൂടി സുവിശേഷ വത്കരണപ്രവൃത്തിയിൽ ഏർപ്പെടാൻ അത് നമ്മെ സഹായി ക്കും; മാത്രമല്ല, ലക്ഷ്യത്തിലേക്കു മുന്നേറിക്കൊണ്ടിരി ക്കുന്നവരുടെ പ്രത്യാശയോടെ അതു ചെയ്യാനും നമുക്കു സാധിക്കും; അങ്ങനെ നാം എല്ലാവരും ക്രിസ്തുവിനോടൊപ്പം ദൈവരാജ്യത്തിൽ വിവാഹവിരുന്നിൽ പങ്കെടുക്കുന്നവരായി ത്തീരും. ലോകം നമ്മുടെമുമ്പിൽ ഉപഭോക്തൃഭാവം, സ്വാർഥ പരമായ സുഖലോലുപത, ധനമാർജിക്കൽ, വ്യക്തിമഹിമ എന്നീ വ്യത്യസ്തങ്ങളായ 'വിരുന്നുകൾ' വിളമ്പുമ്പോൾ ത്തന്നെ, സുവിശേഷം എല്ലാവരെയും ദിവ്യമായ വിരുന്നിലേക്കു ക്ഷണിക്കുന്നു; അതിന്റെ സവിശേഷത ദൈവവും മറ്റുള്ളവരു മായുള്ള സംസർഗത്തിലെ ആനന്ദം, പങ്കുവയ്ക്കൽ, നീതി, സാഹോദര്യം എന്നിവ അനുഭവിക്കുകയെന്നതത്രേ.

ക്രിസ്തുവിന്റെ സമ്മാനമായ ജീവന്റെ പൂർണതയുടെ മുന്നാസ്വാദനം ദിവ്യകാരുണ്യവിരുന്നിലുമുണ്ട്; സഭ കർത്താ വിന്റെ കൽപ്പനപ്രകാരം അവിടത്തെ ഓർമ്മയ്ക്കായി അത് ആചരിക്കുന്നു. സുവിശേഷവത്കരണദൗത്യത്തിന്റെ ഭാഗമായി നാം എല്ലാവർക്കും നൽകുന്ന യുഗാന്ത്യവിരുന്നിലേക്കുള്ള ക്ഷണം ദിവ്യകാരുണ്യമേശയിലേക്കുള്ള ക്ഷണവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു; ആ മേശയിൽ കർത്താവ് തന്റെ വചനവും തന്റെ ശരീരവും രക്തവും നൽകി നമ്മെ പോഷിപ്പിക്കുന്നു. ബെനഡിക്ട് പതിനാറാമൻ പാപ്പാ

പഠിപ്പിച്ചതുപോലെ: "ഓരോ ദിവ്യപൂജാർപ്പണത്തിലും കൗദാശികമായി ദൈവജനത്തിന്റെ യുഗാന്ത്യപരമായ ഒത്തുചേരലാണു സാധ്യമാകുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം, ദിവ്യകാരുണ്യവിരുന്ന് പ്രവാചകർ മുൻകൂട്ടി പറഞ്ഞിട്ടുള്ളതുപോലെ (ഏശ.25:6-8 കാണുക) അന്ത്യദിനത്തിലെ അവസാനവിരുന്നിന്റെ യഥാർഥമായ ഒരു മുന്നാസ്വാദനമാണ്; പുതിയനിയമത്തിൽ അത് 'കുഞ്ഞാടിന്റെ വിവാഹവിരുന്ന്' (വെളി 19:9) എന്നു വിശേഷിപ്പിക്കപ്പെടുന്നു; അത് വിശുദ്ധരുടെ ഐക്യത്തിന്റെ (the communion of saints) സന്തോഷത്തിലാണ് ആഘോഷിക്കപ്പെടുന്നത്" (*സ്നേഹത്തിന്റെ കൂദാശ* [*Sacramentum Caritatis*], 31). ആകയാൽ, ഓരോ ദിവ്യപൂജാർപ്പണത്തിലും വളരെ ശക്തമാംവിധം അതിന്റെ ഓരോ മാനവും അനുഭവിക്കാൻ നാമെല്ലാവരും ക്ഷണിക്കപ്പെടുന്നു, ഏറെ പ്രത്യേകിച്ച് അതിന്റെ യുഗാന്ത്യപരവും പ്രേഷിതപരവുമായ മാനങ്ങൾ അനുഭവിക്കാൻ. ഇക്കാര്യത്തിൽ ഞാൻ ആവർത്തിച്ചു പറയുന്നു: "പ്രേഷിതദൗത്യത്തിലേക്ക് ആകർഷിക്കപ്പെടാതെ നമുക്ക് ദിവ്യകാരുണ്യമേശയെ സമീപിക്കാനാവില്ല; ദൈവത്തിന്റെ ഹൃദയത്തിൽത്തന്നെ തുടങ്ങിയ ആ ദൗത്യം സകല ജനതകളിലും എത്തിച്ചേരേണ്ടതാണ് (*സ്നേഹത്തിന്റെ കൂദാശ,* 84). കോവിഡ് കാലത്തിനുശേഷമുള്ള കാലയളവിൽ ഇന്ന് പല പ്രാദേശികസഭകളും അഭിനന്ദനാർഹമാംവിധത്തിൽ പ്രോത്സാഹിപ്പിച്ചുവരുന്ന ദിവ്യകാരുണ്യനവീകരണപ്രക്രിയതന്നെ വിശ്വാസികളിൽ ഓരോ അംഗത്തിലും പ്രേഷിതചൈതന്യം പുനർജനിപ്പിക്കാൻ അവശ്യംവേണ്ട ഒന്നാണ്. എത്രമാത്രം വലിയ വിശ്വാസത്തോടും ഹൃദയപൂർവമായ തീക്ഷ്ണതയോടെ കൂടെ ആയിരിക്കണം ഓരോ ദിവ്യപൂജയിലും നാം ഇപ്രകാരം പ്രഖ്യാപിക്കേണ്ടത്, "കർത്താവേ, നിന്റെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു; നിന്റെ ഉയിർപ്പ്, നീ വീണ്ടും വരുന്നതുവരെ, ഞങ്ങൾ ഏറ്റുപറയുന്നു!"

2025-ലെ ജൂബിലിയാഘോഷത്തിന്റെ ഒരുക്കത്തിന്റെ ഭാഗമായി പ്രാർഥനയ്ക്കായി മാറ്റിവച്ചിരിക്കുന്ന ഈ വർഷം സർവ്വോപരി ദിവ്യപൂജാർപ്പണത്തിൽ പങ്കുചേരാനുള്ള താത്പര്യം വർധിപ്പിക്കാനും സഭയുടെ സുവിശേഷവത്കരണദൗത്യത്തിനായി കൂടുതൽ പ്രാർഥിക്കാനും ഞാൻ നിങ്ങളെ എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നു. രക്ഷകന്റെ കല്പന അനുസരിച്ചുകൊണ്ട് ഓരോ ദിവ്യപൂജയിലും മറ്റ് ആരാധനക്രമാഘോഷങ്ങളിലും, 'അങ്ങയുടെ രാജ്യം വരേണമേ' എന്ന അപേക്ഷയുള്ള 'സ്വർഗസ്ഥനായ പിതാവേ' എന്ന പ്രാർഥന ആവർത്തിക്കുന്നതിനു സഭ അറുതിവരുത്തുന്നില്ല. ഈ വിധത്തിൽ ദൈനംദിനപ്രാർത്ഥന, പ്രത്യേകിച്ചും ദിവ്യപൂജാർപ്പണം, നമ്മെ തീർത്ഥാടകരും പ്രത്യാശയുടെ പ്രേഷിതരും ആക്കിത്തീർക്കുന്നു; അങ്ങനെ നാം ദൈവത്തിലുള്ള നിത്യമായ ജീവിതത്തിലേക്ക് സഞ്ചരിക്കുന്നു, അതായത്, ദൈവം തന്റെ മക്കൾക്കെല്ലാവർക്കുംവേണ്ടി ഒരുക്കിയിട്ടുള്ള വിവാഹവിരുന്നിലേക്ക്.

### 3. *'എല്ലാവരോടും' പൂർണമായും സിനഡാത്മകവും പ്രേഷിതവുമായ സഭയിലെ ക്രിസ്തുശിഷ്യരുടെ ആഗോള പ്രേഷിതദൗത്യം*

മൂന്നാമത്തേതും അവസാനത്തേതുമായ ചിന്ത രാജാവിന്റെ ക്ഷണം സ്വീകരിച്ചവരെ സംബന്ധിച്ചുള്ളതാണ്: 'എല്ലാവരും'. ഞാൻ ഊന്നിപ്പറഞ്ഞതുപോലെ, "ഇതാണ് പ്രേഷിതദൗത്യത്തിന്റെ ഹൃദയഭാഗം: 'എല്ലാവരും', ഒരാളെയും ഒഴിവാക്കാതെ. നമ്മുടെ ഓരോ പ്രേഷിതദൗത്യവും, ക്രിസ്തുവിന്റെ ഹൃദയത്തിൽനിന്നു ജനിക്കുന്നതാണ്, അതായത്, എല്ലാവരെയും തന്നിലേക്ക് ആകർഷിക്കാൻ" (*പൊന്തിഫിക്കൽ പ്രേഷിതസംഘങ്ങളുടെ പൊതുസമ്മേളനത്തിനു നൽകിയ പ്രഭാഷണം* [Address to the General Assembly of the Pontifical Missionary Societies], ജൂൺ 3, 2023). വിഭജനങ്ങളും ഏറ്റുമുട്ടലുകളുംമൂലം ഛിന്നഭിന്നമാക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ

ലോകത്ത് വ്യക്തികളെ പരസ്പരം കണ്ടെത്താനും, തങ്ങൾ സഹോദരീസഹോദരന്മാരാണ് എന്നു തിരിച്ചറിയാനും വൈവിധ്യങ്ങളുടെ മധ്യേയുള്ള പൊരുത്തത്തിൽ സന്തോഷിക്കാനും ക്ഷണിക്കുന്ന മൃദുലവും, അതേസമയം, ദൃഢവുമായി നിലനിൽക്കുന്ന ഒരു സ്വരമാണ് ക്രിസ്തുവിന്റെ സുവിശേഷം. "എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് എത്തിക്കപ്പെടണമെന്നുമാണ് നമ്മുടെ രക്ഷകനായ ദൈവം ആഗ്രഹിക്കുന്നത്"(1 തിമോ.2:4). നമ്മുടെ പ്രേഷിത പ്രവർത്തനത്തിൽ എല്ലാവരോടും സുവിശേഷം പ്രസംഗിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നു നാം വിസ്മരിക്കരുത്: "പുതിയ ബാധ്യതകൾ അടിച്ചേല്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവരായി, സൗന്ദര്യത്തിന്റെ നവചക്രവാളം ചൂണ്ടിക്കാണിക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്കു ക്ഷണിക്കുന്നവരായി നാം കാണപ്പെടണം" (*സുവിശേഷത്തിന്റെ സന്തോഷം*, 14).

ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർക്ക് എല്ലാവരോടും, അവരുടെ സാമൂഹിക, സാന്മാർഗികനിലവാരം കണക്കിലെടുക്കാതെതന്നെ, എപ്പോഴും ഹൃദയപൂർവമായ താത്പര്യമാണ് ഉണ്ടായിട്ടുള്ളത്. വിവാഹവിരുന്നിന്റെ ഉപമ ഇക്കാര്യം നമ്മോടു പറയുന്നു. രാജാവിന്റെ ആജ്ഞപ്രകാരം സേവകർ "ദുഷ്ടരും ശിഷ്ടരും ഉൾപ്പെടെ കണ്ടെത്തിയവരെയെല്ലാം വിളിച്ചുകൂട്ടി" (മത്താ 22:10). എന്തിനു പറയണം, ദരിദ്രരും വികലാംഗരും കുരുടരും മുടന്തരും (ലൂക്ക 14:21), ചുരുക്കത്തിൽ, നമ്മുടെ എളിയ സഹോദരീസഹോദരന്മാർ, സമൂഹം പാർശ്വവത്കരിച്ചവർ, രാജാവിന്റെ പ്രത്യേക അതിഥികളായി മാറി. തന്റെ പുത്രനുവേണ്ടി ദൈവം ഒരുക്കിയിട്ടുള്ള വിവാഹവിരുന്ന് എപ്പോഴും എല്ലാവർക്കുംവേണ്ടി തുറന്നിരിക്കുന്ന ഒന്നാണ്; കാരണം, നമ്മോട് ഓരോരുത്തരോടുമുള്ള അവിടത്തെ സ്നേഹം അപാരവും വ്യവസ്ഥകളില്ലാത്തതുമാണ്. "എന്തെ

ന്നാൽ, അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിന്, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16). രൂപാന്തരപ്പെടുത്തുകയും രക്ഷിക്കുകയും ചെയ്യുന്ന തന്റെ കൃപയിൽ പങ്കുചേരാൻ ദൈവം എല്ലാവരെയും, ഓരോ സ്ത്രീയെയും പുരുഷനെയും, ക്ഷണിക്കുന്നു. സൗജന്യ മായി ലഭിക്കുന്ന ഈ ദൈവികദാനത്തോട് ഒരാൾ 'അതെ' എന്നുമാത്രം പറഞ്ഞാൽ മതി; അതിനെ സ്വീകരിക്കുകയും അതുവഴിയായി സ്വയം രൂപാന്തരപ്പെടാൻ അനുവദിക്കുകയും ചെയ്യുന്ന ഓരോരുത്തർക്കും 'വിവാഹവസ്ത്രം' (മത്താ 22:12) ധരിച്ചതുപോലെ ആയിരിക്കാൻ സാധിക്കും.

എല്ലാവർക്കുംവേണ്ടിയുള്ള പ്രേഷിതദൗത്യം എല്ലാവ രുടെയും പ്രതിജ്ഞാബദ്ധത ആവശ്യപ്പെടുന്നു. സുവിശേഷ ത്തിന്റെ ശുശ്രൂഷയിൽ പൂർണമായും സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയിലേക്കുള്ള സഞ്ചാരം നാം തുടരണം. സിനഡാത്മകത അടിസ്ഥാനപരമായി പ്രേഷിതാത്മ കമാണ്, അതുപോലെ തിരിച്ച് പ്രേഷിതദൗത്യം എപ്പോഴും സിനഡാത്മകവുമാണ്. ആകയാൽ, സാർവത്രികസഭയിലും അതോടൊപ്പം പ്രാദേശികസഭകളിലും ശക്തമായ പ്രേഷിത പരമായ സഹകരണം എന്നത്തേതിനെക്കാൾ ഇന്ന് കൂടുതൽ അടിയന്തരവും അത്യാവശ്യവുമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും എന്റെ മുൻഗാമികളുടെയും പാത പിന്തു ടർന്നുകൊണ്ട് *പൊന്തിഫിക്കൽ പ്രേഷിതസംഘങ്ങളുടെ* (Pontifical Mission Societies) ശുശ്രൂഷ ലോകം മുഴുവനു മുള്ള എല്ലാ രൂപതകളിലേക്കും ഞാൻ ശുപാർശ ചെയ്യുന്നു. "പേപ്പൽ പ്രേഷിതപ്രസ്ഥാനങ്ങളുടെ പ്രവർത്തനം കത്തോലി ക്കർക്ക് അവരുടെ ബാല്യംമുതൽ സാക്ഷാൽ സാർവത്രികവും പ്രേഷിതപരവുമായ ജീവിതവീക്ഷണം നൽകുന്നതിനും എല്ലാ മിഷനുകൾക്കും അതാതിന്റെ ആവശ്യാനുസരണമുള്ള ധന സഹായത്തിനുവേണ്ടി കാര്യക്ഷമമായ പിരിവു നടത്തുന്ന

തിനും ഉപകരിക്കുന്ന" (പ്രേഷിതപ്രവർത്തനം [Ad Gentes], 38) മാർഗങ്ങളാണ് ഈ പ്രേഷിതസംഘങ്ങൾ. അക്കാരണത്താൽ ആഗോളപ്രേഷിതദിനത്തിൽ എല്ലാ പ്രാദേശികസഭകളിലും നടത്തുന്ന ധനശേഖരണം പൂർണമായും ആഗോള ഐക്യദാർഢ്യത്തിനുവേണ്ടിയുള്ളതാണ്. പ്രസ്തുത ധനസഹായം പിന്നീട് *വിശ്വാസപ്രചാരണ പൊന്തിഫിക്കൽ സംഘം* (Pontifical Society for the Propagation of the Faith) പാപ്പായുടെ നാമത്തിൽ സഭയുടെ എല്ലാ പ്രേഷിതപ്രവർത്തനത്തിന്റെയും ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നു. സഭ വർധിതമായി സിനഡാത്മകവും പ്രേഷിതപരവും ആയിത്തീരാൻ കർത്താവ് നമ്മെ നയിക്കുകയും സഹായിക്കുകയും ചെയ്യണമെന്ന് നമുക്കു പ്രാർത്ഥിക്കാം (മെത്രാൻമാരുടെ സിനഡിന്റെ സാധാരണ പൊതുസമ്മേളനം ഉപസംഹരിച്ചുകൊണ്ടു നടത്തിയ ദിവ്യപൂജയിലെ പ്രഭാഷണം [Homily for the Concluding Mass of the Ordinary General Assembly of the Synod of Bishops], ഒക്ടോബർ 23, 2023).

അവസാനമായി, ഗലീലിയിലെ കാനായിലെ വിവാഹവിരുന്നിൽ യേശുവിനോട് തന്റെ ആദ്യത്തെ അദ്ഭുതം പ്രവർത്തിക്കാൻ അഭ്യർഥിച്ച മറിയത്തിലേക്ക് (യോഹ 2:1–12) നമുക്കു നമ്മുടെ ദൃഷ്ടി ഉയർത്താം. കർത്താവ് നവദമ്പതികൾക്കും എല്ലാ അതിഥികൾക്കുമായി സമൃദ്ധമായി പുതുവീഞ്ഞു നൽകി. അവസാനകാലത്ത് എല്ലാവർക്കുംവേണ്ടി ദൈവം ഒരുക്കുന്ന വിവാഹവിരുന്നിന്റെ ഒരു മുന്നാസ്വാദനമായിരുന്നു അത്. നമ്മുടെ ഈ കാലഘട്ടത്തിലെ ക്രിസ്തുശിഷ്യരുടെ സുവിശേഷവത്കരണദൗത്യത്തിൽ നമ്മെ സഹായിക്കാനായി അവളുടെ മാതൃസഹജമായ മാധ്യസ്ഥ്യം നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ അമ്മയുടെ സന്തോഷത്തോടും നമ്മോടുള്ള കരുതലോടുംകൂടെ, അവളുടെ ആർദ്രതയിലും സ്നേഹത്തിലുംനിന്ന് ശക്തിസംഭരിച്ചുകൊണ്ട് (*സുവിശേഷത്തിന്റെ സന്തോഷം*, 288) നമ്മുടെ രക്ഷകനായ രാജാവിന്റെ ക്ഷണം

എല്ലാവർക്കും നൽകാനായി നമുക്ക് ഇറങ്ങിപ്പുറപ്പെടാം. പരിശുദ്ധ മറിയമേ, സുവിശേഷവത്കരണതാരമേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ!

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ മാനസാന്തരതിരുനാളിൽ, 2024 ജനുവരി 25-ാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

# ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

**19-09-2024 ൽ കൂടിയ പ്രിസ്ബിറ്ററൽ കൗൺസിലിൽ നടത്തിയ ചർച്ചയുടെ ഫലമായി രൂപതാനിയമാവലി Nos. 833, 890, 1012 എന്നിവയെക്കുറിച്ചുള്ള കാര്യങ്ങൾ താഴെപറയുന്ന രീതിയിൽ മനസ്സിലാക്കേണ്ടതാണ്.**

1. ഇടവകയിൽ തിരുനാളുകൾ പ്രസുദേന്തി/പ്രസുദേന്തിമാർ ഏറ്റുനടത്തുന്നതാണെങ്കിലും പ്രത്യേക പിരിവുവഴി നടത്തുന്നതാണെങ്കിലും വരവുചെലവുകണക്കുകൾ കൃത്യമായി പള്ളിക്കണക്കിൽ രേഖപ്പെടുത്തുകയും പള്ളിയോഗത്തിൽ അവതരിപ്പിച്ചു പാസ്സാക്കുകയും വേണം.

2. ദൈവാലയം, വൈദികമന്ദിരം, പാരിഷ് ഹാൾ, സ്കൂളുകൾ, മറ്റു കെട്ടിടങ്ങൾ തുടങ്ങിയവയുടെ നിർമാണത്തിൽ പ്രത്യേകം കണക്കുബുക്കുകൾ സൂക്ഷിക്കുന്നതോടൊപ്പം ഓരോ ദിവസത്തെയും വരവുചെലവുകണക്കുകൾ ഇടവകയുടെ പൊതുക്കണക്കിൽ നാൾവഴിയിലും പേരേടിലും ഉൾപ്പെടുത്തി ഇടവക പ്രതിനിധിയോഗത്തിൽ ഓരോ മാസവും അവതരിപ്പിച്ച് പാസ്സാക്കുകയും വേണം. രൂപതാകേന്ദ്രത്തിൽ ഇടവകയുടെ ആണ്ടുതിരട്ടുമായി വരുമ്പോൾ നിർമാണപ്രവർത്തനങ്ങളുടെ പ്രത്യേക കണക്കുബുക്കുകൂടി കൊണ്ടുവരേണ്ടതാണ്.

1. രൂപതാനിയമാവലി നമ്പർ 892 ൽ വെടിക്കെട്ട്, കരിമരുന്ന് കലാപ്രകടനങ്ങൾ എന്നിവയെ സംബന്ധിച്ചു പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കണമെന്ന് ഓർമിപ്പിക്കുന്നു.

2. ഞായറാഴ്ചകളിൽ വിവാഹമെന്ന കൂദാശ പരികർമം ചെയ്യുന്ന സമയം സംബന്ധിച്ച് രൂപതാനിയമാവലി നമ്പർ 743 ൽ പറയുന്ന കാര്യം കൃത്യമായി പാലിക്കുമല്ലോ.

**റവ.ഫാ. ജോസഫ് തടത്തിൽ**

പ്രോട്ടോ സിഞ്ചെല്ലൂസ്

## അറിയിപ്പ്

നമ്മുടെ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന കണക്കന്മാരുടെയും കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെയും മീറ്റിംഗ് ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ളാലം പുത്തൻപള്ളി പാരിഷ് ഹാളിൽ വച്ചു നടത്തപ്പെടുന്നു.

## മിഷൻ സൺഡേ

ഒക്ടോബർ 20-ാം തീയതി മിഷൻ ഞായറാണല്ലോ. അന്നേദിവസം വിശുദ്ധ കുർബാനമദ്ധ്യേ മിഷൻ ഞായർ പിരിവു നടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക നവംബർ 16-ാം തീയതിക്കുമുമ്പായി ബഹു. രൂപതാപ്രൊക്യുറേറ്ററച്ചനെ ഏല്പിക്കുകയും ചെയ്യുമല്ലോ.

# COLLECTION LIST 2024

| Sl. No. | Parishes | AKCC | SMYM | MATHRU DINAM | PETERS PENCE | SABHADINAM |
|---|---|---|---|---|---|---|
| 1 | ADIVARAM | 950.00 | - | - | - | - |
| 2 | ADUKAM | 500.00 | | 500.00 | 500.00 | 1000.00 |
| 3 | AIMCOMBU | 2000.00 | 1500.00 | 2000.00 | 2000.00 | 2000.00 |
| 4 | ALPHONSAGIRI | 500.00 | 500.00 | 500.00 | 500.00 | 750.00 |
| 5 | ALPHONSAPURAM | 500.00 | 500.00 | 500.00 | 500.00 | 2000.00 |
| 6 | AMPARANIRAPPEL | 1000.00 | 1,000.00 | 1100.00 | 1,000.00 | 1,000.00 |
| 7 | ANTHIALAM | 1000.00 | - | - | - | - |
| 8 | ANTHINADU | 715.00 | - | 2250.00 | 560.00 | 6920.00 |
| 9 | ARAKULAMNEW | 8595.00 | - | 12595.00 | 11214.00 | 6562.00 |
| 10 | ARAKULAMOLD | 1200.00 | - | - | - | - |
| 11 | ARUNAPURAM | 5000.00 | 2000.00 | 2000.00 | 2000.00 | 3000.00 |
| 12 | ARUNOOTTIMANGALAM | - | 1213.00 | 1657.00 | 1833.00 | 1630.00 |
| 13 | ARUVITHURA | 26250.00 | 10,500.00 | 12,250.00 | 8,300.00 | 14,100.00 |
| 14 | AYYAMPARA | 1630.00 | | - | - | - |
| 15 | BHARANANGANAM FORANE | - | 3500.00 | 3000.00 | 5000.00 | 10000.00 |
| 16 | CHAKKAMPUZHA | - | - | 9502.00 | 8980.00 | 4848.00 |
| 17 | CHEMMALAMATTAM | 6150.00 | 7,100.00 | 6,800.00 | 7,400.00 | 16,510.00 |
| 18 | CHEMPILAVU | 2000.00 | 1140.00 | 1000.00 | - | 2310.00 |
| 19 | CHENNAD | 3500.00 | 1250.00 | 2000.00 | 4928.00 | 4500.00 |
| 20 | CHERPUMKAL FORANE | 17000.00 | 19500.00 | 16800.00 | 20100.00 | 17750.00 |
| 21 | CHETTUTHODU | 2000.00 | 1000.00 | 1200.00 | 1300.00 | 1500.00 |
| 22 | CHITTAR | 1500.00 | 2200.00 | 1800.00 | 2500.00 | 3200.00 |
| 23 | CHOLATHADAM | 250.00 | - | - | - | - |
| 24 | CHOONDACHERY | - | 1000.00 | 1000.00 | 1000.00 | 2000.00 |
| 25 | EDADU | 300.00 | - | - | - | - |
| 26 | EDAMARUKU | 2500.00 | 2500.00 | 2500.00 | 3500.00 | 6500.00 |

| | | | | | | |
|---|---|---|---|---|---|---|
| 27 | EDAPPADY | 1500.00 | 1500.00 | 1000.00 | 1500.00 | 1500.00 |
| 28 | ELAMTHOTTAM | 1000.00 | - | 1000.00 | - | - |
| 29 | ELANJIFORANE | 7,000.00 | 7,500.00 | 7,000.00 | 9,000.00 | 9,400.00 |
| 30 | ELAPPALLY | 1,254.00 | 600.00 | 550.00 | 350.00 | 600.00 |
| 31 | ERAVIMANGALAM | 600.00 | - | - | - | - |
| 32 | EZHACHERRY | 550.00 | - | - | - | - |
| 33 | FATHIMAPURAM | - | 880.00 | 700.00 | 850.00 | 2000.00 |
| 34 | GAGULTHA | 1000.00 | 400.00 | 400.00 | 500.00 | 500.00 |
| 35 | GEOVALLY | 1000.00 | 900.00 | 1100.00 | 800.00 | 2100.00 |
| 36 | IDAMATTAM | 3,000.00 | 2500.00 | 2000.00 | 2000.00 | 3500.00 |
| 37 | JAIGIRI | 1000.00 | - | - | - | - |
| 38 | JOSEMOUNT | 850.00 | - | - | - | - |
| 39 | JOSEGIRI | 2100.00 | 1000.00 | - | - | 1200.00 |
| 40 | KADANAD | 6500.00 | 400.00 | 8820.00 | 7503.00 | 8180.00 |
| 41 | KADAPLAMATTAM | 3000.00 | 2000.00 | 3000.00 | 3000.00 | 5000.00 |
| 42 | KADUTHURUTHY | 8000.00 | - | - | - | - |
| 43 | KAIPPALLY | - | - | 500.00 | - | - |
| 44 | KAKKOOR | - | - | - | - | - |
| 45 | KAKOMBU | 1200.00 | 800.00 | 1150.00 | 800.00 | 850.00 |
| 46 | KALATHOOKADAVU | - | 3000.00 | 3000.00 | 2000.00 | 2000.00 |
| 47 | KALATHOOR | 2200.00 | - | - | - | - |
| 48 | KALIKAVU | 8442.00 | 15679.00 | - | - | 11276.00 |
| 49 | KANJIRAMATTAM | 1500.00 | 1500.00 | 4000.00 | 2000.00 | 4000.00 |
| 50 | KANJIRATHANAM | 5000.00 | 3000.00 | 2500.00 | 3,500.00 | 3000.00 |
| 51 | KARIMPANY | - | - | - | - | - |
| 52 | KAROOR | 1500.00 | 1000.00 | 1700.00 | 2000.00 | 1,500.00 |
| 53 | KATTAMPAK | 1000.00 | 1000.00 | 1000.00 | 3880.00 | 3,000.00 |
| 54 | KAVALY | 700.00 | 500.00 | 500.00 | 700.00 | 1,000.00 |
| 55 | KAVEEKUNNU | - | - | - | - | - |
| 56 | KAVUMKANDAM | 2800.00 | 2100.00 | 2500.00 | 2,800.00 | 2,000.00 |

| | | | | | | |
|---|---|---|---|---|---|---|
| 57 | KAYYOOR | 500.00 | 700.00 | 600.00 | 500.00 | 600.00 |
| 58 | KEEZHOOR | 800.00 | - | - | - | - |
| 59 | KIZHAPARAYAR | 1500.00 | 1500.00 | 1600.00 | 1750.00 | 3450.00 |
| 60 | KIZHATHADIYOOR | 10735.00 | 12,143.00 | 12585.00 | 12053.00 | 8310.00 |
| 61 | KONDAD | 300.00 | 400.00 | 350.00 | 350.00 | 700.00 |
| 62 | KOODALLOOR | 5000.00 | 9000.00 | 5000.00 | 5000.00 | 15000.00 |
| 63 | KOOTHATTUKULAM | 10000.00 | 5000.00 | 5000.00 | 8000.00 | 9000.00 |
| 64 | KOOTTIKAL | 1,900.00 | 2,000.00 | 2,050.00 | 3,600.00 | 3,600.00 |
| 65 | KOTHANALLOOR | 20000.00 | 15000.00 | 17000.00 | 14500.00 | 11000.00 |
| 66 | KOZHUVANAL | 1500.00 | 1000.00 | 1000.00 | 1500.00 | 1500.00 |
| 67 | KUDAKKACHIRA | 3000.00 | 3000.00 | 4,143.00 | - | 3012.00 |
| 68 | KUDAYATHOOR | 1200.00 | 1000.00 | 1250.00 | - | 2000.00 |
| 69 | KULAMAVU | 650.00 | - | - | - | - |
| 70 | KUNNONNI | 2500.00 | - | 2000.00 | 2000.00 | 2316.00 |
| 71 | KURAVILANGAD | 10260.00 | - | 23400.00 | 22060.00 | - |
| 72 | KURICHITHANAM | 6806.00 | - | 5810.00 | 5620.00 | - |
| 73 | KURINJI | 500.00 | 500.00 | 500.00 | 500.00 | 2,800.00 |
| 74 | KURUMANNU | 1000.00 | - | - | - | - |
| 75 | KURUVINAL | 2,000.00 | 1000.00 | 1000.00 | 1000.00 | - |
| 76 | LALAMNEWPALAI | 12870.00 | - | - | 12100.00 | 9500.00 |
| 77 | LALAMOLDPALAI | 9200.00 | 8000.00 | 10200.00 | 8000.00 | 8320.00 |
| 78 | LOURDESMOUNT | 300.00 | 360.00 | 300.00 | 320.00 | 450.00 |
| 79 | MALAPURAM | 2200.00 | 2000.00 | 2000.00 | 2000.00 | 2500.00 |
| 80 | MALAYINCHIPARA | 1800.00 | - | - | - | - |
| 81 | MALLIKASSERY | 2000.00 | 2500.00 | 2500.00 | 3500.00 | 2500.00 |
| 82 | MANALUMKAL | 1000.00 | 1000.00 | 1000.00 | 2000.00 | 2500.00 |
| 83 | MANATHOOR | 1000.00 | - | 1000.00 | - | 5000.00 |
| 84 | MANGALAGIRI | 800.00 | - | - | - | - |
| 85 | MANGALARAM | 2000.00 | 1000.00 | 1000.00 | 2000.00 | 3000.00 |
| 86 | MANIAMKULAM | - | - | - | - | - |

| | | | | | | |
|---|---|---|---|---|---|---|
| 87 | MANIAMKUNNU | 3500.00 | - | - | - | - |
| 88 | MANJAMATTAM | 1279.00 | 1390.00 | 1428.00 | 1312.00 | 2100.00 |
| 89 | MANNACKANAD | 1500.00 | 1500.00 | 1500.00 | 3500.00 | 5000.00 |
| 90 | MANNAR | 5000.00 | 5000.00 | 5000.00 | 5000.00 | 6960.00 |
| 91 | MANNARAPPARA | 6280.00 | 5500.00 | 5600.00 | 10,500.00 | 13,000.00 |
| 92 | MANVETTAM | 2000.00 | - | - | - | - |
| 93 | MARANGATTUPALLY | 9095.00 | 5445.00 | 5236.00 | 5523.00 | 8546.00 |
| 94 | MARANGOLY | 2488.00 | - | 3,049.00 | - | 3,074.00 |
| 95 | MARYLAND | 750.00 | 750.00 | 750.00 | 800.00 | 1200.00 |
| 96 | MATTAKKARA | - | - | - | - | - |
| 97 | MAVADY | 500.00 | - | - | - | - |
| 98 | MEENACHIL | - | - | - | - | - |
| 99 | MELUKAVUMATTAM | 2,000.00 | 2500.00 | 2500.00 | 4,000.00 | 5,000.00 |
| 100 | MEVIDA | 1,000.00 | 2000.00 | 2000.00 | 2000.00 | 4800.00 |
| 101 | MONIPPALLY | 2,190.00 | - | - | - | - |
| 102 | MOOLAMATTAM | - | - | - | - | - |
| 103 | MOONNANI | 260.00 | 310.00 | 210.00 | 240.00 | 300.00 |
| 104 | MOONNILAVU | - | - | - | - | - |
| 105 | MOOZHOOR | - | - | - | - | - |
| 106 | MULAKULAM | - | - | - | - | - |
| 107 | MUNDANKAL | 6000.00 | 7000.00 | 6000.00 | - | 7000.00 |
| 108 | MUTHOLAPURAM | - | - | - | - | - |
| 109 | MUTHOLY | - | - | 4306.00 | 5409.00 | - |
| 110 | MUTTUCHIRA FORANE | 5000.00 | 4200.00 | 2500.00 | 12000.00 | 24954.00 |
| 111 | NAMBIAKULAM | 2000.00 | 1000.00 | 1000.00 | 1000.00 | 5855.00 |
| 112 | NARIANGANAM | 500.00 | - | - | - | - |
| 113 | NEELOOR | 5000.00 | 2,000.00 | 3000.00 | 3000.00 | 5000.00 |
| 114 | NEERANTHANAM | 1000.00 | - | - | - | - |
| 115 | NELLAPPARA | 800.00 | 800.00 | 800.00 | 800.00 | 1000.00 |
| 116 | NELLIANI | 1450.00 | 1400.00 | 1300.00 | 1800.00 | 1850.00 |

| | | | | | | |
|---|---|---|---|---|---|---|
| 117 | PADUVA | - | - | - | - | - |
| 118 | PAIKA | 1,000.00 | 500.00 | 500.00 | 1000.00 | 2000.00 |
| 119 | PAINGULAM | - | - | - | - | - |
| 120 | PALAICATHEDRAL | 27000.00 | 32104.00 | 30000.00 | 30000.00 | 26000.00 |
| 121 | PALAKAD | 200.00 | 250.00 | 250.00 | 250.00 | 6550.00 |
| 122 | PALAKATTUMALA | 1000.00 | 1200.00 | 1200.00 | 1000.00 | 1100.00 |
| 123 | PALAYAM | 1000.00 | 1000.00 | 1000.00 | 1000.00 | 1500.00 |
| 124 | PARATHANAM | 650.00 | 650.00 | 650.00 | 700.00 | 700.00 |
| 125 | PAYYANITHOTTAM | 1500.00 | 1000.00 | 1000.00 | 1000.00 | 1500.00 |
| 126 | PERIAPURAM | 1,835.00 | - | 2,165.00 | - | - |
| 127 | PERINGULAM | - | - | - | - | - |
| 128 | PERUMTHURUTH | 500.00 | 500.00 | 500.00 | 500.00 | 1000.00 |
| 129 | PIRAVOM | 3500.00 | 3500.00 | 3000.00 | 3500.00 | 4000.00 |
| 130 | PIUSMOUNT | - | - | - | - | - |
| 131 | PIZHAKU (URUMPUKAVU) | 1000.00 | 1000.00 | 2000.00 | 2000.00 | 3000.00 |
| 132 | PLASSANAL | - | 3335.00 | 2222.00 | 5005.00 | 9003.00 |
| 133 | POONJAR | 2000.00 | 2,500.00 | 3,000.00 | 6,000.00 | 6,000.00 |
| 134 | POOVAKULAM | 600.00 | - | - | - | - |
| 135 | POOVARANY | - | - | - | - | - |
| 136 | POOVATHODU | 1252.00 | 1214.00 | 968.00 | 1072.00 | 2710.00 |
| 137 | POOZHIKOL | 1000.00 | - | - | - | - |
| 138 | PRAVITHANAM | 2000.00 | - | - | - | 7830.00 |
| 139 | RAMAPURAM | 5000.00 | - | - | - | 9000.00 |
| 140 | RATNAGIRI | 17000.00 | 17000.00 | 15000.00 | 17000.00 | 13000.00 |
| 141 | SANTHIGIRI | 950.00 | 350.00 | 400.00 | 350.00 | 1000.00 |
| 142 | SANTHIPURAM | 1000.00 | - | - | - | - |
| 143 | SIBIGIRI | 5000.00 | - | - | - | - |
| 144 | SLIVAPURAM | 500.00 | 400.00 | 400.00 | 500.00 | 1000.00 |
| 145 | TEEKOY | - | - | 6000.00 | 10000.00 | 13609.00 |
| 146 | THAKADI | 300.00 | - | - | - | - |

| | | | | | | |
|---|---|---|---|---|---|---|
| 147 | THIDANAD | 4720.00 | 2500.00 | 3000.00 | 2500.00 | 5000.00 |
| 148 | THIRUMARADY | 1000.00 | 800.00 | 1000.00 | 1000.00 | 1200.00 |
| 149 | THODANAL | 2,155.00 | 3,546.00 | 2,449.00 | 2,750.00 | 2,655.00 |
| 150 | THUDANGANAD FORANE | 1346.00 | 2340.00 | 1280.00 | 2410.00 | 2540.00 |
| 151 | THURUTHIPALLY | 650.00 | 10,813.00 | 9,403.00 | 8,025.00 | 9,035.00 |
| 152 | UDAYAGIRI | 1320.00 | 2500.00 | 5636.00 | 4405.00 | 4048.00 |
| 153 | ULLANAD | 1,500.00 | 3000.00 | 3000.00 | 3000.00 | 6100.00 |
| 154 | URULIKUNNAM | 1300.00 | 1100.00 | 1200.00 | 1500.00 | 1150.00 |
| 155 | VADAKARA | 2000.00 | - | - | - | - |
| 156 | VAGAMON | 840.00 | - | - | - | - |
| 157 | VAKAKKAD | 3100.00 | 1100.00 | 2500.00 | 2750.00 | 2000.00 |
| 158 | VAKKAD | 800.00 | 800.00 | 800.00 | 800.00 | 1200.00 |
| 159 | VALACHIRA | 500.00 | - | - | 1,000.00 | - |
| 160 | VALAVOOR | 1250.00 | 600.00 | 1600.00 | 2300.00 | 3100.00 |
| 161 | VARIANIKKAD | - | - | - | - | - |
| 162 | VAYALA | 2800.00 | 1800.00 | 2200.00 | 3200.00 | 3100.00 |
| 163 | VEDAGIRI | 1000.00 | 500.00 | 500.00 | 500.00 | 2000.00 |
| 164 | VELANILAM | 500.00 | - | - | - | - |
| 165 | VELLIAMATTAM | 1500.00 | - | - | - | - |
| 166 | VELLIKULAM | 750.00 | 800.00 | 900.00 | 600.00 | 800.00 |
| 167 | VEZHAGANAM | 300.00 | 200.00 | 300.00 | - | - |
| 168 | VILAKUMADAM | 1000.00 | - | - | - | - |
| 169 | VIMALAGIRI | 500.00 | 500.00 | 500.00 | 500.00 | 500.00 |
| 170 | XAVIERPURAM | 506.00 | 515.00 | 515.00 | 525.00 | 2114.00 |
| 171 | YENTHAYAR | 8000.00 | 7000.00 | 8000.00 | 11000.00 | 7300.00 |
| **INSTITUTIONS** | | | | | | |
| 172 | KALLORKULAM CHAPEL | - | - | - | - | - |
| 173 | VALAKATTU KUNNU CHAPEL | 700.00 | 600.00 | 1000.00 | 1000.00 | - |

# SANCTIONED NCF AMOUNT 2024-25

| Sl.No. | Name of the Parish | Amount |
|---|---|---|
| 1 | Adivaram | 75,000.00 |
| 2 | Adukkom | 113,396.00 |
| 3 | Arakkulam Old | 150,000.00 |
| 4 | Chennad | 126,864.00 |
| 5 | D C M S | 100,000.00 |
| 6 | Fathimapuram | 250,366.00 |
| 7 | Kaippally | 75,000.00 |
| 8 | Kavumkandom | 150,000.00 |
| 9 | Kayyoor | 576,000.00 |
| 10 | Kizhaparayar | 307,642.00 |
| 11 | Kudayathoor | 634,444.00 |
| 12 | Kurinji | 100,000.00 |
| 13 | Malappuram | 674,657.00 |
| 14 | Manjamattom | 150,000.00 |
| 15 | Marangoly | 141,115.00 |
| 16 | Mattathippara | 116,951.00 |
| 17 | Monippally | 100,000.00 |
| 18 | Monnani | 120,660.00 |
| 19 | Moonnilav | 229,056.00 |
| 20 | Mount Nebo | 700,000.00 |
| 21 | Nambiakulam | 400,000.00 |
| 22 | Pala Communications | 250,000.00 |
| 23 | Palakkad | 120,120.00 |
| 24 | Parathanam | 346,378.00 |
| 25 | Payyanithottam | 217,653.00 |
| 26 | Perumthuruth | 228,988.00 |
| 27 | Poovathodu | 532,520.00 |
| 28 | Santhigiri | 209,710.00 |
| 29 | Thirumarady | 214,489.00 |
| 30 | Urulikunnam | 150,000.00 |
| 31 | Vagamon | 250,000.00 |
| 32 | Valavoor | 150,000.00 |
| 33 | Varianikad | 75,000.00 |
| 34 | Vellikulam | 350,000.00 |




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകൾ**

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകളുണ്ട്. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം jobs@marsleevamedicity.com എന്ന മെയിലിലേക്ക് അപേക്ഷകൾ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്കു 9188525970, 8281699258, 04822 266813/814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റിയിൽ നിയോനറ്റൽ പരിശീലനപരിപാടി നടത്തി**

ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് എം.എൻ.എഫ്. ആൻഡ് ഐ.എ.പി. കോട്ടയം ബ്രാഞ്ചിന്റെ നേതൃത്വത്തിൽ ബേസിക് നിയോനറ്റൽ റിസസിറ്റേഷൻ പരിശീലനപരിപാടി ഫസ്റ്റ് ഗോൾഡൻ മിനിറ്റ് എന്ന പേരിൽ മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തി. മാർ സ്ലീവാ മെഡിസിറ്റി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. ഐ.എ.പി. കോട്ടയം ബ്രാഞ്ച് പ്രസിഡന്റ് ഡോ.ഡി. ബാലചന്ദ്രൻ അധ്യക്ഷത വഹിച്ചു. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, ബി.ആൻ.ആർ.പി. കോഓർഡിനേറ്റർ ഡോ. പി.ജി. രഞ്ജിത്ത്, മാർ സ്ലീവാ മെഡിസിറ്റി പീഡിയാട്രിക്സ് വിഭാഗം തലവനും സീനിയർ കൺസൾട്ടന്റുമായ ഡോ. ജിസ് തോമസ്, പീഡിയാട്രിക്സ് ആൻഡ് നിയോനറ്റോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. സിസ്റ്റർ ജ്യോതിസ് ജെയിംസ്, നിയോനറ്റോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. അനിൽ നാരായണൻ എന്നിവർ പ്രസംഗിച്ചു.

**പാമ്പു കടിയേറ്റ യുവതിക്ക് പ്രതിയുമായി പോയ പൊലീസ് വാഹനം രക്ഷകരായി.**

പാമ്പുകടിയേറ്റ യുവതിയെ പ്രതിയുമായി പോയ ചങ്ങനാശേരി പൊലീസിന്റെ വാഹനം പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ എത്തിച്ചു ജീവൻ രക്ഷപ്പെടുത്തി. കാനം കാപ്പുകാട് സ്വദേശിനിയായ യുവതിയെ രാത്രിയിൽ വീടിന്റെ മുറ്റത്ത് വച്ചാണ് പാമ്പ് കടിച്ചത്. ആശുപത്രിയിൽ എത്തിക്കുന്നതിനായി ആംബുലൻസ് വിളിച്ചശേഷം യുവതിയെ എടുത്ത് ഭർത്താവ് റോഡിലേക്ക് ഓടി. ആംബുലൻസിനായി വഴിയിൽ കാത്തുനിൽക്കുന്നതിനിടെയാണ് മോഷണക്കേസിലെ പ്രതിയെ പൊൻകുന്നം സബ് ജയിലിൽ പ്രവേശിപ്പിക്കുന്നതിനായി ചങ്ങനാശേരി പൊലീസിന്റെ വാഹനം ഇതുവഴിയെത്തത്. വഴിയിലെ ആൾക്കൂട്ടം കണ്ട് ചങ്ങനാശേരി എസ്.ഐ. ടി.എം. എബ്രഹാമിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം വാഹനം നിർത്തി. പാമ്പു കടിയേറ്റ വിവരം അറിഞ്ഞ ഉടൻ വിലങ്ങണിഞ്ഞിരുന്ന പ്രതിയെ പിൻസീറ്റിലേക്ക് മാറ്റി ഇരുത്തിയശേഷം ഇവർ രേഷ്മയെയും പ്രദീപിനെയും പൊലീസ് വാഹനത്തിൽ കയറ്റി മാർ സ്ലീവാ മെഡിസിറ്റിയിൽ എത്തിക്കുകയായിരുന്നു. യുവതി സുഖം പ്രാപിക്കുകയും ചെയ്തു. പൊലീസിന്റെ നന്മയ്ക്ക് കുടുംബാംഗങ്ങളും ആശുപത്രിയധികൃതരും നന്ദിയും അനുമോദനങ്ങളും അറിയിച്ചു.

**അപകടത്തിൽ ചലനശേഷി ഇല്ലാതായ യുവാവിന്റെ ഇടതുകൈ പുനർജീവിപ്പിച്ച് മാർ സ്ലീവാ മെഡിസിറ്റി**

അപകടത്തെത്തുടർന്നു പൂർണമായി ചലനശേഷി ഇല്ലാതായ യുവാവിന്റെ ഇടതുകൈ അപൂർവ്വശസ്ത്രക്രിയയിലൂടെ മാർ സ്ലീവാ മെഡിസിറ്റിയിൽ പുനർജീവിപ്പിച്ചു. ഒന്നരവർഷത്തോളം ചലനമില്ലാതിരുന്ന ഇടതുകൈ സാധാരണ നിലയിലായതോടെ ഇരുപത്തഞ്ചുകാരനായ യുവാവ് വീണ്ടും പുതുജീവിതത്തിലേക്കു പ്രവേശിച്ചു. കാഞ്ഞിരപ്പള്ളി സ്വദേശിയും മിനിട്രാൻസ്പോർട്ട് വാഹനത്തിന്റെ ഡ്രൈവറുമായ യുവാവാണ് സാധാരണജീവിതത്തിലേക്കു തിരിച്ചെത്തിയത്. ഒന്നര വർഷംമുമ്പ് റാന്നി – മണിമല റൂട്ടിൽവച്ചാണ് യുവാവ് അപകടത്തിൽപ്പെട്ടത്. ഇടതുകയ്യിലേക്കുള്ള ഞരമ്പുകൾ സുഷുമ്നനാഡിയിൽനിന്നു വേർപെട്ടതിനെത്തുടർന്ന് ഇടതുകൈയുടെ ചലനശേഷി പൂർണ്ണമായി നഷ്ടപ്പെട്ടു. ഇതേത്തുടർന്നു മാർ സ്ലീവാ മെഡിസിറ്റിയിൽ പ്ലാസ്റ്റിക് ആൻഡ് റീ കൺസ്ട്രക്ടീവ് സർജറി വിഭാഗത്തിൽ ചികിത്സ തേടുകയായിരുന്നു. ആശുപത്രി ചീഫ് ഓഫ് മെഡിക്കൽ സർവീസും സീനിയർ കൺസൾട്ടന്റുമായ എയർ കോമഡോർ ഡോ. പോളിൻ ബാബുവിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ സുഷുമ്നനാഡിയിൽനിന്ന് ഇടതുവശത്തേക്കുള്ള ഞരമ്പുകൾ പൂർണമായി മുറിഞ്ഞുപോയതായി കണ്ടെത്തി. ഇടതുകൈ വീണ്ടും ചലിപ്പിക്കുന്നതിനായി വലതു കൈയിലേക്കുള്ള ഞരമ്പിൽനിന്ന് ഇടതുവശത്തേക്ക് പുതിയ ഞരമ്പ് ഗ്രാഫ്റ്റ് ചെയ്തുവയ്ക്കുന്ന ശസ്ത്രക്രിയയാണ് നടത്തിയത്. മണിക്കൂറുകൾ നീണ്ട അതിസൂക്ഷ്മ മൈക്രോ ശസ്ത്രക്രിയയിലൂടെയാണ് പുതിയ ഞരമ്പ് പിടിപ്പിച്ചത്. ചലനശേഷി പൂർണമായി തിരിച്ച് ലഭിച്ച യുവാവ് വീണ്ടും ജോലിയിൽ പ്രവേശിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ലോകരോഗിസുരക്ഷാദിനം ആചരിച്ചു**

ലോകരോഗിസുരക്ഷാദിനത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റിയിൽ ബോധവത്കരണപ്രദർശനപരിപാടിയും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ ലോഞ്ചിംഗും നടന്നു. ആശുപത്രിയിലെ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടത്തിയ ബോധവത്കരണപ്രദർശനപരിപാടി പൊതുജനങ്ങൾക്ക് ആരോഗ്യ സുരക്ഷയുടെ പുത്തൻ അറിവുകൾ പകർന്നുനൽകി. പൊതുസമ്മേളനം ഉദ്ഘാടനവും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ ലോഞ്ചിംഗും ഐ.എം.എ. പാലാ യൂണിറ്റ് പ്രസിഡന്റ് ഡോ. ശബരീനാഥ് നിർവ്വഹിച്ചു. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ.ഫാ. ജോസ് കീരഞ്ചിറ, ചീഫ് ഓഫ് മെഡിക്കൽ സർവ്വീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, ആശുപത്രി സേഫ്റ്റി സീനിയർ മാനേജർ ഷാജിമോൻ, ഓപ്പറേഷൻസ് സീനിയർ മാനേജർ അനൂപ് ചാക്കോ, ഓപ്പറേഷൻസ് മാനേജർ ജിജു മാത്യൂസ് എന്നിവർ പ്രസംഗിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ കെയർ കാർ സർവ്വീസ് ആരംഭിച്ചു.**

മാർ സ്ലീവാ മെഡിസിറ്റിയിൽ എത്തുന്നവർക്ക് പാർക്കിംഗ് മൈതാനത്തു നിന്ന് ആശുപത്രിയിലേക്ക് എത്തുന്നതിനും തിരിച്ചു പാർക്കിംഗ് മൈതാനത്തേക്ക് പോകുന്നതിനുമായി കെയർ കാർ സർവ്വീസ് ആരംഭിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ കെയർ കാർ സർവ്വീസ് നടത്തുന്ന വാഹനങ്ങളുടെ വെഞ്ചരിപ്പ് നിർവ്വഹിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ അഞ്ചാം വാർഷികദിനവും ഓണാഘോഷവും നടത്തി.**

മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികദിനമായ സെപ്റ്റംബർ 13 ന് പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ കാർമികത്വത്തിൽ ആശുപത്രി ചാപ്പലിൽ കുർബാന അർപ്പിച്ചു. ഓണാഘോഷപരിപാടികളും വിപുലമായി നടത്തി. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ വിവിധ മൽസരങ്ങളിൽ വിജയിച്ചവർക്കു സമ്മാനദാനം നടത്തി.

**മാനേജ്മെന്റ് സെമിനാറിൽ മെഡിക്കൽ പാർട്നറായി സേവനം നൽകി**

കോട്ടയം ആർ.ടി 79, കോട്ടയം റബ്ബർ ടൗൺ ആർ.ടി 121, കോട്ടയം എൽ.സി 48, കോട്ടയം എൽസി 48 എന്നീ സംഘടനകളുടെ നേതൃത്വത്തിൽ കുമരകം ബാക്ക് വാട്ടർറിപ്പിൾസിൽ നടത്തിയ മാനേജ്മെന്റ് സെമിനാറിൽ മാർ സ്ലീവാ മെഡിസിറ്റി മെഡിക്കൽ പാർട്നറായി സൗജന്യസേവനം നൽകി.

**സൗജന്യ എച്ച്ബിഎ1സി പരിശോധന ക്യാമ്പ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പൊതുജനങ്ങൾക്കായി പാലാ മാർ സ്ലീവാ സർവ്വീസ് സെന്ററിൽ വച്ച് സൗജന്യ എച്ച്ബിഎ1സി പരിശോധന ക്യാമ്പ് നടത്തി.

**സൗജന്യബോധവൽക്കരണ ക്ലാസ്സ് – പാമ്പാടിയിൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാമ്പാടി സീനിയർ സിറ്റിസൺസ് ഫോറവുമായി സഹകരിച്ച് മുതിർന്നവരിലെ ശ്വാസകോശപ്രശ്നങ്ങൾ

എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സ് നടത്തി. പൾമനറി വിഭാഗം കൺസൾട്ടന്റ് ഡോ. ജെയ്സി തോമസ് ക്ലാസ്സ് നയിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പ് – ആർപ്പൂക്കരയിൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ആർപ്പൂക്കര പുലിക്കുട്ടിശ്ശേരി ലിറ്റിൽ ഫ്ളവർ ചർച്ച് ഹാളിൽ വച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. വിദഗ്ധ ഡോക്ടർമാർ നേതൃത്വം നൽകി.

**സൗജന്യ രക്തദാന ക്യാമ്പ് – അരുവിത്തുറയിൽ**

അരുവിത്തുറ സെന്റ് ജോർജ് ഫൊറോന ചർച്ചിന്റെ നേതൃത്വത്തിൽ മാർ സ്ലീവാ മെഡിസിറ്റിയുമായി സഹകരിച്ച് സൗജന്യരക്തദാനക്യാമ്പ് നടത്തി.

**സൗജന്യ ബി.എൽ.എസ്. പരിശീലനപരിപാടി – ഉഴവൂരിൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഉഴവൂർ ഒ.എൽ.എൽ ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റുകൾക്കായി സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനപരിപാടി നടത്തി.

**സൗജന്യ മെഡിക്കൽക്യാമ്പ് – അരുവിത്തുറയിൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അരുവിത്തുറ സെന്റ് ജോർജ് ഫൊറോനപള്ളി പിതൃവേദി, മാതൃവേദി, ലയൺസ് ക്ലബ്ബ് ഓഫ് അരുവിത്തുറ എന്നിവയുമായി സഹകരിച്ച് മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി. സെന്റ് ജോർജ് ഫൊറോനപള്ളി വികാരി റവ.ഫാ.സെബാസ്റ്റ്യൻ വെട്ടുകല്ലേൽ ഉദ്ഘാടനം നിർവ്വഹിച്ചു. ലയൺസ് ഡിസ്ട്രിക്ട് ചീഫ് പ്രൊജക്ട് കോഓർഡിനേറ്റർ സിബി മാത്യു പ്ലാത്തോട്ടം അധ്യക്ഷത വഹിച്ചു.

**ഡോ. കൃഷ്ണപ്രിയ ജി. ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റി ആയുഷ് വകുപ്പിൽ സിദ്ധവിഭാഗം കൺസൾട്ടന്റായി ഡോ. കൃഷ്ണപ്രിയ ജി. ചുമതലയേറ്റു.

**ഡോ. സഫലിയ ചുമതലയേറ്റു.**

മാർ സ്ലീവാ മെഡിസിറ്റി പീഡിയാട്രിക് ക്രിട്ടിക്കൽ കെയർ വിഭാഗത്തിൽ അസോസിയേറ്റ് കൺസൾട്ടന്റായി ഡോ. സഫലിയ ചുമതലയേറ്റു.

**മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം മേജർ ആർച്ചുബിഷപ് കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.**

മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികാഘോഷങ്ങൾ സീറോ മലങ്കര കത്തോലിക്ക സഭ മേജർ ആർച്ചുബിഷപ് കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. ആശുപത്രിയെ പേപ്പർലെസ് ആശുപത്രിയായി പ്രഖ്യാപിക്കലും ബിഷപ് നിർവ്വഹിച്ചു. പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയും മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികവും പ്രമാണിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 7 കമ്മ്യൂണിറ്റി സ്കീമുകളുടെ പ്രഖ്യാപനം മന്ത്രി റോഷി അഗസ്റ്റിനും 5 സാമൂഹികപദ്ധതികളുടെ പ്രഖ്യാപനം മോൻസ് ജോസഫ് എംഎൽഎയും

നിർവ്വഹിച്ചു. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ.ജോസഫ് കണിയോടിക്കൽ, ഐ.ടി. ഡയറക്ടർ റവ. ഡോ. ജോസഫ് കരികുളം, നഴ്സിംഗ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കണിയാംപടിക്കൽ എന്നിവർ പ്രസംഗിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ കാർഡിയാക് സയൻസസിന്റെ പ്രഖ്യാപനം നടത്തി.**

ലോകഹൃദയാരോഗ്യദിനത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റിയിൽ കാർഡിയോളജി വിഭാഗത്തെയും കാർഡിയാക് സർജറി വിഭാഗത്തെയും യോജിപ്പിച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് കാർഡിയാക് സയൻസസിന്റെ പ്രഖ്യാപനം നടത്തി. ഫ്രാൻസിസ് ജോർജ് എംപി പ്രഖ്യാപനം നിർവ്വഹിച്ചു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. കാർഡിയാക് സയൻസസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ സീനിയർ കൺസൾട്ടന്റും കാർഡിയാക് സയൻസസ് വിഭാഗം ഹെഡുമായ ഡോ.രാംദാസ് നായിക് വിശദീകരിച്ചു. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, കൺസൾട്ടന്റ് ഡോ. രാജീവ് ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. കാർഡിയാക് സയൻസസ് വിഭാഗത്തിന്റെ പ്രഖ്യാപനത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റിയിൽ ചികിത്സ തേടിയവർക്കായി ആരോഗ്യമുള്ള ഹൃദയം എന്ന വിഷയത്തിൽ ബോധവത്കരണ പരിപാടിയും നടത്തി. സീനിയർ കൺസൾട്ടന്റുമാരായ ഡോ. രാജു ജോർജ്, ഡോ. ജെയിംസ് തോമസ്, സീനിയർ കൺസൾട്ടന്റും കാർഡിയാക് സർജനുമായ ഡോ. കൃഷ്ണൻ സി, സീനിയർ കൺസൾട്ടന്റും കാർഡിയാക് അനസ്തെറ്റിസ്റ്റുമായ ഡോ. നിതീഷ് പി.എൻ. എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ലോക ഹൃദയദിനത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി ഫിറ്റ്നെസ് ചലഞ്ചും നടന്നു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**അഭിവന്ദ്യപിതാക്കന്മാരുടെ സന്ദർശനം**

സീറോ മലബാർ സഭയുടെ അഞ്ചാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ സംബന്ധിക്കാൻ എത്തിയ മുപ്പതോളം പിതാക്കന്മാർ അസംബ്ലിക്കുശേഷം വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.

**ജപ്പാനിൽനിന്ന് തീർത്ഥാടകർ**

സെപ്റ്റംബർ മാസത്തിൽ ജപ്പാനിൽനിന്ന് ഒരുസംഘം തീർത്ഥാടകർ വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.

**അസിസ്റ്റന്റ് പോസ്റ്റുലേറ്ററിന്റെ സന്ദർശനം**

അൽഫോൻസാമ്മയുടെ നാമകരണനടപടികളുടെ അസിസ്റ്റന്റ് പോസ്റ്റുലേറ്ററായിരുന്ന മോൺ. പോൾ പള്ളത്ത് സെപ്റ്റംബർ 22 ഞായറാഴ്ച കബറിടത്തിങ്കൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. അദ്ദേഹം ഇപ്പോൾ വിശുദ്ധരുടെ നാമകരണനടപടികൾക്കായുള്ള കാര്യാലയത്തിൽ റിലേറ്ററായി സേവനം ചെയ്യുന്നു.

**കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ**

സെപ്റ്റംബർ 14, വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾദിനത്തിൽ കബറിടദേവാലയത്തിൽ ആഘോഷമായ വി. കുർബാനയും സ്ലീവാചുംബനവും നടത്തി.

**ഹിന്ദി ദേശീയസെമിനാർ**

ഒക്ടോബർ മാസത്തിൽ നടത്താൻ ഉദ്ദേശിച്ചിരിക്കുന്ന 'പ്രേമോത്സർഗ്ഗ്' ഹിന്ദി ദേശീയ സെമിനാറിന്റെ നടത്തിപ്പിനെക്കുറിച്ച് ആലോചിക്കുന്നതിനായി കമ്മിറ്റി അംഗങ്ങളുടെ ഒരു മീറ്റിംഗ് സെപ്റ്റംബർ എട്ടിന് സെന്റ് അൽഫോൻസാ സ്പിരി ചാലിറ്റി സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന അന്യസംസ്ഥാനക്കാരായ സഹോദരങ്ങൾക്കുവേണ്ടി ആദ്യഞായറാഴ്ചകളിൽ നടത്തിവരുന്ന അനുരഞ്ജനശുശ്രൂഷയ്ക്കും വിശുദ്ധ കുർബാനയ്ക്കും സെപ്റ്റംബർ ഒന്നിന് ബഹുമാനപ്പെട്ട ഫാ. ബാബു കാക്കാനി യിൽ എസ്.വി.ഡി. നേതൃത്വം നൽകി.

**രാത്രിയാരാധന**

സെപ്റ്റംബർ 28 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യ ത്തിൽ വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ രാത്രിയാരാധന നടത്തി. വൈകിട്ട് 7 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച ആരാധന പിറ്റേദിവസം രാവിലെ നാലുമണിക്ക് വി. കുർബാനയോടെ സമാപിച്ചു. വചനശുശ്രൂഷയ്ക്ക് ഫാ. ആദർശ് കുമ്പളത്ത് (മൗണ്ട് കാർമൽ റിട്രീറ്റ് സെന്റർ, തിരുവനന്തപുരം) നേതൃത്വം നൽകി.

**സെപ്റ്റംബർ മാസത്തിൽ ജപമാല പ്രദർശനത്തിന് നേതൃത്വം നൽകിയ ഇടവകകൾ**

സെപ്റ്റംബർ 7 - മംഗളാരാം
സെപ്റ്റംബർ 14 - മഞ്ഞാമറ്റം
സെപ്റ്റംബർ 21 - കാളികാവ്
സെപ്റ്റംബർ 28 - ചെമ്പിളാവ്

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജേക്കബ് അങ്ങാടിയത്ത് - (ബിഷപ് എമിരിറ്റസ്- ചിക്കാഗോ)
മാർ ജോയ് ആലപ്പാട്ട് - (ചിക്കാഗോ)
മാർ സെബാസ്റ്റ്യൻ വടക്കേൽ - (ഉജ്ജയ്ൻ)
മാർ ജെയിംസ് അത്തിക്കളം - (സാഗർ)
മാർ ജോസഫ് സ്രാമ്പിക്കൽ - (ഗ്രേറ്റ് ബ്രിട്ടൻ)

**ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. CTP കോഴ്സ് 2024 -2025**

2024-2025 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ക്ലാസ്സുകൾ സെപ്റ്റംബർ 14,16,17,21 എന്നീ തീയതികളിൽ നടന്നു. റവ. ഡോ. ജോസഫ് മുത്തനാട്ട്, റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ, റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

ഒക്ടോബർ മാസത്തിലെ ക്ലാസ്സുകൾ :

ഒക്ടോബർ 02, 31 - Liturgy : Rev. Dr. George Varghese Njarakunnel

**2.സാഹിത്യമത്സരങ്ങൾ 2024- 2025**

ഈ വർഷത്തെ രൂപതാകലോത്സവത്തിന്റെ ഭാഗമായുള്ള രൂപതാതല സാഹിത്യമത്സരങ്ങൾ 2024 സെപ്റ്റംബർ 1 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.45 ന് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെട്ടു.

**3. സാഹിത്യമത്സരങ്ങളുടെ റിസൾട്ട്**

2024 സെപ്റ്റംബർ 1 ഞായറാഴ്ച നടത്തിയ രൂപതാതല സാഹിത്യമത്സരങ്ങളുടെ ഫലം സെപ്റ്റംബർ 16 തിങ്കളാഴ്ച പ്രസിദ്ധീകരിച്ചു. കലോത്സവനടത്തിപ്പിനായി രൂപീകരിച്ചിട്ടുള്ള Web Portal-ൽനിന്ന് ഓരോ സൺഡേസ്കൂളിന്റെയും ഫലം download ചെയ്ത് എടുക്കാൻ സാധിക്കുന്നതാണ്. പങ്കെടുത്ത എല്ലാവർക്കും പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും അനുമോദനങ്ങൾ. വിജയികളായവക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

**4.അദ്ധ്യാപകസംഗമം**

പാലാ രൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് 2024 സെപ്റ്റംബർ 22 -ാം തീയതി ഏഴാം ക്ലാസിലെ അധ്യാപകർക്കായി പ്രത്യേകസംഗമം നടത്തി. പാഠപുസ്തകത്തെ സംബന്ധിച്ചുള്ള ഉൾക്കാഴ്ചകളും നിർദേശങ്ങളും ഈ സംഗമത്തിൽ പങ്കുവച്ചു. ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ഈ സംഗമത്തിൽ ഡോ. അലക്സ് കാവുകാട്ട് ക്ലാസുകൾ നയിച്ചു. ഉപപാഠപുസ്തകത്തെ ആസ്പദമാക്കി ശ്രീ അനിൽ മാനുവൽ പുന്നത്താനത്ത് ക്ലാസ് നയിച്ചു.

**5. പാലാ രൂപതാകലോത്സവം**

ഈ വർഷത്തെ രൂപതതല വിശ്വാസ-പ്രേഷിതപരിശീലനകലോത്സവം 2024 ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച രാവിലെ 8.45 മുതൽ പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലും, ളാലം സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിലുമായി നടത്തപ്പെടുന്നതാണ്.

**6. ഒന്നാം ടേം പരീക്ഷയുടെ ചോദ്യക്കടലാസ് വിതരണവും ഒന്നാം ടേം പരീക്ഷയും**

2024-2025 വിശ്വാസപരിശീലനവർഷത്തിലെ ഒന്നാം ടേം പരീക്ഷയുടെ ചോദ്യപ്പേപ്പറുകൾ 2024 ഒക്ടോബർ 26 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട്

4.30 വരെ വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്ന് വിതരണം ചെയ്യുന്നതാണ്. ഒന്നാം ടേം പരീക്ഷ 2024 ഒക്ടോബർ 27-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്ന താണ്. പരീക്ഷയുടെ സമയക്രമം ചുവടെ ചേർക്കുന്നു.

Std I-VII : 11.00 am - 01.00 pm

Std VIII- XII : 02.00 pm - 04.00 pm

2024-2025 വിശ്വാസപരിശീലനവർഷത്തിലെ ഒന്നാം ടേം പരീക്ഷ 2024 ഒക്ടോബർ 27-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്നതാണ്. പരീക്ഷയുടെ സമയ ക്രമം ചുവടെ ചേർക്കുന്നു.

Std I-VII : 11.00 am - 01.00 pm

Std VIII- XII : 02.00 pm - 04.00 pm

**സ്കൂൾമതബോധന-സന്മാർഗ്ഗപരിശീലനരംഗം**

**7. ഒന്നാം ടേം പരീക്ഷ**

സ്കൂൾതലത്തിലുള്ള മതബോധനത്തിന്റെയും സന്മാർഗ്ഗപരിശീലനത്തി ന്റെയും ഒന്നാം ടേം പരീക്ഷ 2024 സെപ്റ്റംബർ 2-ാം തീയതി നടത്തപ്പെട്ടു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

## 1. Night Vigil

അഹമ്മദാബാദ് സോളാ സെന്റ് തോമസ് ഇടവകയിൽ സെപ്റ്റംബർ 7 ന് night vigil നടത്തി. വി. കുർബാനയും ദൈവസ്നേഹാനുഭവ ആരാധനയും ഫാ. മാത്യു പുതിയിടത്ത് നയിച്ചു.

**2. നോമ്പാചരണം**

റീജണിലെ എല്ലാ ഇടവകകളിലും ഏറ്റം ഭക്ത്യാദരപൂർവ്വം എട്ടുനോമ്പ് ആചരിക്കരിക്കപ്പെട്ടു.

**3. ദിവ്യകാരുണ്യ ആരാധന**

മാതൃവേദി ബറുച്ച് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കും കുട്ടി ക്കൾക്കും ദിവ്യകാരുണ്യ ആരാധന.

**4. വാർഷികധ്യാനം**

ഷംഷാബാദ് രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികർക്കായി ഹൈദരാ ബാദിൽ വച്ച് നടത്തപ്പെട്ട വാർഷികധ്യാനത്തിൽ റീജണിലെ വൈദികരെല്ലാവരും പങ്കെടുത്തു.

**5. അഭിവന്ദ്യ പിതാവിന്റെ സന്ദർശനം**

ഷംഷാബാദ് രൂപതാ അഡ്മിനിസ്ട്രേറ്റർ മാർ ജോസഫ് കൊല്ലംപറമ്പിൽ സെപ്റ്റംബർ 22 മുതൽ 28 വരെ ഗുജറാത്ത് റീജണിലെ വിവിധ ഇടവകകളിൽ സന്ദർശനം നടത്തി.

**6. പ്രെസ്ബിറ്ററിയം**

ഗുജറാത്ത് റീജണിൽ സേവനം ചെയ്യുന്ന വൈദികരുടെ സമ്മേളനം അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ സൂറത്തിൽ വച്ച് നടത്തപ്പെട്ടു.

ഫാ. **ജോർജ് നെല്ലിക്കൽ** (റീജണൽ സെക്രട്ടറി)

# മിഷൻലീഗ് വാർത്തകൾ

**രൂപത വാർത്തകൾ**

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ 2024 സെപ്റ്റംബർ മാസത്തെ എക്സിക്യൂട്ടീവ് യോഗം സെപ്റ്റംബർ മാസം ഒന്നാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4:30-ന് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. രൂപത പ്രസിഡന്റ് ഡോ. ജോബിൻ ടി. ജോണി അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മിഷൻലീഗ് പാലാ രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഓഗസ്റ്റ് മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും സെപ്റ്റംബർ മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ചു വിശദീകരിക്കുകയും ചെയ്തു.

**സെക്രട്ടറിയേറ്റ് യോഗം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ സെപ്റ്റംബർ മാസത്തെ സെക്രട്ടറിയേറ്റ് യോഗം സെപ്റ്റംബർ മാസം ഒന്നാം തീയതി ഞായറാഴ്ച 1:30 ന് ഭരണങ്ങാനം മാതൃഭവനിൽ ചേർന്നു. എക്സിക്യൂട്ടീവിന്റെ അജണ്ടകളെ സംബന്ധിച്ച് യോഗത്തിൽ ചർച്ച ചെയ്തു.

**രൂപത സീനിയേഴ്സ് ക്യാമ്പ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ രൂപതാതല സീനിയേഴ്സ് ക്യാമ്പ് നടന്നു. സെപ്റ്റംബർ 18, 19 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിലാണ് ക്യാമ്പ് സംഘടിപ്പിച്ചത്. പാലാ രൂപത സിഞ്ചെല്ലൂസ് മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന സമ്മേളനത്തിൽ മിഷൻലീഗ് പാലാ രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, പ്രസിഡന്റ് ഡോ. ജോബിൻ ടി. ജോണി, വൈസ് ഡയറക്ടർ സി. ഡോ. മോനിക്ക S.H, ജനറൽ സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ എന്നിവർ പ്രസംഗിച്ചു. വിവിധ ശാഖകളിൽ നിന്നായി 116 മിഷൻലീഗ് അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. ചെമ്മലമറ്റം ശാഖാംഗമായ ജെറിൻ ടോം, ഇടപ്പാടി ശാഖാംഗമായ ലിൻമേരി അൽഫോൻസാ സ്റ്റീഫൻ എന്നിവർ ബെസ്റ്റ് ക്യാമ്പേഴ്സായി തിരഞ്ഞെടുക്കപ്പെട്ടു.

**രൂപതതല സാഹിത്യമത്സരം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ രൂപതാതല സാഹിത്യമത്സരം സെപ്റ്റംബർ ഒന്നാം തീയതി ഭരണങ്ങാനം സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽ വച്ചു നടന്നു. രൂപതയിലെ വിവിധ ശാഖകളിൽനിന്നുള്ള മത്സരാർത്ഥികൾ സാഹിത്യമത്സരത്തിൽ പങ്കെടുത്തു.

**റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ, റവ. ഫാ. അബ്രഹാം ഈറ്റയ്ക്കക്കുന്നേൽ എന്നിവരുടെ അനുസ്മരണം നടത്തി.**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ, റവ. ഫാ. അബ്രഹാം ഈറ്റയ്ക്കക്കുന്നേൽ എന്നിവരുടെ അനുസ്മരണം സെപ്റ്റംബർ മാസം എട്ടാം തീയതി ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തി. മിഷൻലീഗ് പാലാ രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. പാലാ രൂപത മിഷൻ ലീഗ് പ്രസിഡന്റ് ഡോ. ജോബിൻ റ്റി. ജോണി യോഗത്തിൽ അധ്യക്ഷത വഹിച്ചു. MST സഭയുടെ ജനറൽ കൗൺസിലർ റവ. ഫാ. ജോമോൻ അയ്യൻകാനാൽ അനുസ്മരണപ്രഭാഷണം നടത്തി. പാലാ രൂപതയിലെ 17 മേഖലകളിൽ നിന്നുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. മിഷൻലീഗ് അന്തർദേശീയ ജനറൽ സെക്രട്ടറി ബിനോയ് പള്ളിപ്പറമ്പിൽ, മിഷൻലീഗ് ദേശീയ പ്രസിഡന്റ് ശ്രീ സുജി തോമസ് പുല്ലുകാട്ട്, ദേശീയ റീജിയണൽ ഓർഗനൈസർ ബെന്നി മുത്തനാട്ട്, കോട്ടയം റീജിയണൽ ഓർഗനൈസർ ജസ്റ്റിൻ വയലിൽ, സംസ്ഥാന ഓഡിറ്റർ മനു അഗസ്റ്റിൻ മാളികപ്പുറത്ത്, രൂപത വൈസ് ഡയറക്ടർ സി. ഡോ. മോനിക്ക SH, ജനറൽ സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ, ജനറൽ ഓർഗനൈസർ അമൽ വാക്കാട്ടിൽപുത്തൻപുരയിൽ എന്നിവർ യോഗത്തിൽ സന്നിഹിതരായി രുന്നു.

**രൂപത മാനേജിങ് കമ്മിറ്റി**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ 2024-2025 പ്രവർത്തന വർഷത്തെ പ്രഥമ മാനേജിംഗ് കമ്മിറ്റി യോഗം സെപ്റ്റംബർ മാസം എട്ടാം തീയതി ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. യോഗത്തിൽ 17 മേഖല കളിൽനിന്നുള്ള മാനേജിങ് കമ്മിറ്റി അംഗങ്ങൾ പങ്കെടുത്തു. മാനേജിങ് കമ്മിറ്റി അംഗങ്ങൾക്കായി മിഷൻലീഗ് ദേശീയ പ്രസിഡന്റ് ശ്രീ സുജി തോമസ് പുല്ലുകാട്ട് ക്ലാസ് നയിച്ചു.

**മേഖലാവാർത്തകൾ**

**ഭരണങ്ങാനം മേഖല**

**മേഖലാ കൗൺസിൽ**

2024-25 പ്രവർത്തനവർഷത്തെ മേഖലാ കൗൺസിൽ സമ്മേളനം ആഗസ്റ്റ് 25 ഉച്ചകഴിഞ്ഞ് 2.30 ന് ഭരണങ്ങാനം സെന്റ് മേരീസ് ബോയ്സ് ഹൈ സ്കൂളിൽ വച്ച് നടന്നു. മിഷൻലീഗ് രൂപതാസെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ സെമിനാർ നയിച്ചു. വിവിധ ശാഖകളിൽനിന്നുള്ള മിഷൻലീഗ് അംഗ ങ്ങൾ കൗൺസിലിൽ പങ്കെടുത്തു.

**ജൂണിയേഴ്സ് ക്യാമ്പ്**

മേഖലയിലെ 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ ക്കായി സെപ്റ്റംബർ 20, 21 തീയതികളിൽ ഭരണങ്ങാനം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് ജൂണിയേഴ്സ് ക്യാമ്പ് നടത്തപ്പെട്ടു. വിവിധ വിഷയ ങ്ങളെക്കുറിച്ച് വൈദികരും, സന്യസ്തരും, അല്മായരും ക്ലാസുകൾ നയിച്ചു. വിവിധ ശാഖകളിൽനിന്നുള്ള കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

**അരുവിത്തുറ മേഖല**

**സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ്**

ഒക്ടോബർ 2-ന് അരുവിത്തുറയിൽ നടക്കുന്ന മേഖലാ കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 9 അംഗ സ്റ്റീയറിംഗ് കമ്മിറ്റി മീറ്റിംഗ് സെപ്റ്റംബർ 14-ന് അരുവിത്തുറയിൽ ചേർന്നു. അരുവിത്തുറ ഫൊറോന വികാരി വെരി റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, CML അരുവിത്തുറ മേഖല ഡയറക്ടർ ഫാ. ജോസഫ് കദളിയിൽ, നെല്ലാപ്പാറ പള്ളി വികാരി ഫാ. തോമസ് കൊച്ചോടയ്ക്കൽ, പയസ്മൗണ്ട് പള്ളി വികാരി ഫാ. ജോർജ് പാറേക്കുന്നേൽ, അരുവിത്തുറ സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ഷാജു ജോസഫ്, തിടനാട് സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ സാജു ജോർജ്, വാരിയാനിക്കാട് സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ റോബിൻ പോൾ, CML അരുവിത്തുറ മേഖല പ്രസിഡന്റ് ഡോ. ടോം ജോസ് ഒട്ടലാങ്കൽ, CML അരുവിത്തുറ മേഖല സെക്രട്ടറി ജസ്റ്റിൻ ജോസ് സ്രാമ്പിക്കൽ തുടങ്ങിയവർ കലോത്സവത്തിന്റെ ക്രമീകരണങ്ങളെക്കുറിച്ചുള്ള ചർച്ചകളിൽ പങ്കെടുത്തു.

**ഡിജിറ്റൽ പോസ്റ്റർ മത്സരം**

അരുവിത്തുറ മേഖലയിലെ മിഷൻലീഗ് അംഗങ്ങൾക്കായി 'കുടുംബവും ദൈവവിളിയും' എന്ന വിഷയത്തെ ആസ്പദമാക്കി ഡിജിറ്റൽ പോസ്റ്റർ മത്സരം നടത്തി.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

അരുവിത്തുറ മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് സെപ്റ്റംബർ 25 ബുധൻ ഉച്ചകഴിഞ്ഞു 05:30-ന് അരുവിത്തുറയിൽ നടത്തപ്പെട്ടു. പ്രസിഡന്റ് ഡോ. ടോം ജോസ് ഒട്ടലാങ്കൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ജസ്റ്റിൻ ജോസ് സ്രാമ്പിക്കൽ ഓഗസ്റ്റ് മാസത്തിലെ റിപ്പോർട്ട് അവതരിപ്പിച്ചു. ഡയറക്ടർ ഫാ. ജോസഫ് കദളിയിൽ, വൈസ് ഡയറക്ടർ സി. റാണിറ്റ് തേക്കുംകാട്ടിൽ SABS എന്നിവരുടെ നേതൃത്വത്തിൽ അടുത്ത മാസങ്ങളിൽ നടത്തേണ്ട പരിപാടികളെക്കുറിച്ച് ചർച്ച നടത്തി.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**സ്റ്റഡിസർക്കിൾ - വീഡിയോ**

കെ.സി.എസ്.എൽ ന്റെ ഹൃദയവും മസ്തിഷ്കവുമായ സ്റ്റഡിസർക്കിൾ മത്സരത്തിൽ കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിനായി, എങ്ങനെ സ്റ്റഡി സർക്കിൾ അവതരിപ്പിക്കണം എന്ന് ആനിമേറ്റേഴ്സ് അറിയുന്നതിനായി ഒരു വീഡിയോ ആനിമേറ്റേഴ്സ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു. സി. ബെന്നറ്റ് എഫ്. സി.സി. യാണ് ക്ലാസ് ഒരുക്കിയത്.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

സെപ്റ്റംബർ 11 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 3.30 മണിവരെ ഡയറക്ടർ ഫാ. ജോർജ് പുല്ലുകാലായുടെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**കളരി വിതരണം ചെയ്തു**

കെ.സി.എസ്.എൽ. മാഗസിനായ കളരി രണ്ടാംലക്കം വിതരണം ചെയ്തു.

**സമ്മാനങ്ങൾ വിതരണം ചെയ്തു**

ഈ വർഷം സ്കൂൾതലത്തിൽ നടത്തിയ അൽഫോൻസാ കളറിംഗ് മത്സരത്തിന്റെ സമ്മാനങ്ങൾ വിതരണം ചെയ്തു.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)
**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1.** ബിരുദാനന്തരബിരുദത്തിൽ റാങ്ക് കരസ്ഥമാക്കിയ പാലാ രൂപതയിലെ യുവജനങ്ങൾക്ക് ആശംസകൾ അറിയിച്ചു.

**2. സ്നേഹഭവനം : വെഞ്ചരിപ്പ്**

യുവജനപ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു യുവാവിന് യുവജനവർഷത്തോടനുബന്ധിച്ച് സ്നേഹഭവനം എന്ന പേരിൽ നിർമ്മിച്ചുകൊണ്ടിരുന്ന ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം പാലാ രൂപതയുടെ അഭിവന്ദ്യമെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് നിർവഹിച്ചു.

**3. പ്രാർത്ഥനാശംസകൾ അറിയിച്ചു**

ചങ്ങനാശ്ശേരി അതിരൂപത നിയുക്ത ആർച്ചുബിഷപ് മാർ തോമസ് തറയിൽ പിതാവിന് പ്രാർത്ഥനാശംസകൾ അറിയിച്ചു.

**4.** യുവജനപ്രസ്ഥാനത്തിന്റെ ഫൊറോനകൾക്കായി തയ്യാറാക്കിയ മൂന്നാമത്തെ പ്രോജക്ട് 'പാലാ രൂപതയും സ്ഥാപനങ്ങളും' റിപ്പോർട്ട് സമർപ്പണത്തിന്റെ തീയതി പ്രഖ്യാപിച്ചു.

**5.** പാലാ രൂപതയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തന റിപ്പോർട്ടുകളുടെ ഓൺലൈൻ ബുള്ളറ്റിൻ 'മറുപടി' പ്രകാശനം ചെയ്തു.

**6.** 'അമ്മയോടൊപ്പം യുവജനങ്ങൾ' സീറോമലബാർ യൂത്ത് മൂവ്മെന്റിന്റെ സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന അമ്മയോടൊപ്പം യുവജനങ്ങൾ എന്ന ജപമാലായജ്ഞത്തിന്റെ അഞ്ചാം ദിനം പാലാ രൂപത യുവജനപ്രസ്ഥാനം ഏറ്റെടുത്തു നടത്തി. കുറവിലങ്ങാട് മേജർ ആക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ചുഡീക്കൻ തീർത്ഥാടനദൈവാലയത്തിൽ കുറവിലങ്ങാട് യൂണിറ്റിന്റെ സഹകരണത്തോടെ അമ്പതിലധികം യുവജനങ്ങൾ ഓഫ് ലൈൻ ആയും നൂറിലധികം യുവജനങ്ങൾ ഓൺലൈനായും പങ്കെടുത്ത മീറ്റിംഗിൽ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ വചനസന്ദേശം നൽകി.

**7. ഓൺലൈൻ ജോബ് വെബിനാർ**

യുവജനങ്ങളുടെ ഭാവി സുരക്ഷിതമാക്കുക എന്ന ലക്ഷ്യത്തോടുകൂടി, സംസ്ഥാനത്തിനു പുറത്തേക്കുപോകുന്ന യുവജനങ്ങളെ ചൂഷണത്തിൽനിന്ന് ഒഴിവാക്കുക എന്ന താത്പര്യത്തോടെ യൂണിറ്റ് പ്ലൂറൽ അക്കാദമിയുമായി ചേർന്ന് ഓൺലൈൻ ജോബ് വെബിനാർ നടത്തി.

**8. യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാം : ആറാമത്തെ ക്ലാസ്**

പാലാ രൂപതയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാമിന്റെ ആറാമത്തെ സെഷൻ കാപ്പുംതല ബേസ് അപ്രേം നസ്രാണി ദയ്റായിൽവച്ചു നടത്തപ്പെട്ടു. ബൈബിൾ എന്ന വിഷയത്തിൽ റവ. ഫാദർ ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, കാനൻനിയമത്തെക്കുറിച്ച് റവ. ഫാദർ ജോസഫ് കടുപ്പിൽ എന്നിവർ യുവജന ങ്ങളുമായി സംസാരിച്ചു. തുടർന്ന്, റവ. ഫാദർ ജോർജ് പൊന്നുംവരിക്കയിൽ ദയ്റായെപ്പറ്റി യുവജനങ്ങളെ കൂടുതലായി പഠിപ്പിക്കുകയും, യുവജനങ്ങളോ ടൊപ്പം സുറിയാനിറംശാ അർപ്പിക്കുകയും ചെയ്തു.

**9. ഓണാഘോഷം**

യുവജനപ്രസ്ഥാനത്തിന്റെ ഓണാഘോഷം ഷലോം പാസ്റ്റർ സെന്ററിലെ ഔദ്യോഗിക ഓണാഘോഷത്തിനോടൊപ്പം നടത്തപ്പെട്ടു.

**10. ഇൻഡോർ ഗെയിംസ്**

രൂപതയിലെ യുവജനങ്ങളുടെ കായികശേഷിയോടൊപ്പം ബൗദ്ധികശേഷി കൂടി വർദ്ധിപ്പിക്കുവാനായി മണ്ണയ്ക്കനാട് യൂണിറ്റിന്റെ സഹകരണത്തോടെ ഇൻഡോർ ഗെയിംസ് ചെസ്സ്, ക്യാരംസ് എന്നിവ നടത്തി.

**11. ആശംസകൾ അറിയിച്ചു.**

അറിവിന്റെ വെളിച്ചം പകരുന്ന എല്ലാ അധ്യാപകർക്കും എസ്.എം.വൈ.എം – കെ.സി.വൈ.എം. പാലാ രൂപതയുടെ സ്നേഹം നിറഞ്ഞ അധ്യാപകദിനാശംസ കൾ നേർന്നു.

**12.** എ.കെ.സി.സി. യുടെ ആഭിമുഖ്യത്തിൽ നടന്ന മാർ കരിയാറ്റി മെത്രാപ്പോലീത്ത അനുസ്മരണത്തിന്റെ ഭാഗമായി പാലാ രൂപതയുടെ യുവജനപ്രസ്ഥാനത്തിന്റെ ട്രഷറർ ശ്രീ അൻവിൻ സോണി ഓടച്ചുവട്ടിൽ മാർ കരിയാറ്റിൻ മെത്രാപ്പോലീ ത്തയെപ്പറ്റി സംസാരിച്ചു.

**13. 'തരംഗം 2024' യുവജനവർഷം കലോത്സവം**

2024 പ്രവർത്തനവർഷത്തെ യുവജനകലോത്സവം തരംഗം 2024 സെന്റ് തോമസ് കോളേജിൽവച്ചു നടത്തപ്പെട്ടു. ദൈവാനുഗ്രഹത്തോടെ ആരംഭിച്ച കലോത്സവം വളരെ വിജയപ്രദമായി സമാപിച്ചു.

**14.** സീറോമലബാർസഭയും സീറോമലബാർസമുദായവും പരസ്പരപൂരക ങ്ങളാണ്: ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് യുവജനങ്ങളെ ഉദ്ബോധിപ്പിച്ചു.

**15.** ഓസ്ട്രേലിയയിലെ നോർത്ത് ടെറിട്ടറിയിൽ മന്ത്രിയായി ചുമതലയേൽക്കുന്ന മെൽബൺ സീറോ മലബാർ രൂപതാംഗമായ പാലാ മൂന്നിലവ് സ്വദേശി ശ്രീ ജിൻസൺ ചാൾസിന് യുവജനപ്രസ്ഥാനത്തിന്റെ അഭിനന്ദനങ്ങൾ.

**16.** വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷിച്ചു.

**17.** രൂപതയുടെ പാസ്റ്ററൽ കൗൺസിലിൽ യുവജനപ്രസ്ഥാനഭാരവാഹികൾ പങ്കെടുത്തു.

**18.** പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ സഹകരണത്തോടെ 'യുവജനങ്ങളും കൃഷിയും' എന്ന പേരിലുള്ള പ്രോജക്ടിന്റെ ഭാഗമായി പച്ചക്കറി തൈവിതരണവും സെമിനാറും അഗ്രിമ ഓപ്പൺ മാർക്കറ്റിൽ വെച്ച് നടത്തപ്പെട്ടു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**Veritas**

ജീസസ് യൂത്ത് പാലാ സോണിന്റെ നേതൃത്വത്തിൽ കോളജുകളിൽ പഠിക്കുന്ന യുവജനങ്ങൾക്കായുള്ള ധ്യാനം സെപ്റ്റംബർ മാസം 13 മുതൽ 16 വരെ പാലാ സെന്റ് തോമസ് കോളേജിൽവച്ചു നടത്തപ്പെട്ടു. 200-ൽപരം യുവജനങ്ങളാണു പങ്കെടുത്തത്. ആഴമായ ദൈവാനുഭവത്തിലേക്കു യുവജനങ്ങളെ നയിക്കുകയും ഈശോയുടെ സ്നേഹത്തിലേക്കു ക്ഷണിക്കുകയും ചെയ്യുന്ന ധ്യാനമായിരുന്നു കടന്നുപോയത്. പാലാ രൂപത സിഞ്ചെല്ലൂസ് ഫാ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പാലാ രൂപത ജീസസ് യൂത്ത് ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിയിൽ, ആനിമേറ്റർ സിസ്റ്റർ ലിസ് മരിയ, മറ്റു വൈദികർ, സിസ്റ്റേഴ്സ്, ജീസസ് യൂത്ത് നേതാക്കൾ തുടങ്ങിയവർ ഈ ധ്യാനത്തിൽ ഉടനീളം ഉണ്ടായിരുന്നു. വിശുദ്ധ കുർബാന, കുമ്പസാരം, ആരാധന, വിവിധ ക്ലാസുകൾ, വീഡിയോകൾ, സ്കിറ്റുകൾ, ഗ്രൂപ്പ് ചർച്ചകൾ, പാട്ടുകൾ തുടങ്ങിയവയിലൂടെയെല്ലാം യുവജനങ്ങൾ കർത്താവിന്റെ സ്നേഹം ആഴത്തിൽ തിരിച്ചറിഞ്ഞു.

**T.L.G**

പാലാ രൂപതയിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി T.L.G എന്ന പേരിൽ പരിശീലനപ്രോഗ്രാം 2024 സെപ്റ്റംബർ 17 മുതൽ 20 വരെ അരുവിത്തുറ സെന്റ് ജോർജ് കോളജിൽ വെച്ച് നടത്തപ്പെട്ടു. വിവിധ സ്കൂളുകളിൽനിന്നായി 28 കൗമാരക്കാർ പങ്കെടുത്തു. ക്രിസ്തുവിനെ തങ്ങൾ ആയിരിക്കുന്ന ഇടങ്ങളിൽനിന്നുകൊണ്ട് എങ്ങനെ മറ്റുള്ളവർക്കു കൊടുക്കാം എന്ന് അവരെ പഠിപ്പിക്കുന്ന വിധത്തിൽ ഉള്ളതായിരുന്നു ഈ പരിശീലനം. ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിയിൽ, ഫാ. ടോണി ചൊവ്വേലിക്കുടിയിൽ, ഫാ. സാന്റോ, സിസ്റ്റർ ലിസ് മരിയ തുടങ്ങിയവർ ഈ പരിശീലനത്തിന് നേതൃത്വം നൽകി.

വടവാതൂർ സെമിനാരിയിലെ ഡീക്കൻമാർക്കായി ഫാ. കുര്യൻ മറ്റത്തിലിന്റെയും പാലാ ജീസസ് യൂത്തിന്റെയും നേതൃത്വത്തിൽ ക്ലാസുകളും ചർച്ചകളും നടത്തപ്പെട്ടു. അനിത ജോജി, ആശിഷ്, പ്രണോയ്, ഷിബ്രീസ്, ദീപ്തി തുടങ്ങിയവരും ഈ പരിപാടിയിൽ പങ്കുചേർന്നു.

**നൈറ്റ് വിജിൽ**

2024 സെപ്റ്റംബർ 6 ആദ്യവെള്ളിയാഴ്ച പാലാ ളാലം പുത്തൻപള്ളിയിൽ വച്ച് വൈകുന്നേരം ഏഴരമുതൽ സെപ്റ്റംബർ 7 രാവിലെ 6 മണി വരെ സോണൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു. പാലാ സോണിന്റെ വിവിധ നിയോഗങ്ങൾക്കായി ഒന്നുചേർന്നു പ്രാർത്ഥിച്ചു. ഈ കൂട്ടായ്മയിലൂടെ വചനം പഠിക്കുകയും പങ്കുവയ്ക്കുകയും ജീവിതാനുഭവങ്ങൾ കർത്താവിന്റെകൂടെ ആയിരുന്നുകൊണ്ട് മറ്റുള്ളവർക്കു പകർന്നു നൽകുകയും ചെയ്തു. ഇരുപതോളം പേർ ആരാധനയിൽ പങ്കുചേർന്നു

**ഹോളി വിങ്സ്**

പാലാ ജീസസ് യൂത്ത് ടീൻസ് ടീമിന്റെ നേതൃത്വത്തിൽ ഹോളി വിങ്സ് എന്ന പേരിൽ പ്രോഗ്രാമുകൾ നടത്തപ്പെട്ടു. ആഴമായ ദൈവസ്നേഹാനുഭവത്തിലും വിശുദ്ധിയിലും കൗമാരക്കാരെ വളർത്തുന്ന വിധത്തിലുള്ളതായിരുന്നു ഈ ഒരു മണിക്കൂർ പ്രോഗ്രാം. പാലാ സോൺ ജീസസ് യൂത്ത് ആനിമേറ്റർ സിസ്റ്റർ ലിസ്മരിയാ സി.എം.സിയും, ടീൻസ് ടീം ആനിമീറ്റർ സി. ആൻജോ സി.എം.സി. യും പ്രോഗ്രാമിനു നേതൃത്വം നൽകി. വിളക്കുമാടം, ചേർപ്പുങ്കൽ തുടങ്ങിയിടങ്ങളിലെ വിവിധ സ്കൂളുകളിലാണ് ഹോളിവിങ്സ് എന്ന പ്രോഗ്രാം നടത്തപ്പെട്ടത്.

**മധ്യസ്ഥപ്രാർത്ഥന**

എല്ലാദിവസവും വൈകുന്നേരം 8:30 ന് ഓൺലൈനായി ജീസസ് യൂത്ത് പാലായുടെ നേതൃത്വത്തിൽ സോണിന്റെ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. പാലാ സോൺ ഒന്നിച്ചു നയിക്കുന്ന ഈ പ്രാർത്ഥന അനേകരെ യേശുവിലേക്ക് അടുപ്പിച്ചു. വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന വേരിത്താസ് എന്ന പ്രോഗ്രാമിനായും മധ്യസ്ഥപ്രാർത്ഥനകൾ നടന്നുവരുന്നു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 നു ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടത്തപ്പെടുന്നു. പ്രാർത്ഥനയാലും വചനം പങ്കുവയ്ക്കുന്നതിലൂടെയും ഗാനങ്ങൾ ആലപിക്കുന്നതിലൂടെയും അനേകരെ ഈശോയുടെ സ്നേഹത്തിലേക്ക് അടുപ്പിക്കാൻ ഈ കൂട്ടായ്മയ്ക്കു കഴിയുന്നുണ്ട്. മുപ്പതോളം ആളുകൾ എല്ലാ ആഴ്ചകളിലും ഈ കൂട്ടായ്മയിലേക്ക് എത്തിച്ചേരുന്നുണ്ട്.

**ഓൺലൈൻ പ്രയർ മീറ്റിംഗ്**

എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം 8.30 മുതൽ 10.30 വരെ സൂം പ്ലാറ്റ്ഫോമിൽ ഓൺലൈൻ പ്രയർ മീറ്റിംഗ് നടത്തപ്പെടുന്നു. ഈശോയുടെ ഒപ്പം, അവിടുത്തെ സ്നേഹത്തിൽ ആയിരിക്കുവാനും കഴിഞ്ഞ മണിക്കൂറുകൾ ആയിരുന്നു കടന്നുപോയത്.

**ലിസണിങ് ഫേസ്**

ജീസസ് യൂത്ത് ഇന്റർനാഷണലിന്റെ നേതൃത്വത്തിൽ മൂവ്മെന്റിലുള്ള എല്ലാവരെയും കേൾക്കാനായി ലിസണിങ് ഫേസ് എന്ന പേരിൽ പുതിയൊരു പ്രോജക്റ്റിനു തുടക്കംകുറിച്ചു. കഴിഞ്ഞ 40 വർഷങ്ങളായി ലോകമെമ്പാടും

ജീസസ് യൂത്ത് മൂവ്മെന്റ് വളർന്നത് പരിശുദ്ധാത്മാവിന്റെ കൃപയാലാണ്. മൂവ്മെന്റിലുള്ള ഓരോ വ്യക്തിയെയും പ്രാർഥനാപൂർവം കേൾക്കുന്നതിലൂടെ പരിശുദ്ധാത്മാവിനെത്തന്നെയാണു ശ്രവിക്കുന്നതെന്ന ഉത്തമബോധ്യത്തിൽ നിന്നാണ് ഈ പുതിയ പ്രോജക്റ്റിന് തുടക്കംകുറിച്ചത്. മൂന്നു ഘട്ടങ്ങളിലായി പ്രാർത്ഥനയിലൂടെയും സ്തുതിപ്പിലൂടെയും നിശ്ശബ്ദതയിലൂടെയും കേൾക്കുന്നതിലൂടെയും സംസാരിക്കുന്നതിലൂടെയും പരിശുദ്ധാത്മാവിന്റെ ശബ്ദവും ഈ കാലഘട്ടത്തിൽ ജീസസ് യൂത്ത് മൂവ്മെന്റിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും ചിന്തിക്കാൻ സഹായിക്കുന്നതാണ് ലിസണിങ് ഫേസ്. പാലാ സോണിലും ലിസണിങ്ങുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ നടന്നുവരുന്നു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

1. 8/9/2024 മുളക്കുളം സെന്റ് മേരീസ് ഇടവകയിലെ 15 വാർഡുകളിലും രൂപത റിസോഴ്സ് ടീമംഗങ്ങൾ കുടുംബക്കൂട്ടായ്മയുടെ വാർഡുതല ക്ലാസുകൾ നടത്തി. 4.30 pm ന് വികാരി റവ. ഫാ. തോമസ് അയലൂകുന്നേലിന്റെ പ്രാർത്ഥനയോടെ ക്ലാസ്സുകൾ ആരംഭിച്ചു.

**2.** 22/9/2024 മുട്ടുചിറ ഫൊറോനായിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ യോഗം 2.30 pm നു ചേർന്നു. വികാരി വെരി റവ. ഫാ. എബ്രാഹം കൊല്ലിത്താനത്തു മലയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. കുടുംബക്കൂട്ടായ്മ രൂപത റിസോഴ്സ് ടീമംഗം ജോയി തെക്കുംചേരിക്കുന്നേൽ സെമിനാർ നയിച്ചു.

3. 22/9/2024 വാക്കാട് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിലെ കുടുംബക്കൂട്ടായ്മ വാർഷികം രൂപത ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ജോസഫ് മേയിക്കൽ അധ്യക്ഷത വഹിച്ചു.

4. 22/9/2024, 29/9/2024 4.30 pm ന് ഇലഞ്ഞി ഇടവകയിലെ കുടുംബക്കൂട്ടായ്മയുടെ വാർഡുതല ക്ലാസുകൾ വികാരി വെരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിലിന്റെ പ്രാർത്ഥനാശീർവാദത്തോടെ ആരംഭിച്ചു. 28 വാർഡുകളിലും രൂപത റിസോഴ്സ് ടീം മംഗങ്ങൾ ക്ലാസെടുത്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**സെപ്റ്റംബർ 16–18, 30–2** തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 220 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ഒക്ടോബർ 11–13, 29–31, നവംബർ 08–10, 18–20,** എന്നീ തിയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

സെപ്റ്റംബർ മാസത്തിലെ വിവാഹ ഒരുക്കധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ റവ.ഡോ. ജോസഫ് കടുപ്പിൽ, പ്രൊഫ. റ്റി.സി. തങ്കച്ചൻ എന്നിവർ ക്ലാസ്സെടുത്തു. 402 മാതാപിതാക്കൾ മീറ്റിംഗിൽ പങ്കെടുത്തു.

**4. കമ്മിറ്റി**

സെപ്റ്റംബർ 7-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് പാലാ രൂപത പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി രാമപുരത്ത് വച്ച് നടക്കുന്ന ഡി.സി.എം.എസ്. മഹാ സമ്മേളനത്തിന് ഒരുക്കമായുള്ള സ്റ്റീയറിംഗ് കമ്മിറ്റിയിൽ പങ്കെടുത്തു.

**5. ഓണഘോഷപരിപാടി**

സെപ്റ്റംബർ 13-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന ഓണഘോഷപരിപാടിയിൽ സംബന്ധിച്ചു. ഫാമിലി അപ്പോസ്തലേറ്റിന്റെ സ്റ്റാഫ് അംഗങ്ങൾ വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടി.

## B. പിതൃവേദി

**1. രൂപതാസമിതി**

സെപ്റ്റംബർ 24-ാം തീയതി ഉച്ചകഴിഞ്ഞ് 3.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ മാതൃ-പിതൃവേദികൾ സംയുക്തമായി രൂപതാസമിതി നടത്തപ്പെട്ടു.

## C. മാതൃവേദി

**1. ആദരിക്കൽ**

സെപ്റ്റംബർ 8 ന് തിടനാട് ഇടവകയിൽ മാതൃവേദി യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട അദ്ധ്യാപകരെ ആദരിക്കൽ പരിപാടിയിൽ രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു.

**2. എട്ടുനോമ്പാചാരണം**

സെപ്റ്റംബർ 3-ാം തീയതി മേവിടയിൽ വച്ച് നടത്തപ്പെട്ട മാതൃവേദിയുടെ പാലാ മേഖലയുടെ എട്ടുനോമ്പ് ആചരണത്തിൽ രൂപത ഡയറക്ടർ സംബന്ധിച്ചു സന്ദേശം നൽകി.

**3. ബൈബിൾപ്രകാശനം**

സെപ്റ്റംബർ 4-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് കോതനല്ലൂർ മേഖലയിൽ വച്ചു നടത്തപ്പെട്ട ഓണഘോഷപരിപാടിയിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംബന്ധിച്ചു. അതിനോടനുബന്ധിച്ച് മേഖലയിലെ പ്രവർത്തകർ പകർത്തിയെഴുതിയ ബൈബിൾ പള്ളിയിൽവച്ചു പ്രകാശനം ചെയ്തു. ചടങ്ങുകൾക്ക് കോതനല്ലൂർ ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴുപ്പിൽ അദ്ധ്യക്ഷത വഹിച്ചു.

**4. സംരംഭകത്വപരിപാടി**

സെപ്റ്റംബർ 5-ാം തീയതി ചൂണ്ടച്ചേരി എൻജിനീയറിംഗ് കോളേജിൽ വച്ച് നടന്ന സംരംഭകത്വപരിപാടിയോടനുബന്ധിച്ച് നടന്ന ചർച്ചയിൽ സംബന്ധിച്ചു.

**5. എക്സിക്യൂട്ടീവ് മീറ്റിങ്**

സെപ്റ്റംബർ 10-ാം തീയതി റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിങ്ങുകൂടി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി.

**6. രൂപതാസമിതി**

സെപ്റ്റംബർ 24-ാം തീയതി മാതൃവേദി രൂപതാസമിതിയുടെ ഓണാഘോഷപരിപാടി ഷലോമിൽവച്ചു നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞ് 3.30 ന് രാമപുരത്ത് വച്ച് ഒക്ടോബറിൽ നടക്കുന്ന കുഞ്ഞച്ചൻതീർത്ഥാടനത്തെക്കുറിച്ച് ആലോചിക്കാൻ മാതൃ-പിതൃവേദി എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി.

**D. പ്രോലൈഫ്**

**1. മീറ്റിങ്**

സെപ്റ്റംബർ 21-ാം തീയതി പ്രോലൈഫ് സമിതിയുടെ മീറ്റിങ് നടത്തി.

**E. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റാ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഡയറക്ടേഴ്സ് മീറ്റിങ്**

സെപ്റ്റംബർ 20-ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസ് വച്ച് നടന്ന സീറോ മലബാർ മാട്രിമണിയുടെ അവലോകനയോഗത്തിൽ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

**F. ഹോംമിഷൻ**

സെപ്റ്റംബർ 2-ാം തീയതി മേലുകാവുമറ്റം ഇടവകയിൽ തിരുഹൃദയ സന്ന്യാസിനികളുടെ നേതൃത്വത്തിൽ ഹോംമിഷൻ ആരംഭിച്ചു.

സെപ്റ്റംബർ 6-ാം തീയതി 12 മണിക്ക് പാദുവാ സെന്റ് ആന്റണീസ് പള്ളിയിൽ വച്ച് നടന്ന ഹോംമിഷൻ പ്രോഗ്രാമിന്റെ സമാപനമീറ്റിംഗിൽ ഡയറക്ടർ പങ്കെടുത്തു സംസാരിച്ചു.

സെപ്റ്റംബർ 14 ന് കൂടല്ലൂർ ഇടവകയിൽ ആരാധനാസന്ന്യാസിനീസമൂഹത്തിന്റെ നേതൃത്വത്തിൽ ഹോം മിഷൻ ആരംഭിച്ചു. അന്നേദിവസംതന്നെ മാൻവെട്ടം ഇടവകയിൽ എഫ്.സി.സി. സന്ന്യാസിനീസമൂഹത്തിന്റെ നേതൃത്വത്തിൽ ഹോം മിഷൻ ആരംഭിച്ചു.

സെപ്റ്റംബർ 15-ാം തീയതി രാമപുരം ഫൊറോന പള്ളിയിൽ സി.എം.സി, എസ്.എച്ച്, സെന്റ് മർത്താസ്, എഫ്.സി.സി തുടങ്ങിയ കോൺഗ്രിഗേഷനുക

ളുടെ നേതൃത്വത്തിൽ ഹോം മിഷൻ ആരംഭിച്ചപ്പോൾ നടന്ന ഉദ്ഘാടനസമ്മേളനത്തിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സന്ദേശം നൽകി.

സെപ്റ്റംബർ 17-ാം തീയതി നമ്പ്യാകുളം ഇടവകയിൽ ഡി.എസ്.റ്റി. സന്ന്യാസിനീസമൂഹത്തിന്റെ നേതൃത്വത്തിൽ ഹോം മിഷൻ ആരംഭിച്ചു.

സെപ്റ്റംബർ 18-ാം തീയതി രാവിലെ 9 മണിക്ക് മരങ്ങാട്ടുപള്ളി ഇടവകയിൽ ആരംഭിച്ച ഹോം മിഷൻ ഡയറക്ടർ ഉദ്ഘാടനം ചെയ്തു.

സെപ്റ്റംബർ 22 ന് കാക്കൂർ ഇടവകയിൽ ആരാധനാസന്ന്യാസിനീസമൂഹത്തിന്റെ നേതൃത്വത്തിൽ ഹോം മിഷൻ ആരംഭിച്ചു.

**G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയ് മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്കു വിളിക്കേണ്ട നമ്പർ – **7306293048.**

**H. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി സെപ്റ്റംബർ മാസത്തിൽ **പെരിങ്ങുളം, ഉദയഗിരി, രാമപുരം, കൊണ്ടാട്, അരുവിത്തുറ** ഇടവകകളിലെ പെൺകുട്ടികൾക്കു വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**അനുസ്മരണം**

സുറിയാനിക്രിസ്ത്യാനികളുടെ തിളങ്ങുന്ന മാണിക്യങ്ങളായ മാർ ജോസഫ് കരിയാറ്റിയുടെയും പാറേമാക്കൽ ഗോവർണദോരിന്റെയും അനുസ്മരണം സെപ്തംബർ 10 ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. മാർ ജോസഫ് കരിയാറ്റിയുടെ 238-ാം ചരമദിനത്തിലാണ് അനുസ്മരണസമ്മേളനം ചേർന്നത്. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം രൂപത വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം, ആൻസമ്മ സാബു, ജോയി കണിപറമ്പിൽ എന്നിവർ

ആശംസകൾ നേർന്നു. ശ്രീ അനിൽ മാനുവൽ പുന്നത്താനത്ത് പാറേമാക്കൽ ഗോവർണദോറിനെയും ശ്രീ അൻവിൻ സോണി മാർ കരിയാറ്റിയും അനുസ്മരിച്ച് സെമിനാർ നയിച്ചു.

**ജാഗ്രതാദിനം ഉദ്ഘാടനം**

നിർദിഷ്ട ഇ.എസ്.എയിൽനിന്ന് ജനവാസമേഖലകളെയും കൃഷിയിടങ്ങളെയും പൂർണമായും ഒഴിവാക്കണമെന്ന് മുല്ലപ്പെരിയാർ വിഷയത്തിൽ ജനസുരക്ഷ ഉറപ്പുവരുത്താൻ സർക്കാരുകൾ അടിയന്തരനടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽസമിതിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 8 ജാഗ്രതാദിനം ആചരിച്ചു. ഗ്ലോബൽതല ഉദ്ഘാടനം തീക്കോയി ഫൊറോനാപ്പള്ളി ഹാളിൽ ഗ്ലോബൽ ജനറൽ സെക്രട്ടറി പ്രൊഫ. ജോസ്കുട്ടി ഒഴുകയിലിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ഗ്ലോബൽ പ്രസിഡന്റ് ശ്രീ രാജീവ് കൊച്ചുപറമ്പിൽ നിർവഹിച്ചു. തീക്കോയി ഫൊറോന വികാരി റവ.ഡോ. തോമസ് മേനാച്ചേരി പയസ് കവളംമാക്കൽ, ജോൺസൺ ചെറുവള്ളി, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ബെന്നി കിണറ്റുകര, ജോ സെബാസ്റ്റ്യൻ, ജോർജ് തൊടുവനാൽ തുടങ്ങിയവർ സംസാരിച്ചു.

യൂണിറ്റുകളിൽ ധർണ്ണകളും സമ്മേളനങ്ങളും സംഘടിപ്പിച്ചു.

**ഭവനനിർമ്മാണം**

പാലാ രൂപത പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നിർമിക്കുന്ന കത്തോലിക്കാ കോൺഗ്രസ് ഭവനങ്ങളിലെ ആദ്യഭവനത്തിന്റെ കല്ലിടീൽകർമ്മം കുറവിലങ്ങാട് ആർച്ചുപ്രീസ്റ്റ് റവ.ഡോ. അഗസ്റ്റ്യൻ കൂട്ടിയാനിയും രൂപത ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലും ചേർന്നു നിർവഹിച്ചു. എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, ആൻസമ്മ സാബു, നിധിഷ് നിധീരി, ബ്രൈസ് വെള്ളാരംകാലാ തുടങ്ങിയവർ സന്നിഹിതരായിരുന്നു. കുറവിലങ്ങാട് ഫൊറോന, യൂണിറ്റ് കമ്മിറ്റികളുടെ നേതൃത്വത്തിലാണു നിർമ്മാണം.

**നേതൃത്വക്യാമ്പ്**

കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ്, ഫൊറോന, രൂപത ഭാരവാഹികളുടെ ഏകദിനക്യാമ്പ് ഒക്ടോബർ 6-ാം തീയതി രാവിലെ 8 മണിമുതൽ വൈകുന്നേരം 6 മണിവരെ അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തുന്നു. മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യും. അന്നേദിവസം ഗ്ലോബൽ ഭാരവാഹികളുടെ രൂപതാസന്ദർശനവും ഉണ്ടാകും.

**ഫൊറോന മീറ്റിംഗുകൾ**

**കടുത്തുരുത്തി**

കടുത്തുരുത്തി ഫൊറോന തിരഞ്ഞെടുപ്പ് സമ്മേളനം തുരുത്തിപ്പള്ളി പള്ളി ഹാളിൽ നടത്തി. രൂപതാപ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, റവ.ഫാ. ജോസ് നെല്ലിക്കത്തെരുവിൽ, ജോസ് വട്ടുകുളം, റ്റോമി കണ്ണീറ്റുമ്യാലിൽ, രാജേഷ് കോട്ടായിൽ, ജോർജ് മങ്കുഴിക്കരി തുടങ്ങിയവർ സംസാരിച്ചു.

ഭാരവാഹികൾ
പ്രസിഡന്റ് – രാജേഷ് കോട്ടയിൽ
സെക്രട്ടറി – ജോർജ് മങ്കുഴിക്കരി
ട്രഷറർ – ജെറി പനയ്ക്കൽ
വൈസ് പ്രസിഡന്റ് – എബ്രാഹം വടകരക്കാലായിൽ

**പ്രവിത്താനം**

പ്രവിത്താനം ഫൊറോനാ തിരഞ്ഞെടുപ്പ് സമ്മേളനം നടത്തി. ഫൊറോന ഡയറക്ടർ വെരി റവ.ഫാ. ജോർജ് വേളൂപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ശ്രീ സാജു അലക്സ് നേതൃത്വം നല്കി.

പ്രസിഡന്റ് – ജോയി ചന്ദ്രൻകുന്നേൽ
സെക്രട്ടറി – ജിമ്മി കാനാട്ട്
ട്രഷറർ – മാത്യു തറപ്പേൽ

ജോയി കളപ്പുരയ്ക്കൽ ആശംസകൾ നേർന്നു സംസാരിച്ചു. തുടർന്ന് ജാഗ്രതാദിനസമ്മേളനവും നടത്തി. കർഷകതാത്പര്യം സംരക്ഷിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താനും ജനവാസമേഖലകളും കൃഷിയിടങ്ങളും ഒഴിവാക്കി യഥാവിധിയുള്ള ജില്ലാ കോർഡിനേറ്റ്സ് സമർപ്പിക്കാനും സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് യോഗം ആവശ്യപ്പെട്ടു.

**ചേർപ്പുങ്കൽ**

ഫൊറോന കമ്മിറ്റിയുടെ നേതൃത്വത്തിൽ മാർ അപ്രേം പ്രീസ്റ്റ് ഹോം സന്ദർശിച്ച് വിശ്രമജീവിതം നയിക്കുന്ന ബഹുമാനപ്പെട്ട വൈദികർക്ക് ആശംസകൾ അർപ്പിച്ചു. ഫൊറോന പ്രസിഡന്റ് ജോർജ് മായങ്ങാട്ട്, ജോസഫ് വരയ്ക്കാട്ട്, ജോയി കണിപറമ്പിൽ, ബേബിച്ചൻ അഴിയാത്ത് തുടങ്ങിയവർ നേതൃത്വം നല്കി.

**രാമപുരം**

രാമപുരം മേഖലാസമ്മേളനം അജോ തുണ്ടയ്ക്കല്ലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ.ഫാ. ബർക്കുമാൻസ് കുന്നുംപുറം ഉദ്ഘാടനം ചെയ്തു. വിവിധ വിഷയങ്ങളിൽ ചർച്ചകളും തീരുമാനങ്ങളും നടത്തി. സൈജു കോലത്ത്, സജി മിറ്റത്താനി തുടങ്ങിയവർ സംസാരിച്ചു.

**യൂണിറ്റ് മീറ്റിങ്ങുകൾ**

**കൈപ്പള്ളി**

യൂണിറ്റ് പ്രസിഡന്റ് ജോളിച്ചൻ വലിയപറമ്പിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ഡയറക്ടർ റവ.ഫാ. ജോസിൻ പുളിന്താനത്ത് ഉദ്ഘാടനം ചെയ്തു. 10–ാമത് അടുക്കളത്തോട്ടമത്സരത്തിന്റെ വിത്തുവിതരണം നടത്തി. ജോർജ് തൊടുവനാൽ, ജോയി തെക്കേൽ തുടങ്ങിയവർ സംസാരിച്ചു.

**കോതനല്ലൂർ**

ഇടവകയിൽ സൗജന്യമായി പ്ലാവിൻതൈകൾ വിതരണം ചെയ്തു. പ്ലാവിൻതൈ വിതരണം ഫൊറോന ഡയറക്ടർ വെരി റവ.ഫാ. സെബാസ്റ്റ്യൻ പടിയ്ക്കക്കുഴിപ്പിൽ ഉദ്ഘാടനം ചെയ്തു. റ്റോമി കണ്ണീറ്റുമ്യാലിൽ, ജോസഫ് ചീനോത്തുപറമ്പിൽ, മനു കൊമ്പനായിൽ, ബെന്നി തെക്കേച്ചെരുവിൽ തുടങ്ങിയവർ നേതൃത്വം നല്കി.

**തിടനാട്**

യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജാഗ്രതാദിനം ആചരിച്ചു. റവ.ഫാ. സെബാസ്റ്റ്യൻ എട്ടുപറയിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സെബാസ്റ്റ്യൻ കൊള്ളിക്കുളവിൽ, സെക്രട്ടറി ടോമിച്ചൻ പഴേടം, ചാക്കോച്ചൻ ഐക്കര തുടങ്ങിയവർ സംസാരിച്ചു.

**പൂഴിക്കോൽ**

യൂണിറ്റ് പ്രസിഡന്റ് ജോർജ് മങ്കുഴിക്കരിയുടെ നേതൃത്വത്തിൽ ജാഗ്രതാദിനം ആചരിച്ചു. റവ.ഫാ. ജോർജ് അമ്പഴത്തിനാൽ ഉദ്ഘാടനം ചെയ്തു. സലിൻ കൊല്ലംകുഴി, ജോസഫ് ചേനക്കാല തുടങ്ങിയവർ സംസാരിച്ചു.

**മുഴൂർ**

കത്തോലിക്കാ കോൺഗ്രസ് നടത്തുന്ന ജാഗ്രതാദിനസമ്മേളനം മുഴൂർ പള്ളി ഹാളിൽ രൂപതാ ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ജോയി മൂങ്ങാമാക്കൽ അധ്യക്ഷത വഹിച്ച് റവ.ഫാ. മാത്യു കാലായിൽ, ജോബി ഇടപ്പാടിക്കരോട്ട്, സിജി പനച്ചിപ്പുറം, രാജു പറഞ്ഞാട്ട് തുടങ്ങിയവർ സംസാരിച്ചു.

**കുന്നോന്നി**

ജാഗ്രതാദിനസമ്മേളനം യൂണിറ്റ് പ്രസിഡന്റ് ചെൽസ് വയലിക്കുന്നേലിന്റെ അധ്യക്ഷതയിൽ നടത്തി. റവ.ഫാ. മാത്യു പീടികയിൽ ഉദ്ഘാടനം ചെയ്തു.

**അരുവിത്തുറ**

ജാഗ്രതാദിനസമ്മേളനം യൂണിറ്റ് പ്രസിഡന്റ് ബെന്നി വെട്ടത്തേലിന്റെ അധ്യക്ഷതയിൽ നടത്തി. വെരി. റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ ഉദ്ഘാടനം ചെയ്തു. ജോൺസൺ ചെറുവള്ളി, സാബു പ്ലാത്തോട്ടം, ജയ്സൺ കൊട്ടുകാപള്ളി, അരുൺ താഴത്തുപറമ്പിൽ, ജോർജ് വടക്കേൽ തുടങ്ങിയവർ സംസാരിച്ചു.

**ഏഴാച്ചേരി**

10,12 ക്ലാസുകളിൽ ഉന്നതവിജയം നേടിയ കുട്ടികൾക്ക് ആശംസകളും സമ്മാനങ്ങളും നല്കി. പ്രസിഡന്റ് ബിനോയി പള്ളത്ത് അധ്യക്ഷത വഹിച്ചു. മോൺസിഞ്ഞോർ ഡോ. പോൾ പള്ളത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു സമ്മാനങ്ങൾ നല്കി. ഫൊറോന പ്രസിഡന്റ് അജോ തുണങ്കൽ, സി. ലിനറ്റ്, ബിജു അഗസ്റ്റ്യൻ, സജി പള്ളിയാരടിയിൽ തുടങ്ങിയവർ സംസാരിച്ചു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**ഓണവിപണി**

ഗുണമേന്മയും വിഷരഹിതവുമായ പച്ചക്കറികൾ ലഭ്യമാകുവാൻ ലക്ഷ്യം വച്ച് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഇടുക്കി രൂപതയുടെ സഹകരണത്തോടെ വട്ടവടയിൽനിന്ന് പച്ചക്കറികളടക്കം ഗുണമേന്മയുള്ള കാർഷികഭ

ക്ഷ്യവിഭവങ്ങളൊരുക്കിക്കൊണ്ട് പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ ഓണ വിപണി ഒരുക്കി.

ഗ്രാമതലത്തിൽ ഇടവകപ്പള്ളികളുടെ ആഭിമുഖ്യത്തിൽ അറുപത് കേന്ദ്രങ്ങളിൽ സ്വാശ്രയസംഘങ്ങൾ, കർഷകദളങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ രൂപതയിലുടനീളം ഓണവിപണികൾ നടത്തി. രൂപതാതല ഉദ്ഘാടനം പി.എസ്. ഡബ്ല്യു.എസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ മുൻസിപ്പൽ ചെയർമാൻ ഷാജു വി. തുരുത്തൻ നിർവഹിച്ചു.

**ഓണപ്പൂക്കൾ**

കൂടല്ലൂർ 'ഒരുമ' കർഷകദളത്തിന്റെ ആഭിമുഖ്യത്തിൽ തോട്ടത്തിൽ വിളഞ്ഞ ചെണ്ടുമല്ലിപ്പൂക്കൾ മിതമായ നിരക്കിൽ വിതരണം ചെയ്തു.

**ഓണവിപണി**

അരുവിത്തുറ സെന്റ് ജോർജ് കർഷകദളത്തിന്റെയും കർഷക മാർക്കറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ അരുവിത്തുറ പള്ളി മൈതാനിയിൽ ഓണവിപണി ആരംഭിച്ചു.

**ഉണർവ് - കാർഷികവിപണനമേള**

മുട്ടുചിറ ഇടവക എട്ടുനോമ്പ് തിരുനാളിനോടനുബന്ധിച്ച് സെന്റ് തോമസ് പാരിഷ് ഹാളിൽ കാർഷികവിപണനമേള നടത്തി. കാർഷിക ഉത്പന്നങ്ങൾ, പച്ചക്കറിവിത്ത്, പച്ചക്കറിത്തൈകൾ, ഫലവൃക്ഷത്തൈകൾ, കാർഷികോപകരണങ്ങൾ, വസ്ത്രങ്ങൾ തുടങ്ങിയവയുടെ വിപണനവും ഫുഡ് കോർട്ടും സംഘടിപ്പിച്ചു. മേളയുടെ ഉദ്ഘാടനം പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ നിർവഹിച്ചു. ഫൊറോന വികാരി വെരി റവ.ഫാ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

ജയ്ഗിരി ഫെഡറേഷൻ കുറവിലങ്ങാട് ഫലവൃക്ഷത്തൈ, പച്ചക്കറിത്തൈ വിപണനവും പ്രദർശനവും നടത്തി.

രാമപുരം സോണൽ മീറ്റിംഗും ഓണാഘോഷവും വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. സോൺ രക്ഷാധികാരി റവ.ഫാ. ബർക്കുമാൻസ് കുന്നുംപുറം നിർവഹിച്ചു.

**വാർഷികാഘോഷങ്ങൾ**

കൂട്ടിക്കൽ സ്വാശ്രയസംഘത്തിന്റെ വാർഷികം വിവിധ കലാപരിപാടികളോടെ നടത്തപ്പെട്ടു. വാർഷികാഘോഷത്തിന്റെ ഉദ്ഘാടനം പി.എസ്.ഡബ്ല്യു. എസ്. അസി. ഡയറക്ടർ ഫാ. എമ്മാനുവൽ കാഞ്ഞിരത്തുങ്കൽ ഫൊറോന വികാരി റവ.ഫാ. ജോസഫ് വടക്കേമംഗലത്തിന്റെ അധ്യക്ഷതയിൽ നടന്നു.

മുട്ടുചിറ ഫൊറോനയുടെ കീഴിലുള്ള സ്വാശ്രയസംഘങ്ങളുടെ ഓണാഘോഷവും സോണൽ മീറ്റിംഗും നടത്തപ്പെട്ടു. സോൺ ഡയറക്ടർ ഫാ. ഗോഡ്സൺ ചങ്ങനാശ്ശേരി പരിപാടികൾ ഉദ്ഘാടനം ചെയ്തു.

പാലാ സോൺ ഓണാഘോഷം ഉദ്ഘാടനം പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ളാലം ഓൾഡ് ഇടവക വികാരി റവ.ഫാ. ജോസഫ് തടത്തിലിന്റെ അധ്യക്ഷതയിൽ നിർവഹിച്ചു.

കുറിച്ചിത്താനം ഫെഡറേഷൻ വാർഷികത്തിന്റെയും ഓണാഘോഷത്തിന്റെയും ഉദ്ഘാടനം മരങ്ങാട്ടുപിള്ളി പഞ്ചായത്ത് പ്രസിഡന്റ് ബെൽജി ഇമ്മാനുവൽ നിർവഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി. വിവിധ കലാപരിപാടികളും മത്സരങ്ങളും ഉണ്ടായിരുന്നു.

തീക്കോയി സ്വാശ്രയസംഘം ഓണാഘോഷം സോൺ ഡയറക്ടർ ഫാ. ജോസഫ് താന്നിക്കാപ്പാറയുടെ അധ്യക്ഷതയിൽ ഫൊറോന വികാരി റവ.ഫാ. ഡോ. തോമസ് മേനാച്ചേരി ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. ഇമ്മാനുവൽ കാഞ്ഞിരത്തുങ്കൽ അനുഗ്രഹപ്രഭാഷണം നടത്തി.

തീക്കോയി സെന്റ് മേരീസ് ഫൊറോന പള്ളി അങ്കണത്തിൽ ഹൈബ്രീഡ് ഫലവൃക്ഷത്തൈകൾ, പൂച്ചെടികൾ, ശീതകാലപച്ചക്കറിത്തൈകൾ, ചെടിച്ചട്ടികൾ, പച്ചക്കറിവിത്തുകൾ, ചെറുധാന്യങ്ങൾ എന്നിവയുടെ പ്രദർശനവും വിപണനവും നടത്തി.

**വാർഷികപൊതുയോഗം**

നബാർഡിന്റെ അംഗീകാരത്തോടെ പി.എസ്.ഡബ്ല്യു.എസ്. പ്രമോട്ട് ചെയ്യുന്ന പാലാ ഹരിതം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ രണ്ടാമത് വാർഷികപൊതുയോഗം അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽവച്ചു നടത്തപ്പെട്ടു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നബാർഡ് റീജണൽ മാനേജർ ശ്രീ റെജി വർഗീസ് മുഖ്യപ്രഭാഷണം നടത്തി.

**പാലാ സാന്തോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി വാർഷികപൊതുയോഗം**

സംസ്ഥാന സർക്കാർ കൃഷിവകുപ്പിന്റെ കീഴിൽ സ്മോൾ ഫാർമേഴ്സ് അഗ്രിബിസിനസ്സ് കൺസോർഷ്യം (എസ്.എഫ്.എ.സി) പി.എസ്.ഡബ്ല്യു.എസിന് അനുവദിച്ച് പാലാ സാന്തോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ മൂന്നാമത് വാർഷികപൊതുയോഗം മുണ്ടുപാലം സ്റ്റീൽ ഇന്ത്യ കാമ്പയിൻ പാലാ സാന്തോം പായ്ക്ക് ഹൗസിൽ വച്ചു നടത്തപ്പെട്ടു. 2013 ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കമ്പനി കാർഷികമേഖലയിൽ വ്യാപരിക്കുന്ന കർഷകരെ കൂട്ടിയിണക്കി കർഷകരുടെ വരുമാനവർദ്ധനവിനും ജീവിതനിലവാര ഉയർച്ചയുമാണ് ലക്ഷ്യം വയ്ക്കുന്നത്. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ആഘോഷം ഉദ്ഘാടനം ചെയ്തു.

**കാൻസർ രോഗികൾക്ക് കൈത്താങ്ങ്**

കൂട്ടിക്കൽ ഫൊറോനയുടെ നേതൃത്വത്തിൽ ഐസ്ക്രീം ചലഞ്ച് ഫണ്ടിൽനിന്ന് കാൻസർ രോഗബാധിതരായ രോഗികൾക്കു ധനസഹായം നൽകി.

**മരിയസദനത്തിനു കൈത്താങ്ങായി**

ഉള്ളനാട് സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ വസ്ത്രങ്ങളും നിത്യോപയോഗസാധനങ്ങളും സാമ്പത്തികസഹായവും നൽകി. കൂടാതെ, ഇടപ്പാടി പൈകട ആതുരാലയവും ചെത്തിമറ്റം ദേവദാൻ സെമിനാറും സന്ദർശിച്ചു. വസ്ത്രങ്ങൾ കൈമാറി.

**ഭവനപദ്ധതി**

കാക്കൂർ സെന്റ് ജോസഫ് സ്വാശ്രയസംഘം നേതൃത്വം കൊടുത്ത് പണി പൂർത്തീകരിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം സ്വാശ്രയസംഘം ഡയറക്ടർ റവ.ഫാ. അബ്രാഹം കുളമാക്കൽ നിർവഹിച്ചു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**ജനറൽ ബോഡി മീറ്റിംഗ്**

പാലാ രൂപത പ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്ക മഹാജനസഭയുടെ (DCMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ചുള്ള ജനറൽബോഡി മീറ്റിംഗ് പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ 2024 സെപ്റ്റംബർ 4 ചൊവ്വാഴ്ച ബിഷപ്സ് ഹൗസിൽവച്ച് കൂടുകയുണ്ടായി. ഇതുവരെയുള്ള പ്രവർത്തനങ്ങൾ, ഇനി പ്രവർത്തനമണ്ഡലത്തിൽ കൊണ്ടുവരേണ്ട കർമ്മപരിപാടികൾ, അടിയന്തരമായി വിളിച്ചുകൂട്ടേണ്ട കമ്മിറ്റികൾ എന്നിവ പിതാവിനെ അറിയിക്കുകയും വേണ്ട നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുകയും ചെയ്തു. യോഗത്തിൽ മോൺ. റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, DCMS ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റ്, രാമപുരം സെന്റ് ആഗസ്തീനോസ് ഫൊറോനപ്പള്ളി വികാരി റവ.ഫാ. ബെർക്കുമാൻസ് കുന്നുംപുറം, വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ പള്ളി വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. തോമസ് വെട്ടുകാട്ടിൽ, DCMS രൂപത പ്രസിഡന്റ് ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി എന്നിവർ പങ്കെടുത്തു.

**സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ്**

പാലാ രൂപത പ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്ക മഹാജനസഭയുടെ (DCMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ച് നടത്തുന്ന ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവയുടെ നടത്തിപ്പിനായുള്ള ആദ്യസ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ് സെപ്റ്റംബർ 7 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 നു രാമപുരം സെന്റ് ആഗസ്തീനോസ് പള്ളി ഓഡിറ്റോറിയത്തിൽവച്ച് രൂപതാ സിഞ്ചെല്ലൂസും പ്രോഗ്രാം ഇൻചാർജ്ജുമായ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിന് DCMS രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതം ആശംസിച്ചു. പ്രോഗ്രാം കമ്മിറ്റി ചെയർമാൻ റവ. ഫാ. ബെർക്കുമൻസ് കുന്നുംപുറം നവംബർ 17 ലെ കാര്യപരിപാടികളെക്കുറിച്ചു വിശദീകരിച്ചു. തുടർന്ന് ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് പരിപാടിയെക്കുറിച്ചും പരിപാടിയിൽ പങ്കെടുക്കുന്ന വിശിഷ്ടവ്യക്തികളെകുറിച്ചും യോഗത്തിൽ

പറയുകയുണ്ടായി. വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻപ്പള്ളി വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. തോമസ് വെട്ടുകാട്ടിൽ, കടനാട്, പ്രവിത്താനം ഫൊറോന പള്ളി വികാരി അച്ചന്മാരും സോണൽ ചെയർമാന്മാരും വിവിധ സംഘടനാനേതാക്കളും രൂപതാകമ്മിറ്റി അംഗങ്ങളും സോണൽ പ്രതിനിധികളും യോഗത്തിൽ പങ്കെടുക്കുകയുണ്ടായി. യോഗത്തിന് DCMS രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ കൃതജ്ഞത അർപ്പിച്ചു.

**ഇൻവിറ്റേഷൻ, പബ്ലിസിറ്റി & മീഡിയ കമ്മിറ്റി മീറ്റിംഗ്**

പാലാ രൂപത പ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്ക മഹാജനസഭയുടെ (DMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ച് നടത്തുന്ന ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവയുടെ നടത്തിപ്പിനായുള്ള ഇൻവിറ്റേഷൻ, പബ്ലിസിറ്റി & മീഡിയ കമ്മിറ്റി മീറ്റിംഗ് 2024 സെപ്റ്റംബർ 11 നു ഷലോം പാസ്റ്ററൽ സെന്ററിൽ വെച്ചു രൂപതാ സിഞ്ചെല്ലൂസും പ്രോഗ്രാം ഇൻചാർജ്ജുമായ മോൺ. റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിന് DCMS രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതം ആശംസിച്ചു. യോഗത്തിൽ പ്രോഗ്രാം കമ്മിറ്റി ചെയർമാൻ റവ. ഫാ. ബെർക്കുമാൻസ് കുന്നുംപുറം, വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ പള്ളി വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. തോമസ് വെട്ടുകാട്ടിൽ, രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി, രൂപതക്കമ്മിറ്റി അംഗങ്ങൾ, ഇൻവിറ്റേഷൻ, പബ്ലിസിറ്റി & മീഡിയ കമ്മിറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**KCBC സ്കോളർഷിപ്പ് വിതരണം**

പാലാ രൂപതയുടെ 2022-23 വർഷത്തെ KCBC സ്കോളർഷിപ്പ് വിതരണം 2024 സെപ്റ്റംബർ 18 ബുധനാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് മുണ്ടുപാലം ബ്ലെസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ച് പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർഹിക്കുകയുണ്ടായി. അന്നേദിവസം കുട്ടികൾക്കായി ഏകദിനസെമിനാറും നടത്തി. ജോസ് രഗാദ്രി സർ കുട്ടികൾക്കായി ക്ലാസുകളെടുത്തു. യോഗത്തിന് രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ അദ്ധ്യക്ഷത വഹിച്ചു. രൂപതാ വികാരി ജനറൽ മോൺ. റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് അച്ചൻ യോഗത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. യോഗത്തിന് രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതം ആശംസിച്ചു. ജോസ് രഗ്രാദി സർ യോഗത്തിന് ആശംസ അർപ്പിച്ചു. രൂപതയിൽനിന്ന് 79 കുട്ടികൾ സ്കോളർഷിപ്പിന് അർഹരായി.

**രൂപതാ കമ്മിറ്റി**

DCMS പാലാ രൂപത സെപ്റ്റംബർമാസത്തെ കമ്മിറ്റി സെപ്റ്റംബർ 20 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 നു മുണ്ടുപാലം ബ്ലെസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ കൂടുകയുണ്ടായി. നടത്തുന്ന ദേശീയസിമ്പോസിയം മഹാസമ്മേളനം എന്നിവയുടെ രൂപതാക്കമ്മറ്റി യോഗത്തിൽ കണക്ക്, റിപ്പോർട്ട് എന്നിവ പാസ്സാക്കുകയും ചെയ്തു. കമ്മിറ്റിയിൽ രൂപത സിഞ്ചെല്ലൂസ് മോൺ. റവ.ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് മുഖ്യപ്രഭാഷണം നടത്തുകയുണ്ടായി. രൂപതാ

പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ യോഗത്തിന് അധ്യക്ഷത വഹിച്ചു. ഡയറക്ടർ റവ.ഫാ. ജോസ് വടക്കെക്കുറ്റ് ആമുഖപ്രഭാഷണം നടത്തി.

കമ്മിറ്റിയിൽ, വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്ക് ഒക്ടോബർ 16 നു നടത്തുന്ന തീർഥാടനപദയാത്രയെക്കുറിച്ച് ചർച്ച ചെയ്തു. കൂടാതെ, നവംബർ 17 നു നടത്തുന്ന ദേശീയസിമ്പോസിയം, മഹാ സമ്മേളനം എന്നിവയെക്കുറിച്ചും ചർച്ച ചെയ്തു. ജോയിന്റ് സെക്രട്ടറി ബിപിൻ ബേബി യോഗത്തിനു കൃതജ്ഞത അർപ്പിച്ചു.

**അടിയന്തര രൂപതാകൗൺസിലും സോണൽസമിതി മീറ്റിങ്ങും**

ഒക്ടോബർ 16 വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്കു നടത്തുന്ന തീർഥാടനപദയാത്രയെക്കുറിച്ചും പാലാ രൂപതപ്ലാറ്റിനം ജൂബിലി, ദളിത് കത്തോലിക്ക മഹാജനസഭയുടെ (DCMS) സപ്തതിവർഷം എന്നിവയോടനുബന്ധിച്ച് നടത്തുന്ന ദേശീയസിമ്പോസിയം, മഹാസമ്മേളനം എന്നിവയുടെ കാര്യങ്ങൾ രൂപതയിലെ എല്ലാ യൂണിറ്റിലും അറിയിക്കുന്നതിനു വേണ്ടിയുള്ള അടിയന്തര രൂപതാ കൗൺസിലും സോണൽ സമിതി മീറ്റിങ്ങും സെപ്റ്റംബർ 22 ഞായറാഴ്ച രാവിലെ 10.30 നു ഷലോം പാസ്റ്ററൽ സെന്ററിൽ വെച്ച് കമ്മിറ്റിയിൽ രൂപത സിഞ്ചെല്ലൂസ് മോൺ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്തച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിന് രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ സ്വാഗതം പറഞ്ഞു. ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രഭാഷണം നടത്തി. തുടർന്ന് ചർച്ചകൾക്കുശേഷം തീർത്ഥാടനപദയാത്ര, ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനിച്ചു. സെക്രട്ടറി ബിന്ദു ആന്റണി നന്ദിയർപ്പിച്ചു യോഗം അവസാനിച്ചു.

ഒക്ടോബർ 16 വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്കു നടത്തുന്ന തീർത്ഥാടനപദയാത്രയും ദീപശിഖപ്രയാണവും ഒക്ടോബർ 16 വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്കു നടത്തുന്ന തീർഥാടനപദയാത്ര പാലാ രൂപതയിലെ അഞ്ചു സോണുകളിൽനിന്നാണ് ആരംഭിക്കുന്നത്. വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ ഛായാചിത്രത്തിനൊപ്പം ദീപശിഖയും വഹിച്ചുകൊണ്ടുള്ള തീർത്ഥാടനപദയാത്ര രാമപുരത്തിന്റെ നാലു ഭാഗങ്ങളിൽനിന്നും രാവിലെ 10 മണിക്ക് ആരംഭിക്കും.

വിവിധ സോണുകളിൽനിന്ന് ഓരോ യൂണിറ്റുകളും ഇപ്രകാരമാണ് തീർത്ഥാടനപദയാത്രയ്ക്കായി എത്തിച്ചേരേണ്ടത്.

അരുവിത്തുറ – ചേർപ്പുങ്കൽ സോൺ – രാമപുരം ഇടവകയുടെ വളക്കാട്ട് കുന്ന്, ചിറകണ്ടംഭാഗവും (തെക്കു ഭാഗം), ചിറ്റാർ, കരൂർ, ചക്കാമ്പുഴ, അന്ത്യാളം, എഴാച്ചേരി എന്നീ യൂണിറ്റ് അംഗങ്ങൾ വെള്ളിലാപ്പള്ളി ജംഗ്ഷനിലും.

തുടങ്ങനാട് സോൺ – പ്രവിത്താനം, കടനാട് മേഖലയിലെ യൂണിറ്റുകളും രാമപുരം ഇടവകയുടെ മരങ്ങാട് ഭാഗവും ഐങ്കൊമ്പ് രാമപുരം ബസ് റൂട്ടിൽ മഞ്ചാടിമറ്റം സ്കൂൾ ജംഗ്ഷനിലും

കുറവിലങ്ങാട് സോൺ – രാമപുരം ഇടവകയുടെ വെളിയന്നൂർ, അരീക്കര, പയസ്മൗണ്ട്, ഉഴവൂർ, അമനകര, പാലവേലി തൈപ്പറമ്പ് ഭാഗവും കൊണ്ടാട്,

പൂവക്കുളം ഇടവകയിലെ അംഗങ്ങൾ ഉഴവൂർ രാമപുരം ബസ്സ് റൂട്ടിൽ RVM സ്കൂൾ ജംഗ്ഷനിലും കാവുംകണ്ടം, മാനത്തൂർ, പിഴക്, കുറിഞ്ഞി, നീറന്താനം യൂണിറ്റുകളും രാമപുരം ഇടവകയുടെ വടക്കുംഭാഗം, കുന്നപ്പള്ളി, മൂലമറ്റം ഭാഗംകാർ രാമപുരം ഗേൾസ് ഹൈസ്കൂൾ (കർമ്മലീത്താമഠം) ജംഗ്ഷനിലും ഒക്ടോബർ 16 ബുധനാഴ്ച രാവിലെ 9.30 നു എത്തിച്ചേരേണ്ടതും തീർത്ഥാടന പദയാത്ര രാവിലെ 10 മണിക്ക് തുടങ്ങുന്നതുമാണ്.

**ഭവനസന്ദർശനവും കുടുംബസംഗമവും**

DCMS സപ്തതിയോടനുബന്ധിച്ചു നടത്തപ്പെടുന്ന ഭവനസന്ദർശനവും കുടുംബസംഗമവും രൂപതയിലെ വിവിധ സോണുകളിൽ നടന്നുവരുന്നു. ചേർപ്പുങ്കൽ സോണിലെ അരുണാപുരം ഇടവകയിൽ സെപ്റ്റംബർ 22 ചൊവ്വാഴ്ച പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നടത്തി. സന്ദർശനത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, ഇടവകവികാരി ഫാ. മാത്യു പുല്ലുകാലായിൽ, രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, രൂപതാ സെക്രട്ടറി ബിന്ദു ആന്റണി, കൂടാതെ, ചേർപ്പുങ്കൽ സോണൽ സമിതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. ചേർപ്പുങ്കൽ സോണിലെ വലവൂർ, കുറവിലങ്ങാട് സോണിലെ കാളികാവ്, ഉദയഗിരി, മരങ്ങോലി, പിറവം എന്നിവിടങ്ങളിൽ കുടുംബ സംഗമവും നടന്നു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. കെയർ ഹോംസ് മീറ്റിംഗുകൾ**

1) സ്പെഷൽ സ്കൂൾ വിഭാഗത്തിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

2) സ്പെഷൽ സ്കൂൾ ഡേ

സ്പെഷൽ സ്കൂളിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷം നടത്തി. കൊച്ചിടപ്പാടി സ്നേഹാരാം സ്പെഷൽ സ്കൂളിൽവച്ചു നടത്തിയ സെലിബ്രേഷനിൽ രൂപത സിഞ്ചെല്ലൂസ് സെബാസ്റ്റ്യൻ വേത്താനത്ത് മുഖ്യാതിഥിയായിരുന്നു. എല്ലാ സ്കൂളുകളും സജീവമായി പങ്കെടുത്തു. എല്ലാ സ്കൂളിലെയും കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് മത്സരങ്ങളും കലാപരിപാടികളും നടത്തി. എല്ലാ കുട്ടികൾക്കും സമ്മാനങ്ങൾ നൽകുകയും ചെയ്തു. ഓണസദ്യയോടെ പ്രോഗ്രാം അവസാനിച്ചു.

**2. സൂചനാസമരം**

സ്പെഷൽ സ്കൂൾ കുട്ടികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ സെക്രട്ടറിയേറ്റിനു മുമ്പിൽ നിരാഹാരസമരം നടത്തി.

**3. സംസ്ഥാന മീറ്റിംഗ്**

സ്പെഷൽ സ്കൂൾ & റിഹാബിലിറ്റേഷൻ സ്ഥാപനങ്ങൾ ഈ കാലഘട്ടത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും ആവശ്യകതകളും പരിഹാരമാർഗ്ഗങ്ങളും ചർച്ചചെയ്യുന്നതിനും കർമ്മപദ്ധതികൾ ആവിഷ്ക

രിക്കുന്നതിനുംവേണ്ടി നമ്മുടെ കത്തോലിക്കാസഭയിലെ വിവിധ രൂപതകളുടെയും സന്ന്യാസി/സന്ന്യസിനീസമൂഹങ്ങളുടെയും നേതൃത്വത്തിൽ നടത്തുന്ന സ്പെഷ്യൽ സ്കൂൾ & റിഹാബിലിറ്റേഷൻ സ്ഥാപനങ്ങളുടെ മാനേജർമാരുടെയും പ്രിൻസിപ്പൽമാരുടെ മീറ്റിംഗ് തൃശൂർ സെന്റ് തോമസ് കോളേജിലെ മെഡ്ലിക്കോട്ട് ഹാളിൽവച്ച് കൂടി. കെ.സി.ബി.സി. ജസ്റ്റീസ് പീസ് & ഡെവലപ്മെന്റ് കമ്മീഷൻ ചെയർമാൻ മാർ ജോസ് പുളിക്കൽ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ സി.ബി.സി.ഐ പ്രസിഡന്റ് ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നിർവഹിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. മീറ്റിംഗ്**

1. രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി

**3. വിവിധ ക്ഷേമനിധിയിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

**3.** വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P).

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ**

സെപ്റ്റംബർ 1,8,15,22,29 തീയതികളിൽ എ.എ. മീറ്റിംഗുകൾ നടന്നു. ചികിത്സാനന്തരം ലഹരിയാസക്തിയെ അതിജീവിച്ച് ജീവിതം നയിക്കുന്നവർ യോഗത്തിൽ സംബന്ധിക്കുകയും ചെയ്തു. ഫാ. ജെയിംസ് പൊരുന്നോലിൽ, ശ്രീ എൻ.എം. സെബാസ്റ്റ്യൻ എന്നിവർ യോഗത്തിനു നേതൃത്വം നൽകി.

**ലഹരിവിരുദ്ധക്ലാസുകൾ**

സെപ്റ്റംബർ മാസം 1, 8 തീയതികളിൽ സെന്റ് തോമസ് ചർച്ച് അറുനൂറ്റിമംഗലം, സെന്റ് മഗ്ദലേന മറിയം ചർച്ച് നരിയങ്ങാനം എന്നീ ഇടവകകളിൽ വിശ്വാസപരിശീലനക്ലാസുകളോടനുബന്ധിച്ച് ലഹരിവിരുദ്ധബോധവത്കരണക്ലാസുകൾ അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ നടത്തി.

**സന്ദർശനം**

സെപ്റ്റംബർ 10 ന് കോട്ടയം സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻസ് വിദ്യാർത്ഥികൾ അഡാർട്ട് സന്ദർശിക്കുകയും അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ വിദ്യാർത്ഥികൾക്കായി ലഹരിവിരുദ്ധബോധവത്കരണക്ലാസുകൾ നയിക്കുകയും ചെയ്തു.

**ലഹരിരഹിത ഓണം**

ലഹരിയാസക്തി ചികിത്സയ്ക്കുശേഷം ലഹരിയുപേക്ഷിച്ച് ജീവിതം നയിക്കുന്നവരെ ഒരുമിച്ചുചേർത്തു സെപ്റ്റംബർ 15 ന് ഓണാഘോഷം നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2024 മത്സരം ഭംഗിയായി കഴിഞ്ഞു. സഹകരിച്ച എല്ലാവർക്കും നന്ദി. ഫലപ്രഖ്യാപനം ഒക്ടോബർ 18 നാണ്.

**ലോഗോസ് ഫാമിലി ക്വിസ്**

ലോഗോസ് ഫാമിലി ക്വിസ് മത്സരം 2024 ഒക്ടോബർ 27-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1 മണിമുതൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടക്കും. ഫൊറോനാതല വിജയികളാണ് രൂപതാമത്സരത്തിൽ പങ്കെടുക്കുക.

**ബൈബിൾ കോഴ്സ്**

അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ സെപ്റ്റംബർ മാസത്തെ ക്ലാസ് ഫാ. തോമസ് പുന്നത്താനത്ത് നയിച്ചു. സുവിശേഷങ്ങളിലെ ഈശോയുടെ അദ്ഭുതങ്ങളെക്കുറിച്ചായിരുന്നു ക്ലാസ്. അടുത്ത ക്ലാസ് ഒക്ടോബർ 12 ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കും. ഫാ. തോമസ് മണ്ണൂർ ക്ലാസ് നയിക്കും.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1.** 42-ാമത് രൂപത ബൈബിൾ കൺവൻഷനുവേണ്ടിയുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. എല്ലാ തിങ്കൾ, ചൊവ്വാ, ബുധൻ, വ്യാഴം ദിവസങ്ങളിൽ ഒരുക്ക മദ്ധ്യസ്ഥപ്രാർത്ഥന നടക്കുന്നു.

2. സെപ്തംബർ 10 ചൊവ്വാഴ്ച ഹോസ്പിറ്റൽ മിനിസ്ട്രി അംഗങ്ങൾ പ്രവിത്താനം മാർ കാവുകാട്ട് മെമ്മോറിയൽ ആശുപത്രി സന്ദർശിച്ച് രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു. സെബാസ്റ്റ്യൻ പൈലി ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**3. സ്ട്രീറ്റ് മിനിസ്ട്രി**

സെപ്തം. 3, 10, 13, 25 തീയതികളിൽ യഥാക്രമം കരിങ്കുന്നം, ഏഴാച്ചേരി, ഇടമറ്റം, മേലുകാവ് എന്നിവിടങ്ങളിൽ തെരുവുശുശ്രൂഷകൾ നടത്തി. റിട്ട. എസ്. ഐ. മാത്യു സാർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1.** പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എല്ലാ വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സയ്ഥ ശുശ്രൂഷ നടത്തപ്പെടുന്നു. രാവിലെ 9 മണിമുതൽ 2 മണിവരെയും കരുണക്കൊന്ത, ജപമാല, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. സെപ്റ്റംബർ മാസത്തിൽ ബ്രദർ കൊച്ചുമോൻ ചങ്ങനാശ്ശേരി, റവ. ഫാ ജോസഫ് പരവുമ്മേൽ, സി. ആൻ ജോസ് SH, ബ്രദർ സജി സേവ്യർ എന്നിവർ ഓരോ ആഴ്ചയിലും വചനപ്രേഘോഷണം നടത്തുകയുണ്ടായി.

**2. ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവികരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന ദിനമായി പാലാ സോണിനു നല്കപ്പെട്ടിരിക്കുന്ന സെപ്റ്റംബർ 7 ന് മുണ്ടാങ്കൽ സെന്റ് ഡോമിനിക് ദൈവാലയത്തിൽ വച്ച് ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി. റവ. ഫാ. ജോർജ് വേളുപ്പറമ്പിൽ (പ്രവിത്താനം ഫൊറോനാ വികാരി) തിരിതെളിച്ച് ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു. ശ്രീമതി സുനിതാ അശോക് (KCSC) വചനസന്ദേശം നൽകുകയും ചെയ്തു. റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, റവ. ഫാ. മാത്യു മതിലകത്ത്, റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോൺ, സബ് സോൺ സർവീസ് ടീം അംഗങ്ങൾ തുടങ്ങിയവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകുകയുണ്ടായി.

**3.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി, പാലാ സെന്റ് ജോർജ്ജ് പുത്തൻപള്ളിയിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി.

**4.** വെള്ളിയാഴ്ചകളിലും രാത്രി 8.30 ന് ഓൺലൈനിൽ കുരിശിന്റെ വഴി നടത്തപ്പെട്ടു.

**5. രാത്രിയാരാധന**

വി. അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽവച്ച് സെപ്റ്റംബർ 28 ശനിയാഴ്ച രാത്രിയാരാധന നടത്തപ്പെട്ടു. റവ. ഫാ. ആദർശ് കുമ്പളത്ത് (മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രം, തിരുവനന്തപുരം) വചനപ്രഘോഷണവും ആരാധനയും നയിച്ചു. റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ സർവീസ് ടീം അംഗങ്ങൾ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**6.** സെപ്റ്റംബർ 21 ശനി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കരിസ്മാറ്റിക് കുടുംബസംഗമം നടത്തപ്പെട്ടു. സോൺ, സബ് സോൺ സർവീസ് ടീം അംഗങ്ങളും രൂപതയിലെ മറ്റ് വചനപ്രഘോഷകർ, കൗൺസലിംഗ് ശുശ്രൂഷ ചെയ്യുന്നവർ ഒന്നുച്ചുകൂടി വിശേഷങ്ങൾ പങ്കുവയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ ആദ്യ ഞായറാഴ്ച അഡാർട്ടിൽ ഒത്തു കുടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവരുടെ കുടുംബാംഗ ങ്ങൾക്കായും ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

പാലാ സബ് ജയിലിൽ തടവറയിൽ കഴിയുന്നവരുടെ നേതൃത്വത്തിൽ പച്ച ക്കറികൃഷി നടത്തുന്നതിനായി ഗ്രോ ബാഗുകളും പച്ചക്കറിത്തൈകളും നൽകു കയും കൃഷി ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു. ഡയറക്ടർ, ആനിമേറ്റർ, ജയിൽ സൂപ്രണ്ട് എന്നിവരുടെ സാന്നിധ്യത്തിൽ പാലാ സബ് ജഡ്ജ് ഉദ്ഘാടനം നിർവഹിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിനദൈവരാജ്യപ്രഘോ ഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, മധ്യസ്ഥപ്രാർത്ഥന, നിയോഗ സമർപ്പണം, അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടെ പൂർത്തിയാകുന്ന ധ്യാനം - സെപ്റ്റംബർ 14 ന് മൗണ്ട് നെബോ ആബാദവനത്തിൽ വച്ച് നടത്തി.

2. 2024 സെപ്റ്റംബർ 15 മുതൽ സെപ്റ്റംബർ 21 വരെ മൗണ്ട് നെബോ ആബാ ഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യനുഭവധ്യാനം നടന്നു.

3. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

2024 ഒക്ടോബർ 12 - ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം.

2024 ഒക്ടോബർ 20 മുതൽ 26 വരെ പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം.

ബുക്കിംഗിന് : www.mountnebo.online വെബ്സൈറ്റ് സന്ദർശിക്കുക.

അന്വേഷണങ്ങൾക്ക്: 9847472522; 7306371028.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ** (അസി. ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു. SFO രൂപത സ്പിരിചൽ അസിസ്റ്റന്റുമാരുടെ നേതൃത്വത്തിൽ രൂപത റീജിയൻ ഭാരവാഹികൾ യൂണിറ്റുകൾ ആധ്യാത്മികവും ഭൗതികവുമായ ശക്തിപ്പെടുത്തുന്നതിനും യൂണിറ്റുകളിൽ സന്ദർശനം നടത്തുകയും മരണപ്പെട്ട അല്മായ സംസ്കാരശുശ്രൂഷകളിൽ സംബന്ധിക്കുകയും ചെയ്തു വരുന്നു.

2024 സെപ്റ്റംബർ മാസം 21-ാം തീയതി ശനിയാഴ്ച രാവിലെ 10:00 ന് കളത്തൂക്കടവ് സെന്റ് ജോൺ വിയാനി പള്ളിയുടെ പാരിഷ് ഹാളിൽ വച്ച് SFO അരുവിത്തുറ സെന്റ് ആന്റണീസ് റീജിയന്റെ സമ്മേളനം നടത്തപ്പെട്ടു. SFO അരുവിത്തുറ റീജിയൻ വൈസ് പ്രസിഡന്റ് ബ്രദർ തോമസ് മാത്യു മടിക്കാങ്കൽ അധ്യക്ഷത വഹിച്ച സമ്മേളനം കളത്തൂക്കടവ് സെന്റ് ജോൺ വിയാനി പള്ളി വികാരി റവ. ഫാ. തോമസ് ബ്രാഹ്മണവേലിൽ ഉദ്ഘാടനം ചെയ്തു. ഫാ. ആന്റണി വെച്ചൂർ OFM Cap., ബ്രദർ രാജു ജോസഫ് പാലത്തിങ്കൽ, സി. ഗീതമ്മ ജോസഫ് നീണ്ടൂർ, ബ്രദർ സോജൻ മാത്യു കോയിക്കൽ വരപ്പറമ്പിൽ, ബ്രദർ ബിനോയി മാത്യു ഒഴാക്കൽ, ബ്രദർ വി.സി. ജോർജുകുട്ടി വടക്കേതകിടിയേൽ, എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ വച്ച് അല്മായസഭാംഗങ്ങളുടെ പ്രാരംഭ നിത്യവ്രത പ്രതിജ്ഞാപന കർമ്മങ്ങളും നടത്തപ്പെട്ടു.

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ പഞ്ചക്ഷതസ്വീകരണത്തിന്റെ 800-ാമത് വാർഷികാഘോഷങ്ങളുടെ ഭാഗമായി 2024 സെപ്റ്റംബർ മാസം 28-ാം തീയതി ശനിയാഴ്ച ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ച് ഫ്രാൻസിസ്കൻസഭകളുടെ സമ്മേളനം നടത്തപ്പെട്ടു. പാലാ രൂപതയുടെ അഭിവന്ദ്യ പിതാവ് മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.**(ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മീറ്റിംഗ്**

1) ഡി.എഫ്.സി. രൂപത, ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഡ്രീം ലൈൻ പ്രോജക്ടുകൾ ഇടവകകളിൽ ശക്തിപ്പെടുത്തണമെന്നും ടീച്ചേഴ്സ് കോപ്പികൾ പൂർത്തിയാക്കാത്ത സ്കൂളുകളുടെ ലിസ്റ്റ് ചെക്ക് ചെയ്യാൻ തീരുമാനിച്ചു. അടുത്ത ഫൊറോന കൺവെൻഷനുകളെക്കുറിച്ച് ചർച്ചചെയ്യുകയും ചെയ്തു.

2) ഓൺലൈൻ മീറ്റിംഗ്

ഡി.എഫ്.സി. സംസ്ഥാനസമിതി ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

**2. അവലോകനവും കണക്ക് അവതരണവും**

ഡി.എഫ്.സി അരുവിത്തുറ ഫൊറോന മീറ്റിംഗിൽ കൺവൻഷന്റെ അവലോകനവും കണക്ക് അവതരണവും നടത്തി.

**3. ഫൊറോന കൺവെൻഷൻ**

കടനാട് ഫൊറോന കൺവൻഷൻ സെപ്റ്റംബർ 17-ന് കടനാട് സെന്റ് അഗസ്റ്റ്യൻസ് ഫൊറോനാപ്പള്ളി പാരിഷ് ഹാളിൽ നടന്നു. ഫൊറോന വികാരി ഫാ. അഗസ്റ്റ്യൻ അരഞ്ഞാണിപുത്തൻപുര അധ്യക്ഷത വഹിച്ച യോഗത്തിൽ പാലാ രൂപത സിഞ്ചെല്ലൂസ് മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് കൺവൻഷൻ ഉദ്ഘാടനം നടത്തി. സഭയുടെ വലിയ ജിഹ്വയാണ് ദീപിക എന്ന് തദവസരത്തിൽ അദ്ദേഹം പറഞ്ഞു. ദീപിക ദിനപത്രം സമൂഹത്തിന്റെ പ്രതീക്ഷയാണ്. സത്യത്തിന്റെ സുവിശേഷമായി മാറാൻ ദീപികയ്ക്കു സാധിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 75 വർഷം ദീപിക വരിക്കാർ ആയവരെയും ഈ വർഷം പ്ലസ് ടു, സൺഡേ സ്കൂൾ പരീക്ഷകളിൽ ഫുൾ മാർക്കു നേടിയ വിദ്യാർത്ഥികളെയും വിവിധ മേഖലകളിൽ മികവു തെളിയിച്ചവരെയും ആദരിച്ചു. രൂപത കോ-ഓർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം മുഖ്യപ്രഭാഷണം നടത്തി. ഡി.എഫ്.സി. സംസ്ഥാന പ്രസിഡന്റ് ജോർജ് വടക്കേൽ, രൂപത പ്രസിഡന്റ് ജെയ്സൺ ജോസഫ്, ഫൊറോന പ്രസിഡന്റ് മധു നിരപ്പേൽ, രൂപത വനിതാപ്രസിഡന്റ് ജാൻസി തോട്ടക്കര, ഫൊറോന വനിതാപ്രസിഡന്റ് ലിബി മണിമല, കടനാട് യൂണിറ്റ് പ്രസിഡന്റ് ടോമി വാളികുളം തുടങ്ങിയവർ പ്രസംഗിച്ചു.

**4. പാലാ രൂപത പ്ലാറ്റിനം ജൂബിലി ആഘോഷവും ഡി.എഫ്.സി. പത്താമത് വാർഷികവും**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയും ഡി.എഫ്.സി.യുടെ 10-ാമത് വാർഷികവും നടത്താൻ എക്സിക്യൂട്ടീവ് മീറ്റിംഗിൽ ആലോചന നടത്തി.

**5. ദീപിക നമ്മുടെ ഭാഷാപദ്ധതി**

പാറപ്പള്ളി ഗവ. എൽ.പി സ്കൂളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതി ഉദ്ഘാടനം സ്പോൺസർ ഡി.എഫ്.സി. പാലാ ഫൊറോന പ്രസിഡന്റ് വി.ടി. ജോസഫ് വെട്ടിക്കൽ പത്രത്തിന്റെ കോപ്പി ഹെഡ്മിസ്ട്രസ് സുമ ബി. നായർക്ക് നൽകി നിർവഹിച്ചു. ഡി.എഫ്.സി. രൂപത കോർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, രൂപത പ്രസിഡന്റ് ജയ്സൺ ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**ഇൻഫാം യൂണിറ്റുകൾ**

വിവിധ ഇടവകകളിൽ ഇൻഫാം യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി പുതുതായി അരുണാപുരം, വയലാ,

മണലുങ്കൽ, ഉരുളികുന്നം എന്നീ ഇടവകകളിൽ യൂണിറ്റുകൾ സ്ഥാപിച്ചു. കൂടാതെ, നിലവിൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്ന തുരുത്തിപ്പള്ളി, ചെമ്മലമറ്റം, മലയിഞ്ചിപ്പാറ, കടുത്തുരുത്തി എന്നീ ഇടവകകളിൽനിന്ന് കൂടുതൽ അംഗങ്ങളെ ഇൻഫാമിൽ ചേർത്തു. മേൽപ്പറഞ്ഞ ഇടവകകളിൽനിന്നായി 126 പേരെ പുതുതായി അംഗങ്ങളാക്കി ചേർക്കുവാൻ സാധിച്ചു.

**ഇൻഫാം ഇ.എസ്.എ. വിടുതൽസന്ധ്യ**

ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ 17-09-2024 ൽ പാറത്തോട് എം.ഡി.എസ്. ഓഡിറ്റോറിയത്തിൽവച്ച് ഇ.എസ്.എ. വിടുതൽ സന്ധ്യ എന്നപേരിൽ പുതിയ ഇ.എസ്.എ. കരട് വിജ്ഞാപനത്തിനെതിരേ ഒരു പ്രതിഷേധപരിപാടി സംഘടിപ്പിച്ചു. പ്രശ്നബാധിതമേഖലകളിലെ എം.പിമാരായ ശ്രീ ആന്റോ ആന്റണി, ശ്രീ ജോസ് കെ.മാണി, ശ്രീ ഫ്രാൻസിസ് ജോർജ്, ശ്രീ ഡീൻ കുര്യാക്കോസ് എന്നിവരും എം.എൽ.എ.മാരായ ഡോ. എൻ. ജയരാജ്, ശ്രീ വാഴൂർ സോമൻ, ശ്രീ സെബാസ്റ്റ്യൻ കുളത്തുങ്കൽ എന്നിവരും പങ്കെടുത്തു. പരിസ്ഥിതിദുർബല പ്രദേശപ്രഖ്യാപനത്തിൽ ഉൾപ്പെട്ടിരിക്കുന്ന ജനവാസമേഖലകളെ പൂർണമായും ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ബഹു. എം.പി.മാരും എം.എൽ.എ. മാരും യോഗത്തിൽ ഉറപ്പുനൽകി. വന്യമൃഗശല്യവും ഏലമലക്കാടുകളുടെ പ്രശ്നവും യോഗത്തിൽ വിശദമായി ചർച്ച ചെയ്തു. ഈ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ജനപ്രതിനിധികൾ അറിയിച്ചു. കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ മുഖ്യപ്രഭാഷണം നടത്തി. ഇൻഫാം സംസ്ഥാനഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ അധ്യക്ഷത വഹിച്ചു. ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ യോഗം ഉദ്ഘാടനം ചെയ്തു. കാഞ്ഞിരപ്പള്ളി ജില്ലാ പ്രസിഡന്റ് അഡ്വ. എബ്രാഹം മാത്യു പന്തിരുവേലിൽ, ജോയിന്റ് ഡയറക്ടർ ഫാ. ആൽബിൻ പുൽത്തകിടിയേൽ എന്നിവർ പ്രസംഗിച്ചു. ഇൻഫാം ദേശീയ, സംസ്ഥാന, ജില്ലാ, താലൂക്ക് ഭാരവാഹികൾ യോഗത്തിൽ പങ്കെടുത്തു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## ഫാ. കുര്യൻ വെള്ളരിങ്ങാട്ട്

സെന്റ് ജോർജ് ളാലം പുത്തൻപള്ളി ഇടവകയിൽ വെള്ളരിങ്ങാട്ട് കുഞ്ഞുവർക്കിയുടെയും ഏലിയാമ്മയുടെയും ഏഴുമക്കളിൽ ഒരാളായി കുര്യനച്ചൻ 1943 നവംബർ 11-ാം തീയതി ജനിച്ചു. മുണ്ടാങ്കൽ പള്ളിയിൽവച്ച് 1943 നവംബർ മാസം 20-ാം തീയതി കല്ലിടുക്കിൽ തോമസ് അച്ചനിൽനിന്ന് മാമ്മോദീസാ സ്വീകരിച്ചു. 1956 മെയ് 12-ാം തീയതി മാർ സെബസ്റ്റ്യൻ വയലിൽപിതാവിൽനിന്ന് സ്ഥൈര്യലേപനം സ്വീകരിച്ചു. കിഴതടിയൂർ ഗവ. എൽ. പി.സ്കൂൾ, സെന്റ് തോമസ് ഹൈസ്കൂൾ പാലാ, സെന്റ് തോമസ് കോളജ് എന്നിവിടങ്ങളിൽനിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കിയ അച്ചൻ 1965 ൽ പാലാ രൂപതയുടെ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വൈദികപഠനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽനിന്ന് തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പൂർത്തിയാക്കിയ അച്ചൻ 1973 ഡിസംബർ 22-ാം തീയതി മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ചു.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ ആദ്യനാളുകളിൽ പെരിങ്ങുളം, രാമപുരം എന്നീ ഇടവകകളിൽ സഹവികാരിയായും അടുക്കം, തുരുത്തിപ്പള്ളി, ചേറ്റുതോട്, വെള്ളിയാമറ്റം, കളത്തൂക്കടവ്, മുത്തോലി, പൂവത്തോട്, അന്തിനാട് എന്നീ ഇടവകകളിൽ വികാരിയായും ളാലം പഴയപള്ളിയിൽ പാസ്റ്ററൽ അസിസ്റ്റന്റായും അച്ചൻ സേവനം ചെയ്തു. 2019 മുതൽ മാർ അപ്രേം പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചുവരവേ 2024 സെപ്റ്റംബർ 12-ാം തീയതി ഇഹലോകവാസം പൂർത്തിയാക്കി നിത്യകിരീടം നേടാൻ ദൈവപിതാവിന്റെ തിരുസന്നിധിയിലേക്കു യാത്രയായി.

ബഹു. കുര്യൻ വെള്ളരിങ്ങാട്ടച്ചന്റെ ഭൗതികശരീരം 2024 സെപ്റ്റംബർ 14-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് ഭവനത്തിലുള്ള ശുശ്രൂഷകൾക്കുശേഷം 2.30 ന് പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാ

വിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാനയ്ക്കും തുടർന്ന് മൃതസംസ്കാരശുശ്രൂഷാപ്രാർത്ഥനകൾക്കുശേഷം ളാലം പുത്തൻപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

മരിച്ചവരെ നിത്യതയിൽ ഉണർത്തിക്കുന്ന ദൈവം എന്റെ വിശ്വസ്തദാസനായ ബഹു. കുര്യൻ വെള്ളരിങ്ങാട്ടച്ചനെ ജീവന്റെ കിരീടം അണിയിക്കട്ടെ.



## ഫാ. ജോസഫ് പുലവേലിൽ

സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് പെരിയപ്പുറം ഇടവകയിൽ പുലവേലിൽ ആഗസ്തിയുടെയും മറിയത്തിന്റെയും ഏഴു മക്കളിൽ ഒരാളായി 1929 ഏപ്രിൽ 19-ാം തീയതി പുലവേലിൽ ജോസഫച്ചൻ ജനിച്ചു. 1929 ഏപ്രിൽ 27 ന് മുളക്കുളം പള്ളിയിൽ വച്ച് മാമ്മോദീസ സ്വീകരിച്ചു. മാർ ജെയിംസ് കാളാശ്ശേരിൽ പിതാവിൽനിന്ന് 1937 ൽ സ്ഥൈര്യലേപനം സ്വീകരിച്ചു. ഗവ. സ്കൂൾ നാമക്കുഴി, പിറവം സെന്റ് ജോസഫ്സ് ഹൈസ്കൂൾ എന്നിവിടങ്ങളിൽനിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ തുടർന്ന് അച്ചൻ ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജ്, തേവര എസ്.എച്ച്. കോളേജ് എന്നിവിടങ്ങളിൽനിന്ന് കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കി. 1954 ൽ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. 1955 - 1963 കാലഘട്ടത്തിൽ മംഗളൂരു സെന്റ് ജോസഫ് സെമിനാരിയിൽനിന്ന് തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. 1962 ഡിസംബർ 3-ാം തീയതി മംഗളൂരുവിൽ വച്ച് ബോംബെ രൂപതയുടെ സഹായമെത്രാൻ മാർ ലോങ്ങിനസ് പെരേരയിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു.

തുടർന്ന് മറ്റക്കര പള്ളിയിൽ അസ്തേന്തി അച്ചനായും പാലാ സെന്റ് തോമസ് കോളേജിൽ ലക്ച്ചററായും കോളേജ് ബർസാർ, ഹോസ്റ്റൽ അസി. വാർഡൻ, ഹോസ്റ്റൽ വാർഡൻ എന്നീ നിലകളിലും അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. 1985 മുതൽ 2002 വരെ പാലക്കാട് രൂപതയിലെ വിവിധ പള്ളികളിൽ വികാരിയായി അച്ചൻ സേവനം ചെയ്തു. 2002 മുതൽ 2004 വരെ മാതൃ ഇടവകയായ മുളക്കുളം പള്ളിയിലും വികാരിയായി അച്ചൻ സേവനം ചെയ്തിട്ടുണ്ട്. പെരിയപ്പുറം പള്ളിയിൽനിന്ന് റിട്ടയറായി വിശ്രമജീവിതം ആരംഭിച്ച അച്ചൻ 2004 ൽ കരുണപുരം സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ആത്മീയപിതാവായും 2005 മുതൽ 2014 വരെ തിടനാട് ക്ലാര നഗറിൽ ചാപ്ലയിനായും സേവനം ചെയ്തു. 2014 മുതൽ മുട്ടുചിറ വിയാനി പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം ആരംഭിച്ച അച്ചൻ തുടർന്ന് 2023 മുതൽ ചേർപ്പുങ്കൽ കാസാ ദ ക്ലെറോയിൽ വിശ്രമജീവിതം നയിച്ചുവരവേ 2024 സെപ്റ്റംബർ 18-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ബഹുമാനപ്പെട്ട ജോസഫ് പുലവേലിൽ അച്ചന്റെ ഭൗതികശരീരം 2024 സെപ്റ്റംബർ 20-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് ഭവനത്തിലുള്ള ശുശ്രൂഷകൾക്കുശേഷം 2.30 ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെയും

ചിക്കാഗോ മുൻ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയാത്ത് പിതാവിന്റെയും പാലക്കാട് രുപതാധ്യക്ഷൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന്റെയും മുഖ്യ കാർമികത്വത്തിൽ വിശുദ്ധ കൂർബാനയ്ക്കും തുടർന്ന് മൃതസംസ്കാരശുശ്രൂഷ കൾക്കുംശേഷം പെരിയപ്പുറം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

മരിച്ചവരെ നിത്യതയിൽ ഉണർത്തിക്കുന്ന ദൈവം എന്റെ വിശ്വസ്തദാസനായ ബഹു. കുര്യൻ വെള്ളരിങ്ങാട്ടച്ചനെ ജീവന്റെ കിരീടം അണിയിക്കട്ടെ.



## സി. ഗ്രേയ്സ് മേരി എഫ്.സി.സി.

"*നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെ പ്പോലെ പ്രശോഭിക്കും*" (മത്താ.13: 43)

പാലാ രൂപതാ ഇളംതോട്ടം ഇടവകയിൽ, കുഴിഞ്ഞാ ലിൽ ഐസക്-റോസ ദമ്പതികളുടെ 9 മക്കളിൽ മൂത്തവളായ കെ.ഇ. മറിയം എന്ന മറിയാമ്മ 10-09-1929 ൽ ജനിച്ചു. 1951-ൽ ESLC പൂർത്തിയാക്കിയ മറിയാമ്മ ദൈവസ്വരത്തിന് ആമ്മേൻ പറഞ്ഞ് അവിടുത്തെമാത്രം സ്വന്തമായിത്തീരാനുള്ള അദമ്യമായ ആഗ്രഹത്താൻ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷനിൽ പ്രവേശിച്ചു. 28-05-1954 ൽ കണ്ണാ ടിയുറുമ്പ് മഠത്തിൽ നൊവിഷ്യറ്റ് പൂർത്തിയാക്കിയ അമ്മ അന്നേദിവസം പ്രഥമ വ്രതവും 28-05-1954 ൽ നിത്യവ്രതവും സ്വീകരിച്ചു. 1956 ൽ റ്റി.റ്റി.സി. പാസായ അമ്മ കണ്ണാടിയുറുമ്പ്, മണിയംകുന്ന്, മഞ്ഞാമറ്റം, കോതനല്ലൂർ എന്നീ സ്കൂളു കളിൽ അധ്യാപികയായും പാളയം സെന്റ് സേവ്യേഴ്സ് യു.പി. സ്കൂളിൽ പ്രഥമാധ്യാപികയായും സേവനം അനുഷ്ഠിച്ചു. 31-03-1985 ൽ അമ്മ തന്റെ പ്രിയ പ്പെട്ട അധ്യാപനരംഗത്തുനിന്നു വിരമിച്ചപ്പോൾ വളരെ വലിയ ശിഷ്യസമ്പത്തി നുടമയായിത്തീർന്നിരുന്നു. ഇന്നും ഗ്രെയ്സമ്മ ടീച്ചറിനെയും ടീച്ചറിന്റെ അധ്യാ പനമികവിനെയും മാധുര്യത്തോടെ അനുസ്മരിക്കുന്നവർ ഏറെയുണ്ട്.

അധ്യാപനരംഗത്തുനിന്നു വിരമിച്ചതിനുശേഷം പാളയം, രത്നഗിരി, അൽഫോൻസാ കോൺവെന്റ്, കണ്ണാടിയുറുമ്പ് എന്നീ മഠങ്ങളിൽ സുപ്പീരിയ റായും മരിയൻ സെന്റർ, ആശാനിലയം എന്നിവിടങ്ങളിൽ അസിസ്റ്റന്റ് സുപ്പീരി യർ, മെസ് മാനേജർ എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചു.

പ്രായാധിക്യത്താൽ അവശയായ അമ്മ കഴിഞ്ഞ ഒരു വർഷത്തോളമായി കിടപ്പിലായിരുന്നു. എങ്കിലും വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളുന്നതിനും ദിവ്യ കാരുണ്യനാഥനെ ഉള്ളിൽ സ്വീകരിക്കുന്നതിനും അമ്മ അതീവ താത്പര്യം കാണി ച്ചിരുന്നു. തന്റെ സ്വർഗീയ അപ്പച്ചന്റെ മടിയിലേക്കു പറന്നുയർന്ന സെപ്റ്റംബർ 1-ാം തീയതിയും അമ്മ വിശുദ്ധകുർബാന സ്വീകരിച്ചു. തുടർന്ന് പതിവിൽകൂടു തലായ ക്ഷീണവും അവശതയും അനുഭവപ്പെട്ടതിനാൽ മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. തുടർന്ന് തന്റെ സന്ന്യാസസഹോദരങ്ങളും ബന്ധുമി ത്രാദികളും പ്രാർത്ഥനാപൂർവം നോക്കിനിൽക്കേ അമ്മയുടെ പാവനാത്മാവു സ്വർഗത്തിലേക്ക് പറന്നുയർന്നു.

3-09-2024 രാവിലെ 9.00 മണിക്ക് വിശുദ്ധ കുർബാനയോടുകൂടി സംസ്കാരശുശ്രൂഷകൾ മഠം ചാപ്പലിൽ ആരംഭിച്ചു. അമ്മയുടെ ബന്ധുകൂടിയായ റവ. ഫാ. ജോസഫ് കുഴിഞ്ഞാലിൽ ദിവ്യബലിയർപ്പിക്കുകയും അമ്മയുടെ നന്മകളെയും സഭയ്ക്കും സമൂഹത്തിനും അമ്മ ചെയ്ത സേവനങ്ങളെയും ഓർക്കുകയും നന്ദി പറയുകയും ചെയ്തു.

കത്തീഡ്രൽ പള്ളിയിൽ നടന്ന സംസ്കാരശുശ്രൂഷകൾക്ക് പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് റവ.ഫാ. ജോസഫ് തടത്തിൽ കാർമികത്വം വഹിച്ചു. അമ്മയുടെ നിസ്തുല സേവനങ്ങൾക്ക് നന്ദിയർപ്പിച്ച് ചരമപ്രസംഗം നടത്തി. അതിനുശേഷം കുഴിഞ്ഞാലിൽ കുടുംബത്തിൽപ്പെട്ട വൈദികരുടെയും കത്തീഡ്രൽ ഇടവക വികാരി റവ.ഫാ. ജോസ് കാക്കല്ലിൽ, അസി. വികാരിയച്ചൻ, സഹോദരങ്ങൾ, ബന്ധുജനങ്ങൾ, സന്യാസസഹോദരങ്ങൾ, നാട്ടുകാർ എന്നിവരുടെയും സാന്നിധ്യത്തിൽ മൃതദേഹം പാലാ കത്തീഡ്രൽപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. നമ്മുടെ വിശ്വാസത്തിന്റെ നാഥനും അതിനെ പരിപൂർണതയിൽ എത്തിക്കുന്നവനുമായ ഈശോ ജീവന്റെ കിരീടം സിസ്റ്ററിനെ അണിയിക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.



## സി. ലീന ജോസ് ആലനോലിക്കൽ SH

പാലാ രൂപതയിൽ രാമപുരം ഇടവകയിൽ ആലനോലിക്കൽ കുടുംബത്തിൽ പരേതരായ ഔസേപ്പ് - ഏലി ദമ്പതികളുടെ ആറുമകളിൽ അഞ്ചാമത്തെ പുത്രിയായി 1934 ജനുവരി 30 ന് ലീന ജോസമ്മ ഭൂജാതയായി. മാമ്മോദീസായിൽ ലഭിച്ച പേര് കൊച്ചുത്രേസ്യ എന്നായിരുന്നു. കുട്ടി എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ത്രേസ്യക്കുട്ടി എസ് എസ്എൽസി പാസായശേഷം 1953 ൽ കുടക്കച്ചിറ സ്കൂളിൽ അധ്യാപികയായി ജോലിയിൽ പ്രവേശിക്കാൻ തിരുഹൃദയസന്ന്യാസിനികൾ ലീന ജോസമ്മയെ കുടക്കച്ചിറയിലേക്ക് ക്ഷണിച്ചു.

കുടക്കച്ചിറയിൽ അധ്യാപികയായി ജോലി നോക്കിവരവേ അവിടെയുള്ള തിരുഹൃദയസന്ന്യാസിനികളുടെ ജീവിതരീതി ലീന ജോസമ്മയെ വളരെയധികം ആകർഷിച്ചു. ഒത്തിരിയേറെ ബോധ്യങ്ങളാലും അനുഭവങ്ങളാലും സമ്പന്നമായ പരിശീലനകാലം പൂർത്തിയാക്കി ത്രേസ്യക്കുട്ടി ലീന ജോസ് എന്ന നാമം സ്വീകരിച്ച് 1955 മെയ് 22-ന് ആദ്യവ്രതവും 1958 മെയ് 22-ന് നിത്യവ്രതവും അനുഷ്ഠിച്ച് ഈശോയുടെ ഹൃദയത്തിന്റെ സ്വന്തമായിത്തീർന്നു. കുടക്കച്ചിറ, ചേറ്റുതോട് ഏഴാച്ചേരി, നരിയങ്ങാനം, വെള്ളിയാമറ്റം, ബാംഗ്ലൂർ സജീവന, രാമപുരം, മൂലമറ്റം, മേലുകാവ്, ഇടമറുക്, പൂവരണി എന്നീ ഭവനങ്ങളിൽ ആയിരുന്നുകൊണ്ട് 69 വർഷം ആനന്ദത്തോടെ ലീന ജോസമ്മ തന്റെ സന്ന്യാസജീവിതം നയിച്ചു. ഒരു അധ്യാപികയാകാനുള്ള സർവ്വശേഷികളും ഈ ജൂനിയർ സിസ്റ്ററിൽ ഉണ്ടെന്ന് തിരിച്ചറിഞ്ഞ അധികാരികൾ ലീന ജോസമ്മയെ അധ്യാപനരംഗത്തേക്കു കൈപിടിച്ചുയർത്തി. പാലാ സെന്റ് തോമസ് ടീച്ചേഴ്സ് ട്രെയിനിങ് സ്കൂളിൽനിന്ന് TTC പാസായ ലീന ജോസമ്മ 34 വർഷം അധ്യാപനരംഗത്ത് പ്രശോഭിച്ചു.

33 വർഷത്തെ അധ്യാപനത്തിൽ 27 വർഷക്കാലം പ്രധാന അധ്യാപികയായി കുടക്കച്ചിറ ചേറ്റുതോട്, ഏഴാച്ചേരി എന്നീ സ്കൂളുകളിൽ ശുശ്രൂഷ ചെയ്തു. ശാന്തതയും കരുണയുമുള്ള മുഖഭാവം ലീന ജോസമ്മയെ എല്ലാവർക്കും പ്രിയപ്പെട്ടവളാക്കി. ലീന ജോസമ്മ ടീച്ചർ എന്ന് പറഞ്ഞാൽ ഇന്നും ശിഷ്യഗണങ്ങളുടെ മുഖത്ത് അഭിമാനത്തിന്റെ നിറവും അനുഭവിച്ച സ്നേഹ ത്തിന്റെ നന്ദിയും നമുക്കു കാണാൻ സാധിക്കും. ഏഴാച്ചേരി സെന്റ് ജോസഫ് എൽ.പി. സ്കൂളിൽനിന്ന് 1989 മാർച്ച് 31 ന് റിട്ടയർ ചെയ്ത് ലീന ജോസമ്മ വീണ്ടും പ്രേഷിതരംഗങ്ങളിൽ ഉണർവോടെ വർത്തിച്ചു.

നാല്പതുവർഷം മതാധ്യാപികയായി, മാതൃജ്യോതിയിൽ വൈസ് ഡയറക്ടറായി, പ്രയർ ഗ്രൂപ്പ് ലീഡറായി, ലീജിയൺ ഓഫ് മേരിയുടെ സെക്രട്ടറിയായി ഇങ്ങനെ വിവിധ പ്രേക്ഷിതരംഗങ്ങളിലൂടെ ഉള്ളിൽ ജ്വലിച്ചിരുന്ന തീക്ഷ്ണതയിൽ കണ്ടുമുട്ടിയവരെ എല്ലാം ഉണർത്തി. 11.1.2016 ഇടമറുക് മഠത്തിൽനിന്ന് കൂടുതൽ സൗകര്യാർത്ഥം പൂവരണി മഠത്തിലേക്ക് ലീന ജോസമ്മ ട്രാൻസ്ഫറായി. ക്ഷീണങ്ങളും അസ്വസ്ഥതകളും ചെറിയ തോതിൽ അമ്മയ്ക്ക് അനുഭവപ്പെട്ടിരുന്നു എങ്കിലും മഠത്തിലെ എല്ലാ ക്രമങ്ങളിലും അമ്മ ഇഷ്ടത്തോടെ പങ്കുചേർന്നു. അധികാരികളോടും സഹോദരങ്ങളോടും സ്വരച്ചേർച്ചയോടെ നീങ്ങി. സന്ന്യാസഭവനങ്ങളിൽ ഏറ്റവും കൃത്യമായി, പൂജ്യമായി വിൽക്കപ്പെടേണ്ടത് സ്നേഹമാണ് എന്ന് ഡയറിയിൽ കുറിച്ചിട്ടിരുന്ന് അമ്മ സ്നേഹവ്യാപാരത്തിൽ ഒന്ന് കോറിന്തോസ് 13 അധ്യായവും ചേർത്തുപിടിച്ച് മുഴുകിയിരുന്നു. കഴിഞ്ഞ രണ്ടു വർഷമായി നടക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടു കയും പള്ളിയിൽ പോകാൻ സാധിക്കാതെ വരികയും ചെയ്തു. അപ്പോഴും ദൈവ ഹിതത്തിനു കീഴടങ്ങി സാധ്യമായ വിധത്തിൽ എല്ലാം വിശുദ്ധ കുർബാനയ്ക്കു പങ്കുചേർന്നിരുന്നു. 12.9.2024 കാലിന് നീരും വേദനയും അനുഭവപ്പെട്ടിരുന്നതിനാൽ മാർ സ്ലീവാ മെഡിസിറ്റിയിൽ അഡ്മിറ്റായി. വിദഗ്ധപരിശോധനയ്ക്കു വിധേയ യായി. കാലിലെ രക്തക്കുഴലുകൾക്ക് ബ്ലോക്ക് ഉണ്ടെന്ന് കണ്ടെത്തി വേണ്ട ചികിത്സകൾ എടുത്തു. 17.9.2024 ൽ മെഡിസിറ്റിയിൽനിന്ന് ഡിസ്ചാർജ് ആയി. പൂവരണി മഠത്തിൽ എത്തി. അന്ന് രാത്രിയിൽ കുളികഴിഞ്ഞ് ഇറങ്ങിയപ്പോൾ അമ്മ വീഴാൻ ഇടയായി. ഉടൻ ആശുപത്രിയിൽ എത്തിച്ചു. സാരമായി പരിക്കുകൾ ഒന്നുമില്ലായിരുന്നു. എങ്കിലും അല്പാല്പമായ അനുഭവപ്പെട്ട ശരീരവേദനമൂലം ചക്കാമ്പുഴ എസ്.എച്ച്. ഹോസ്പിറ്റലിൽ അമ്മ അഡ്മിറ്റായി. 21.9.2024 ശനിയാഴ്ച വിശുദ്ധ കുർബാനയിൽ പങ്കുചേർന്ന് പ്രഭാതഭക്ഷണവും കഴിച്ച് വിശ്രമിക്കാനായി കിടക്കവേ ശ്വാസതടസ്സം അനുഭവപ്പെടുകയും ഉടൻതന്നെ ഡോക്ടർ വന്നു വേണ്ട ശുശ്രൂഷകൾ നൽകുകയും ചെയ്തു. ഈ ലോകത്തിലെ തന്റെ ജീവിതത്തിന്റെ അവസാനനിമിഷം ആയിരുന്നു അത്. നിത്യതയ്ക്കുവേണ്ടി ആത്മീയമായി മാന സികമായും ശാരീരികമായും ഒരുങ്ങിയിരുന്ന ലീനാ ജോസമ്മ 8.15 am ന് നിത്യത യിലേക്ക് പറന്നുയർന്നു.

22/9/2024 ഞായർ 3 pm ന് രാമപുരം മഠം ചാപ്പലിൽ വിശുദ്ധ കുർ ബാനയോടെ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. പാലാ രൂപത പ്രോട്ടോ

സിഞ്ചെല്ലൂസ് പെരിയ ബഹുമാനപ്പെട്ട ജോസഫ് തടത്തിലച്ചന്റെ പ്രധാന കാർമികത്വത്തിൽ മൃതദേഹം രാമപുരം ഫൊറോനപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



## സി. മേരി പേഷ്യൻസ് സി.എം.സി.

തൃശൂർ അതിരൂപതയിലെ പാവർട്ടി ഇടവകയിൽ കുഞ്ഞുവറീത് - കുഞ്ഞന്നമ്മ ദമ്പതികളുടെ ഏഴാമത്തെ മകളായി 28/7/1923ന് ജനിച്ചു. മാമ്മോദീസായിൽ മാർഗരറ്റ് എന്ന പേര് നൽകപ്പെട്ടു. വിദ്യാഭ്യാസാനന്തരം 1980-ൽ രാമപുരം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1952 മെയ് 3-ാം തീയതി ആദ്യവ്രതവും 1950 മെയ് 30-ാം തീയതി നിത്യവ്രതവും അനുഷ്ഠിച്ചു. 2000 മെയ് മാസത്തിൽ വ്രതാനുഷ്ഠാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുവാനും അമ്മയ്ക്ക് ഭാഗ്യം ലഭിച്ചു.

അമ്മയുടെ പ്രധാന പ്രേഷിതരംഗമായിരുന്ന അദ്ധ്യാപനരംഗത്ത് ആയിരുന്നപ്പോൾ ബന്ധപ്പെട്ട എല്ലാവരിലും ആത്മീയചൈതന്യം പകർന്നു നൽകുന്നതിനായി സ്കൂൾ വാർഷികത്തിന് വിശുദ്ധരുടെ ചരിത്രങ്ങളൊ, ബൈബിൾരംഗങ്ങളെ അവതരിപ്പിക്കണമെന്ന് അമ്മയ്ക്ക് നിർബന്ധമായിരുന്നു. സ്കൂളിന്റെ ആരംഭകാലത്തുണ്ടായിരുന്ന സാമ്പത്തികപരാധീനതകളാൽ, കുട്ടികളെകൊണ്ട് ബാലേ, നാടകങ്ങൾ തുടങ്ങിയവ അത്യാകർഷകമായി അവതരിപ്പിക്കുകയും ഓരോ കഥാപാത്രത്തിനും ആവശ്യമായ വസ്ത്രങ്ങൾ സ്വയം നിർമ്മിക്കുകയും ചെയ്ത് സ്കൂളിന്റെ നടത്തിപ്പിനാവശ്യമായ പണം കണ്ടെത്തി. അദ്ധ്യാപനത്തോടൊപ്പം ബോർഡിംഗ് മിസ്ട്രസ്സിന്റെ ചുമതലയും നിർവഹിച്ചു. അദ്ധ്യാപികയായിരിക്കേ 1972 ൽ ഹോമിയോ മെഡിസിൻ പ്രൈവറ്റായി പഠിച്ച് പാസായി. പാവപ്പെട്ട കുട്ടികൾക്കും മുതിർന്നവർക്കും ചികിത്സയും നൽകി ഛാന്ദാ മിഷനിലും ജഗദൽപൂർ മിഷനിലും പ്രധാനാദ്ധ്യാപികയായും വില്ലേജ് വിസിറ്റർ ആയും സേവനം ചെയ്തു. മൂന്നര വർഷത്തെ മിഷൻ അനുഭവം, പാവങ്ങളോടും പാർശ്വവത്കരിക്കപ്പെട്ടവരോടുമുള്ള ദീനാനുകമ്പയും അവർക്കുവേണ്ടി എന്തെങ്കിലും ചെയ്തേ മതിയാകൂ എന്ന അത്യുത്കടമായ ദാഹവും അമ്മയിൽ ഉളവാക്കി. അവധിദിവസങ്ങളിൽ കോളനികൾ സന്ദർശിച്ച് മുതിർന്നവർക്ക് ക്ലാസും കൗൺസിലിംഗും നൽകുകയും രോഗികൾക്കു ഹോമിയോ മരുന്ന് നൽകുകയും ചെയ്തു. വാ. കുഞ്ഞച്ചൻ കിടപ്പിലായപ്പോൾ അച്ചൻ ചെയ്തിരുന്ന ജോലികളിൽ സഹായിക്കാൻ അമ്മയ്ക്കു ഭാഗ്യം ലഭിച്ചു. 1978-79 ൽ ലളിതജീവിതം അഭ്യസിക്കുവാൻ കടുത്തുരുത്തിയിൽ മാവടി എന്ന സ്ഥലത്ത് മറ്റ് രണ്ട് സിസ്റ്റേഴ്സിനോടൊപ്പം ഒരു ചെറിയ വീട്ടിൽ താമസിച്ച് പാവങ്ങളുടെ ഇടയിൽ ശുശ്രൂഷ ചെയ്തു.

1981-ൽ വോളന്ററി റിട്ടയർമെന്റെ എടുത്ത് ഫുൾടൈം സോഷ്യൽ വർക്കറായി മാറി. വെള്ളമില്ലാതെ ബുദ്ധിമുട്ടിയിരുന്നവർക്ക് അമ്മ കിണറിനു സ്ഥലം കണ്ടെത്തി കൊടുക്കുകയും അവർക്ക് ജലം ലഭിക്കുകയും ചെയ്തു. പാവങ്ങളുടെയും ഹരിജനങ്ങളുടെയും സമുദ്ധാരണത്തിനായി സ്വജീവിതം

സമർപ്പിച്ച അമ്മ മാതൃ-ശിശു-ക്ഷേമപദ്ധതി ആരംഭിച്ച് തയ്യൽപരിശീലനവും പാവപ്പെട്ട പെൺകുട്ടികൾക്ക് ജോലിക്ക് അവസരവും നൽകി.

ക്ഷീണിതയായി കാർമൽ മെഡിക്കൽ സെന്ററിൽ ആയിരുന്ന അമ്മ 20/09/2024 ന് മഠത്തിൽ തിരിച്ചെത്തി. അന്നു വൈകുന്നേരം ക്ഷീണം വർദ്ധിച്ച് സിസ്റ്റേഴ്സിന്റെ പ്രാർത്ഥനാമധ്യേ അമ്മയുടെ പാവനാത്മാവ് ശാന്തമായി സ്വർഗ്ഗീയ സന്നിധിയിലേക്ക് യാത്രയായി. 21/09/2014 –ന് ബഹു ജോർജ് പറമ്പിൽത്തടത്തിൽ അച്ചന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിച്ച ദിവ്യബലിയോടെ മൃതസംസ്കാര ശുശ്രൂഷകൾ മഠം ചാപ്പലിൽ ആരംഭിച്ചു. തുടർന്ന് പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിലച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതദേഹം രാമപുരം ഫൊറോനപള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## SEPTEMBER 2024

| | | |
|---|---|---|
| 03 | 09.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.30 pm | പാദുവാ ഇടവകയിൽ ബഹുമാനപ്പെട്ട ജോസഫ് കടുപ്പിലച്ചന്റെ പ്രിയ പിതാവ് ശ്രീ കെ.സി. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിൽ മുഖ്യ കാർമികത്വം വഹിച്ചു. |
| 04 | 03.00 pm | പാലാ ഹോം പ്രൊജക്ടിന്റെ ഭാഗമായി മുട്ടുചിറ ഇടവകയിൽ നിർമ്മിച്ച നാലു വീടുകളുടെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചു. |
| 05 | 10.30 am | അരുവിത്തുറ സെന്റ് ജോർജ് കോളേജിന്റെ റൂബി ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം നടത്തി. |
| | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 06 | 10.00 am | ചുണ്ടച്ചേരി ഹോട്ടൽ മാനേജ്മെന്റ് കോളേജിൽവച്ചു നടന്ന ഇന്റർനാഷണൽ കോൺഫ്രൻസ് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| | 05.00 pm | ചങ്ങനാശ്ശേരി ആർച്ചുബിഷപ്സ് ഹൗസിൽ വച്ചു നടന്ന മീറ്റിങ്ങിൽ പങ്കെടുത്തു. |
| 07 | 10.30 am | പെരിങ്ങുളം ഇടവകയിൽ ജോസഫ് വരകുകാലായുടെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.45 am | ഏന്തയാർ ഇടവകയിൽ പാലാ ഹോം പ്രോജക്ടിന്റെ ഭാഗമായി എസ്.എം.വൈ.എംന്റെ നേതൃത്വത്തിൽ പണിത ഭവനത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. |
| 08 | 10.30 am | കുറവിലങ്ങാട് പള്ളിയിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |

| | | |
|---|---|---|
| 09 | 04.30 pm | ഉദയഗിരി ഇടവകയിൽ പാലാ ഹോം പ്രോജക്ടിന്റെ ഭാഗമായി നിർമിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. |
| 10 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 11 | 02.30 pm | പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി പാലാ ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ വച്ചു നടത്തിയ പള്ളിശുശ്രൂഷകരുടെയും ജീവനക്കാരുടെയും മീറ്റിങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി. |
| 12 | 04.00 pm | കൂത്താട്ടുകുളം ഇടവകയിൽ പാലാ ഹോം പ്രോജക്ടിന്റെ ഭാഗമായി നിർമിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. |
| 13 | 06.30 am | മെഡിസിറ്റിയുടെ ആറാം വാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 14 | 10.30 am | എം.എസ്.റ്റി. ദീപ്തി ഭവൻ ജനറലേറ്റിൽ ബഹുമാനപ്പെട്ട ഈറ്റയ്ക്കക്കുന്നേലച്ചന്റെ അമ്പതാം ചരമവാർഷികത്തോടനുബന്ധിച്ച് നടന്ന മീറ്റിംഗിൽ പങ്കെടുത്ത് അനുസ്മരണപ്രഭാഷണം നടത്തി. |
| | 02.00 pm | ളാലം പുത്തൻപള്ളി ഇടവകയിലെ ബഹുമാനപ്പെട്ട ചെറിയാൻ വെള്ളരിങ്ങാട്ടച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ പള്ളിയിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 04.30 pm | രത്നഗിരി ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 16 | 08.30 am | ഫാത്തിമാപുരം ഇടവകയിൽ പുതുതായി നിർമ്മിക്കാൻ പോകുന്ന വൈദികമന്ദിരത്തിന്റെ കല്ലിടീൽ കർമം നിർവഹിച്ചു. |
| | 03.00 pm | ബിഷപ്സ് ഹൗസിൽ നടന്ന എൻ.സി.എഫ്. മീറ്റിങ്ങിൽ പങ്കെടുത്തു. |
| 17 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | ചങ്ങനാശ്ശേരി ബിഷപ്സ് ഹൗസിൽ ദീപിക മീറ്റിങ്ങിൽ പങ്കെടുത്തു. |
| 18 | 11.00 am | കുറവിലങ്ങാട് ഇടവകയിൽ ശ്രീ സൈമൺ മാപ്പിളപറമ്പിലിന്റെ ഭവനത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. |

| | | |
|---|---|---|
| | 12.00 pm | ഡി.സി.എം.എസ്. ന്റെ നേതൃത്വത്തിൽ കൂടിയ സെമിനാറിൽ പങ്കെടുത്ത് സന്ദേശം നൽകി. സ്കോളർഷിപ്പ് വിതരണം ചെയ്തു. |
| | 03.00 pm | മറ്റക്കര ഇടവകയിൽ മറിയക്കുട്ടി പരക്കാട്ടിന്റെ മൃത സംസ്കാരശുശ്രൂയിൽ പള്ളിയിലെ കർമ്മങ്ങളിൽ കാർമികത്വം വഹിച്ചു. |
| 19 | 10.30 am | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന പ്രസ്ബിറ്ററൽ കൗൺസിൽ പങ്കെടുത്തു സന്ദേശം നൽകി. |
| | 04.00 pm | വയലാ ഇടവകയിൽ ബഹുമാനപ്പെട്ട ജോയി ചാർത്താംകണ്ടത്തിലച്ചന്റെ സംസ്കാരശുശ്രൂഷയുടെ മൂന്നാംഭാഗത്തിനു മുഖ്യകാർമികത്വം വഹിച്ചു. |
| | 05.30 pm | മണ്ണയ്ക്കനാട് എൽ.എ.ആർ സന്ന്യാസിനീസമൂഹത്തിന്റെ 75–ാമത് ജൂബിലി മീറ്റിങ്ങിൽ പങ്കെടുത്തു സന്ദേശം നൽകി. |
| 20 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.30 pm | പെരിയപ്പുറം ഇടവകയിൽ ബഹുമാനപ്പെട്ട ജോസ് പുലവേലിയച്ചന്റെ സംസ്കാരശുശ്രൂഷകൾക്ക് മുഖ്യ കാർമികത്വം വഹിച്ചു. |
| 21 | 11.30 am | കൂടല്ലൂർ ഇടവകയിൽ പരിയാത്ത് ചാക്കോ ചേട്ടന്റെ നൂറാം ജന്മദിനാഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. |
| | 04.30 pm | ളാലം പുത്തൻപള്ളി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 22 | | ളാലം പുത്തൻപള്ളി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 24 | 02.00 pm | ബിഷപ്സ് ഹൗസിൽ ശ്രീ ശശി തരൂരുമായി കൂടിക്കാഴ്ച നടത്തി. |
| | 02.30 pm | അൽഫോൻസ കോളേജിൽ ജോസഫ് പുലവേലിയച്ചന്റെ അനുസ്മരണാർത്ഥം നടത്തിയ പ്രസംഗ പരമ്പരയിൽ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തു. |
| | 04.30 pm | അരുണാപുരത്ത് ഡി.സി.എം.എസ്. അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| 25 | 09.30 am | തിരുവല്ല സെന്റ് ജെയിംസ് കത്തീഡ്രലിൽവച്ചു നടന്ന നിലയ്ക്കൽ എക്യുമെനിക്കൽ സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. |
| | 02.30 pm | പാസ്റ്ററൽ കൗൺസിൽ സന്ദേശം നൽകി. |
| 26 | 08.15 am | കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. |
| | 11.00 am | സെന്റ് തോമസ് കോളജിന്റെ ഗവേർണിംഗ് ബോഡി മീറ്റിങ്ങിൽ പങ്കെടുത്തു. |
| 27 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ പങ്കെടുത്തു സന്ദേശം നൽകി. |
| 28 | 10.00 am | ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ചു നടന്ന വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ പഞ്ചക്ഷതത്തിന്റെ 800-ാം വാർഷികത്തോടനുബന്ധിച്ച് അനുസ്മരണയോഗത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. |
| | 11.30 am | മെഡിസിറ്റിയിൽ കാർഡിയോളജി വിഭാഗത്തിലെ മീറ്റിങ്ങിൽ പങ്കെടുത്തു സന്ദേശം നൽകി. |
| | 02.30 pm | ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളേജിന്റെ ഗവേർണിംഗ് ബോഡി മീറ്റിങ്ങിൽ പങ്കെടുത്തു. |
| 30 | 03.00 pm | അൽഫോൻസിയൻ പാസ്റ്ററിൽ വച്ച് മേജർ അസംബ്ലിയുടെ വിവിധ കമ്മിറ്റികളുടെ അവലോകനത്തിൽ പങ്കെടുത്തു. |

## പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ച് നടത്തപ്പെടുന്ന Liturgical Quiz :

# ഉഹ്ദാന







**ഇടയനടുത്ത സന്ദർശനത്തിൽനിന്ന് ളാലം പുത്തൻപള്ളി ഇടവക**











ഇടയനടുത്ത സന്ദർശനത്തിൽനിന്ന് ഓലം പുത്തൻപള്ളി ഇടവക



2024
OCTOBER

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

പ്ലാറ്റിനം ജൂബിലി നിറവിൽ

75

PLATINUM JUBILEE
EPARCHY OF PALAI
1950 - 2025

പാലാ രൂപത

*Printed at St.Thomas Press, Palai and Published by Fr. Mani Kozhuppankutty*